# താമരമൊട്ടുകൾ

വാല്യം 24 | ജൂൺ 2022 | ലക്കം 06 | Price ₹20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ ജൂൺ 2022 ലക്കം 06

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ
അങ്ങ് എന്റെ രക്ഷയായിരിക്കണമേ"



37-ാമത് രൂപതാദിനാഘോഷങ്ങളിൽനിന്ന്









രൂപതാദിനാഘോഷവേളയിൽ ആദരിക്കപ്പെട്ടവർ





**താമരശ്ശേരി രൂപതയുടെ നവാഭിഷിക്തന്**
**പ്രാർത്ഥനാശംസകൾ...**

ഫാ. സെബാസ്റ്റ്യൻ മറ്റപ്പള്ളിൽ
ചെമ്പുകടവ്
07.05.2022


സ്വർഗ്ഗീയ യാത്രയുടെ 28-ാം വർഷം
11.06.1994
മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി
(താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 384 |
| 2. | പ്രോഗ്രാം ജൂൺ 2022 | 387 |
| 3. | സർക്കുലർ 10/2022 | 388 |
| 4. | കേരള സഭാ നവീകരണം സർക്കുലർ | 389 |
| 5. | സർക്കുലർ 11/2022 | 395 |
| 6. | ലോകമാധ്യമദിന സന്ദേശം | 397 |
| 7. | സർക്കുലർ 09/2022 | 403 |
| 8. | കച്ചേരിക്കാര്യം | 407 |
| 9. | മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ വചനസന്ദേശം | 415 |
| 10. | വിശ്വാസപരിശീലനം | 421 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 429 |
| 12. | തിരുബാലസഖ്യം | 432 |
| 13. | ലിറ്റർജി കമ്മീഷൻ | 433 |
| 14. | വിദ്യാഭ്യാസരംഗം | 434 |
| 15. | വിശുദ്ധനാട്ടിലേക്ക് തീർത്ഥാടനം | 436 |
| 16. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 436 |
| 17. | സ്റ്റാർട്ട് | 437 |
| 18. | കെസിവൈഎം - എസ്എംവൈഎം | 439 |
| 19. | മാതൃവേദി | 445 |
| 20. | ആദരാഞ്ജലികൾ | 456 |
| 21. | കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ | 457 |
| 22. | കരിസ്മാറ്റിക് മൂവ്മെന്റ് | 459 |
| 23. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 460 |
| 24. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 463 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 463 |
| 26. | വികസനവേദി | 465 |
| 27. | യേശുനിധി | 467 |
| 28. | അജപാലനക്കുറിപ്പുകൾ | 468 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| ,, | Pannikottu Augustine | ,, | 6 |
| ,, | Madathikunnel Varghese | ,, | 11 |
| ,, | Maliyeckal Joseph | ,, | 13 |
| ,, | Pulickal Sibi Kurian | ,, | 14 |
| ,, | Koonanickal Joseph | ,, | 14 |
| ,, | Thekkumkattil Joseph | ,, | 15 |
| ,, | Valiaparambil Devasia | ,, | 17 |
| ,, | Mavely Mathew | ,, | 19 |
| ,, | Thuravackal Augustine | ,, | 19 |
| ,, | Chakkummoottil Philip | ,, | 21 |
| ,, | Kocheelath Abraham | ,, | 28 |
| ,, | Nirappel Mathew | ,, | 28 |
| ,, | Vattottutharappel Thomas | ,, | 29 |
| ,, | Thakidiyil Mathew | ,, | 30 |
| ,, | Vadakkel Joseph | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Pottananickal Ephrem | June | 9 |
| Chennikkara Antony | | 13 |
| Karikunnel Antony | | 13 |
| Kozhuvanal Antony | | 13 |
| Purayidam Antony | | 13 |
| Varakil Antony | | 13 |
| Nandalath Johnson | | 24 |
| Kizhakkekunnel Simon | | 29 |
| Poovathinkal Paul | | 29 |
| Puthenpura Paul | | 29 |
| Vallopilly Simon | | 29 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജൂൺ 2022

| | | |
|---|---|---|
| 01 | ബുധൻ | വി. ജസ്റ്റിൻ |
| 05 | ഞായർ | **പന്തക്കുസ്താത്തിരുനാൾ** |
| 08 | ബുധൻ | വാ. മറിയം ത്രേസ്യ |
| 09 | വ്യാഴം | മാർ അപ്രേം |
| 10 | വെള്ളി | സ്വർണവെള്ളി |
| 11 | ശനി | ബർണബാസ് ശ്ലീഹ |
| | | **ബിഷപ് മങ്കുഴിക്കരി ഓർമ്മദിനം** |
| | | **ചരമദിനം : ഫാ. ജോസഫ് അരഞ്ഞാണിപ്പുത്തൻപുര** |
| 12 | ഞായർ | **പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ** |
| 13 | തിങ്കൾ | വി. അന്തോണീസ് |
| 16 | വ്യാഴം | **പരിശുദ്ധ കുർബാനയുടെ തിരുനാൾ** |
| 19 | ശനി | **ചരമദിനം: ഫാ. പോൾ മൂശാരിയേട്ട്** |
| 21 | തിങ്കൾ | **ചരമദിനം: ഫാ. ജോസഫ് അടിപുഴ** |
| 22 | ചൊവ്വ | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 24 | വെള്ളി | **ഈശോയുടെ തിരുഹൃദയത്തിരുനാൾ** |
| | | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| | | **ചരമദിനം: മോൺ. സി. ജെ. വർക്കി കുഴിക്കുളം** |
| 25 | ശനി | **മാതാവിന്റെ വിമലഹൃദയം** |
| 29 | ബുധൻ | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ |

*സർക്കുലർ 10/2022*

# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാ സ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 28-ാം ചരമവാർഷികം ജൂൺ 11 ന് ആണല്ലോ. രൂപതയുടെ തുടക്കം മുതൽ ദീർഘ വീക്ഷണത്തോടെ നേതൃത്വം നല്കുകയും തീഷ്ണതയോടെ രൂപതയെ നയിക്കുകയും ചെയ്ത് 1994 ജൂൺ 11 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പിതാവിനെ ദൈവതിരുമുമ്പിൽ അനുസ്മരിക്കാനും പ്രാർത്ഥിക്കുവാനും ഈയവസരം പ്രയോജനപ്പെടുത്താം.

നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കുന്ന സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ജൂൺ 11 ന് മാർ മങ്കുഴിക്കരി അനുസ്മരണ ദിനമായി ആചരിക്കണം. മുൻകൂട്ടി പള്ളിയിൽ ദൈവജനത്തെ വിവരം അറിയിക്കുകയും അന്നേദിവസം പള്ളിച്ചിലവിൽ വി. കുർബാനയും ഒപ്പീസും നടത്തുകയും ചെയ്യണം. കഴിയുന്നത്ര ആളുകൾ അന്നേദിവസത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കു മല്ലോ.

രൂപതാതലത്തിൽ ജൂൺ 11 ന് രാവിലെ 10 മണിക്ക് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയും അനുസ്മരണപ്രാർത്ഥനയും ഉണ്ടാ യിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും മറ്റു വിശ്വാസി കളും ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2022 ജൂൺ 5-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# കേരള സഭാനവീകരണം 2022-2025 കെസിബിസി പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

നമ്മൾ ഇന്ന് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും ഈ തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരുസാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിക്കുന്നത്. ഇതിന്റെ ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആയിരിക്കും. 2025 ജൂൺ 8 പെന്തക്കുസ്താത്തിരു

നാൾവരെയാണ് നവീകരണകാലഘട്ടം.

### അനിവാര്യമായ നവീകരണം

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

### കേരളസഭാ നവീകരണ മേഖലകൾ

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

#### 1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

#### 2. പ്രാർത്ഥനാജീവിതം

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ

നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതികസുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപ

തിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലി യിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാ

ലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണനന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26-ാംതീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീ

കരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതു രൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണ കാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

NB: ഈ സർക്കുലർ 2022 ജൂൺ 5 ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും  വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടു ക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 11/2022*

# വൈദികരുടെ വാർഷികധ്യാനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി ജൂലൈ 3 മുതൽ 8 വരെയും 10 മുതൽ 15 വരെയും ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുകയാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവാണ് ഈ വർഷം ധ്യാനം നയിക്കുന്നത്. ധ്യാനഗുരുവിനെയും രൂപതയിലെ മുഴുവൻ വൈദികരെയും നമുക്ക് പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം.

പൗരോഹിത്യവും പൗരോഹിത്യശുശ്രൂഷകളും സഭയുടെ അവിഭാജ്യഘടകങ്ങളാണ്. ദൈവവചനത്തിന്റെ അധ്യാപകനും കൂദാശകളുടെ ശുശ്രൂഷകനും തനിക്കു ഭരമേല്പിക്കപ്പെട്ട ക്രൈസ്തവസമൂഹത്തിന്റെ നേതാവുമാണ് പുരോഹിതൻ. കൃപാവരത്തിന്റെ നീർച്ചാലുകളായ കൂദാശകളിലൂടെ ക്രൈസ്തവജീവിതത്തെ ഫലദായകമാക്കുകയും, വചനവ്യാഖ്യാനത്തിലൂടെ ഈശോയുടെ രക്ഷാകരസാന്നിധ്യം പ്രദാനം ചെയ്യുകയും, ക്രിസ്തുവിന്റെ മണവാട്ടിയായ സഭയിൽ ദൈവജനത്തെ പ്രത്യാശയോടെ സ്വർഗീയജെറുസലേത്തേക്ക് നയിക്കുകയും ചെയ്യുക എന്ന വലിയ ദൗത്യമാണ് പുരോഹിതൻ ഏറ്റെടുത്തിരിക്കുന്നത്. അജഗണത്തിനായി ആത്മാർപ്പണം ചെയ്ത അനേകം വൈദികജീവിതങ്ങൾ മലബാറിന്റെ കുടിയേറ്റ ചരിത്ര താളുകളിൽ ഇടംപിടിച്ചിട്ടുണ്ട്. നാടിന്റെ വികസനത്തിനും ഏല്പിക്കപ്പെട്ട സമൂഹത്തിന്റെ വളർച്ചയ്ക്കുമായി അക ... ത്നിച്ച വൈദികർ അരക്ഷിതസമൂഹത്തിന്റെ ആത്മാവിൽ പ്ര ... പൊൻവെളിച്ചം നിറച്ചു. ഇന്നും സഭയിലും സമൂഹത്തിലും വൈദിക ... വലിയ പ്രാധാന്യമാണുള്ളത്. വൈദികനുവേണ്ടി പ്രാർത്ഥിക്കുക ... പ്രവർത്തിക്കുകയും വൈദിക ദൈവവിളിയെ പ്രോത്സാഹിപ്പിക്കുക ... അത്മായ സഹോദരങ്ങളെ ഇവിടെ നന്ദിയോടെ സ്മരിക്കട്ടെ.



നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രീവിധ ... നിർവഹിക്കുന്ന പുരോഹിതൻ സ്വയം വിശുദ്ധീകരിക്കപ്പെടേണ്ടതു ... വി. ഗ്രിഗറി മാർപാപ്പ തന്റെ വൈദികർക്കു നല്കിയ ആഹ്വാനം ... ക്തമാണ്. "അജപാലകൻ ചിന്തയിൽ നിർമ്മലനും പ്രവർത്തികളിൽ ... നിശ്ബദതയിൽ വിവേകിയും, വാക്കുകളിൽ ഉപകാരപ്രദനുമായിരിക്കണം. അയാൾ ബാഹ്യപ്രവർത്തനങ്ങളിലൂടെ ആന്തരികജീവിതത്തെ അവഗണിക്കുകയോ, ആന്തരിക നന്മയ്ക്കുവേണ്ടി ഏകാന്തതയിലൂടെ ബാഹ്യാവശ്യങ്ങളുടെ നിർവഹണം ഉപേക്ഷിക്കുകയോ പാടില്ല". ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികന് തന്റെ ശുശ്രൂഷകൾ വിജയിപ്പിക്കുവാൻ അവിടുത്തോടുള്ള ഗാഢ

മായ ഐക്യവും ജീവിതവിശുദ്ധിയും ആവശ്യമാണ്. അപ്പോൾ മാത്രമാണ് വി. പൗലോസ് ശ്ലീഹായെപ്പോലെ "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2:20) എന്നു പറയാനാവുന്നത്.

ഭൗതികതയും ലൗകായികതയും സമൂഹ മനസ്സാക്ഷിയെ തകർത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ആയിരിക്കുന്നത്. അനേകം ജോലികളുടെയും മറ്റു ഭൗതികപ്രവർത്തനങ്ങളുടെയും നടുവിൽ വൈദികജീവിതത്തിന്റെ ആദ്ധ്യാത്മികമാനം വിസ്മരിച്ചു കളയുവാനുള്ള സാധ്യത ഏറെയാണ്. വി. പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ 'ഞാൻ ഓടുന്നതും ഓടിയതും വ്യർത്ഥമാകാതിരിക്കാനും' (ഗലാ. 2:2) കർത്തവ്യബാഹുല്യങ്ങൾക്കിടയിലും കർത്തൃസന്നിധിയിൽ ആയിരിക്കാനും ഓരോ പുരോഹിതനും സമയം കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ, രൂപതയിലെ വൈദികർ കൂട്ടായ്മയിൽ, പ്രാർത്ഥനയിൽ ഒന്നുചേരുന്ന വാർഷികധ്യാനം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

ഈ അവസരത്തിൽ രൂപതയിലെ ദൈവജനം മുഴുവൻ വൈദികർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ അഭിപ്രായത്തിൽ പൗരോഹിത്യം 'ഈശോയുടെ ഹൃദയത്തിന്റെ സ്നേഹമാണ്'. ഓരോ പുരോഹിതനും സ്നേഹിക്കുന്ന ദൈവത്തിന്റെ ജീവിക്കുന്ന അടയാളങ്ങളാണ്, അവിടത്തെ സ്നേഹസമ്മാനങ്ങളാണ്. സർവതും സഭയ്ക്കും ജനത്തിനുവേണ്ടി ഉപേക്ഷിച്ച് തങ്ങളുടെ ശുശ്രൂഷകളിലായിരിക്കുന്ന വൈദികരോടുള്ള നമ്മുടെ സ്നേഹവും നന്ദിയും പ്രകടിപ്പിക്കേണ്ടത് അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ്. വൈദികർക്കുവേണ്ടിയുള്ള പതിവു പ്രാർത്ഥനയ്ക്കൊപ്പം വൈദികധ്യാന വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ എല്ലാ വൈദികരെയും പരിശുദ്ധ അമ്മയുടെ കരങ്ങളിൽ നമുക്ക് സമർപ്പിക്കാം. വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം യാചിക്കാം.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2022 ജൂൺ 26-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

NB:-1. തക്കതായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്ത വൈദികർ മുൻകൂട്ടി അനുവാദം വാങ്ങുകയും 2022 ഡിസംബർ 31 ന് മുമ്പ് വാർഷികധ്യാനം നടത്തി വിവരം അറിയിക്കുകയും കുർബാന ക്കണക്ക് കച്ചേരിയിൽ ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

2. ധ്യാനത്തിന് വരുമ്പോൾ കാനോന നമസ്കാരം, കുർബാനക്കണക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ബൈനേഷൻ, ട്രൈനേഷൻ കുർബാനകളുടെ എണ്ണവും നൽകേണ്ടതാണ്.

# ലോക മാധ്യമദിനസന്ദേശം 2022
# ലോകമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഹൃദയം കൊണ്ട് കേൾക്കൂ"*

പ്രിയ സഹോദരീ സഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്ന് കാണുവിൻ'- എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയ ത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളി ലൊന്നുമായ 'ശ്രവിക്കുക', 'കേൾക്കുക' എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗര ജീവിതത്തിന്റെ പ്രധാന പ്രശ് നങ്ങളെക്കുറിച്ചുള്ള ചർച്ചകളി ലാണെങ്കിലും നമുക്ക് ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ടതാണെന്ന് തെളിയിക്കുന്നു. മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം'' എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം', 'ഞാൻ പറയുന്നത് കേൾക്കണം' എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുക യാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ള വർക്ക് പ്രത്യേകിച്ചും.

## ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടി സ്ഥാനമായുള്ള ഒരു ബന്ധംകൂടിയാണ് – ഒരു ഹൃദയബന്ധം. “ശ്രവിക്കുക ഇസ്രായേലേ” (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ “വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ” എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽ നിന്നുതന്നെ ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വത്വമായ സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സൃഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധ ത്തിൽനിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കു കയും ‘ചെവി കൊട്ടിയടച്ച്’ നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തരവാദിത്ത ത്തിൽനിന്നും മാറിനിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്ത ത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാന ലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കന്റെ നേരെ ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മളോട് സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്

നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്. അവന്റേപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ (ലൂക്കാ 8: 18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻ വേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ – ജീവന്റേയും രക്ഷയുടേയും – അനുഭവിക്കാനും സാധിക്കൂ (വി. ലൂക്കാ 8:15). ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച്, വെറും "അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി' മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽ പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവു ന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയം കൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജ. 3:9) എന്നായിരുന്നു. അഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ്വേണ്ടത്" എന്നായിരുന്നു. ആകയാൽ സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെ ത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളി ലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കാൻ അല്ല – ഒന്നിച്ച് ഒരുമിച്ച് ജീവിക്കാനുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ–മനുഷ്യരെ മൗലികരാക്കുന്നത്.

## നല്ല ആശയവിനിമയത്തിനുള്ള ഉപാധി ശ്രവിക്കുക

ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്കലാണ്, ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതാ യാണ് കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികമാകുന്നതും.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പരസ്യ ജീവിതത്തിലെ വർധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെ ക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനേയും സത്യത്തെയും അന്വേഷിക്കുന്നതിനു പകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകര മായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധ മായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യ പ്രകടനങ്ങളോ സഹോദരനെ ഇകഴ്ത്തി കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്ര പരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങളാണെന്നാണ്. രണ്ട് സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയ ങ്ങളിലും സംഭാഷണങ്ങളിൽ "ഞാനും" "താങ്കളും" പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരി ക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താ വിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കുവാനുംവരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വ ങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പി ക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്, നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാ ബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നതനായ നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ'ത്തെ ക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകരമായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽ നിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽപോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരിക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടുക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യ പ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ലാളിത്യത്തോടെ, വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം അതാണിന്നിന്റെ ആവശ്യം. എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിലുപകരിക്കുമെന്നും ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന "ഔദ്യോഗിക അറിയിപ്പുക"ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത, സാമൂഹികവും സാമ്പത്തികവുമായ പല

തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥ യാണ്. ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യ ത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥ രാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ-പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന് നമ്മുടെ മുൻപിൽ കണക്കുകളോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ്, സാധാരണ മനുഷ്യരുടെ.

## സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽനിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്ന വരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ Dietrich Bonhoeffer നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീ സഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്ത വർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ. ദാനധർമ്മങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടേയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായകസംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ

മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെ ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും

അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യ പൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം. സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം. അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട് പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചു കൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

റോമ, സെന്റ് ജോൺ ലത്തറാൻ,
24 ജനുവരി 2022, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾദിനത്തിൽ,

**ഫ്രാൻസിസ് പാപ്പാ**

---

*സർക്കുലർ 09/2022*

# പന്തക്കുസ്താ തിരുനാൾ

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജന ങ്ങളേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

2022 ജൂൺ മാസം 5-ാം തിയ്യതി സാർവ്വത്രികസഭ പന്തകുസ്താ തിരുനാളായി ആചരിക്കുകയാണല്ലോ. രക്ഷാകരസംഭവങ്ങളുടെ ഉച്ചസ്ഥായിയായ പന്തക്കുസ്താ തിരു ന്നാളിന് പ്രാർത്ഥനാപൂർവ്വം ഒരുങ്ങുവാൻ വിശ്വാസസമൂഹത്തെ ഞാൻ ആഹ്വാനം ചെയ്യു ന്നു.

ഫ്രാൻസിസ് മാർപാപ്പാ നമ്മളെ ഓർമ്മിപ്പിക്കുന്ന പോലെ പരിശുദ്ധാത്മ നിറവി നായി നമ്മുടെ മനസ്സിനെയും ഹൃദയങ്ങളെയും നമുക്ക് ഒരുക്കാം.

യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 22-ാം വാക്യത്തിൽ നിങ്ങൾ പരി ശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് ഈശോ അവരുടെമേൽ നിശ്വ സിക്കുന്നതായി ബൈബിളിൽ നാം വായിക്കുന്നു. ഉത്പത്തി പുസ്തകത്തിൽ ദൈവം മനുഷ്യന്റെ നാസാരന്ധ്രങ്ങളിലൂടെ നിശ്വസിക്കുന്നതായും അപ്പോൾ തന്നെ അവർക്ക് ജീവൻ ലഭിക്കുന്നതായും നാം വായിക്കുന്നുണ്ട്. (ഉത്പത്തി 2:7) അതേ ദൈവത്തിന്റെ

പുത്രൻ ഉത്ഥാനത്തിനുശേഷം ഭയചകിതരായിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്ക് കടന്നുചെന്ന് അവർക്ക് സമാധാനം ആശംസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ വർഷിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ പന്തക്കുസ്താ വിവരണം എന്നാണ് ബൈബിൾ പണ്ഡിതന്മാർ ഈ വചനഭാഗത്തെ വ്യാഖ്യാനിക്കുന്നത്. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്ന് പറഞ്ഞ് ഈശോ അവരെ ധൈര്യപ്പെടുത്തിയിരുന്നു എങ്കിലും, അവരുടെ പഴയ ജീവിതത്തിലേക്ക് തിരികെ പോകുന്ന അപ്പസ്തോലന്മാരെയാണ് സുവിശേഷത്തിൽ നമ്മൾ കാണുന്നത്. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം 3-ാം വാക്യത്തിൽ ശിഷ്യപ്രമുഖനായ പത്രോസിന്റെ നേതൃത്വത്തിൽ അവരെല്ലാവരും കൂടി മീൻ പിടിക്കാൻ പോകുന്നതും, ഞാൻ മീൻ പിടിക്കാൻ പോവുകയാണ് എന്ന് പറയുമ്പോൾ, ഞങ്ങളും നിന്റെ കൂടെ വരികയാണ് എന്ന് പറഞ്ഞുകൊണ്ട് അവരുടെ പഴയ ജീവിതസാഹചര്യങ്ങളിലേയ്ക്ക് പോകുന്ന മറ്റ് ശിഷ്യരെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

പരിശുദ്ധാത്മാവിനെ നിശ്വസിച്ചെങ്കിലും ആത്മാവിന്റെ ജ്വലനം അവർക്ക് അനുഭവിച്ചറിയുവാനോ പരിശുദ്ധാത്മാവ് തങ്ങളിൽ ഉണ്ടെന്ന ബോധ്യത്തിൽ വളരുവാനോ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ഈശോ കർത്താവും ദൈവവുമാണ് എന്ന് സധൈര്യം പ്രഘോഷിക്കാൻ കഴിയാതെ ഭയത്തിന്റെയും ഉത്കണ്ഠയും നിരാശയുടെയും നഷ്ടബോധത്തിന്റെയും അടിമകളായി അവർ മാറി. ഇപ്രകാരം പഴയ ജീവിതസാഹചര്യങ്ങളിലേയ്ക്ക് തിരികെപ്പോയ അപ്പസ്തോലഗണത്തെ ഒരുമിച്ച് കൂട്ടി പന്തക്കുസ്തയുടെ അനുഭവത്തിലേയ്ക്ക് കൊണ്ടുവരുവാൻ പരി. അമ്മയാണ് മുൻകൈ എടുക്കുന്നത് (അപ്പ. പ്ര. 1:14). പരി. അമ്മയും അപ്പസ്തോലന്മാരും പന്തക്കുസ്താദിനം സമാഗതമായപ്പോൾ ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ (2:1)ൽ നാം വായിക്കുന്നു.

പ്രാർത്ഥനാപൂർവ്വം ചിലവഴിക്കുന്ന അവരുടെമേൽ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ ഇറങ്ങി വന്നുവെന്നും വിവിധ ഭാഷകളിൽ സംസാരിച്ചുവെന്നും വചനം സാക്ഷ്യപ്പെടുത്തുന്നു.

പരിശുദ്ധാത്മാവിന്റെ നിറവ് അവർക്ക് ലഭിച്ചുവെന്ന് പൊതു സമൂഹം മനസ്സിലാക്കിയത് അവരുടെ ആത്മധൈര്യം കണ്ടിട്ടാണ്. ഭയപ്പെട്ടും ദുഃഖിച്ചും നിരാശപ്പെട്ടും കഴിഞ്ഞിരുന്ന അവർ ഈശോ കർത്താവണെന്ന് സധൈര്യം പ്രഘോഷിച്ചു. അത് മാത്രമല്ല നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കണം എന്ന വചനം ശിരസ്സാവഹിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് അവർ യാത്രയാവുകയും വി. യോഹന്നാൻ ഒഴികെ എല്ലാവരും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു.

വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ 2-ാം ലേഖനം 1-ാം അദ്ധ്യായം 6-ാം വാക്യത്തിൽ നാം ഇപ്രാകാരം വായിക്കുന്നു; "എന്റെ കൈവെയ്പ്പ് വഴി നിങ്ങൾക്ക് ലഭിച്ച ദൈവിക വരത്തെ വീണ്ടും ഉജ്ജ്വലിപ്പിക്കണം" എന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു. പ്രിയ സഹോദരരെ, മാമ്മോദീസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും പരിശുദ്ധാത്മാവ് നമ്മളിൽ എല്ലാവരിലും ഉണ്ട്. എന്നാൽ ദൈവ

ത്തിന്റെ ശക്തിയായ, സഹായകനായ, ആശ്വാസദായകനായ, പ്രത്യാശ നൽകുന്ന ഏത് പ്രതിസന്ധി ഘട്ടങ്ങളിലും ധൈര്യം നൽകുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെക്കുറിച്ച് നാം പലപ്പോഴും അറിവില്ലാത്തവരാണ്. "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ" എന്ന് വി. പൗലോസ് നമ്മോട് ചോദിക്കുന്നുണ്ട്. (1 കൊറി. 6:19). ഈ അറിവില്ലായ്മ കൊണ്ട് ജീവിതത്തിന്റെ പ്രതിസന്ധികളെയും സാമ്പത്തിക ഞെരുക്കങ്ങളെയും രോഗപീഢകളെയും എങ്ങനെ നേരിടണം എന്നറിയാതെ പലപ്പോഴും നാം നിരാശപ്പെട്ട് പോകാറുണ്ട്.

പന്തക്കുസ്താ തിരുനാൾ നമുക്ക് ലഭിച്ച ആത്മാവിന്റെ അഭിഷേകത്തെ വീണ്ടും ഉജ്ജ്വലിപ്പിക്കാനുള്ള അവസരമാണ്. പന്തക്കുസ്താ തിരുന്നാളിന് ഒരുക്കമായി 9 ദിവസത്തെ നൊവേനയിലും പ്രാർത്ഥനയിലും പങ്കെടുത്ത് നമ്മളെത്തന്നെ പരിശുദ്ധാത്മാവിന് പ്രതിഷ്ഠിക്കുമ്പോൾ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും പാപബോധവും വലിയ സമാധാനവും നമുക്ക് അനുഭവിച്ചറിയുവാൻ സാധിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. അതിനാൽ ദൈവജനത്തെ പന്തക്കുസ്താ തിരുന്നാളിന് വേണ്ടി പ്രാർത്ഥനാപൂർവ്വം ഒരുക്കുവാൻ ബഹു. വൈദികരെ ഞാൻ ആഹ്വാനം ചെയ്യുന്നു. പരിശുദ്ധാത്മ നിറവ് എത്രത്തോളം നമ്മുടെ ജീവിതത്തിൽ ആവശ്യമാണെന്ന് ബൈബിൾ നമുക്ക് പറഞ്ഞുതരുന്നുണ്ട്. പഴയനിയമത്തിലെ സാവൂളും സാംസണും പ്രവാചകന്മാരും ആത്മാഭിഷേകത്താൽ ശക്തരായിരുന്നു. എന്നാൽ പാപത്തിന്റെ വഴികളിലൂടെ ജീവിച്ചപ്പോൾ ശക്തരായിരുന്ന അവർക്ക് ജനത്തെ നയിക്കുവാൻ കഴിഞ്ഞില്ല. രക്ഷാകരചരിത്രത്തിലുടനീളം സജീവനായിരുന്ന അതേ പരിശുദ്ധാത്മാവ് നമ്മെയും ശക്തരും ധീരരുമാക്കി മാറ്റുവാൻ ആഗ്രഹിക്കുന്നുണ്ട്. പന്തക്കുസ്താ തിരുന്നാളിലൂടെ ഒരു പുതിയ അഭിഷേകം ലഭിക്കുവാൻ തീഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം.


"നമ്മെ വീണ്ടും ഭയത്തിലേക്ക് നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവ് മൂലമാണ് നാം ആബാ-പിതാവേ എന്ന് വിളിക്കുന്നത്" (റോമ 8:15). നാം ഒരേ പിതാവിന്റെ മക്കളാണെന്നും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പങ്കുവെയ്ക്കലിന്റെയും സജീവ സാക്ഷികളായി ജീവിക്കേണ്ടവരാണെന്നും ആത്മാഭിഷേകം നമ്മെ ഓർമ്മിപ്പിക്കുന്നു. അപ്പസ്തോല പ്രവർത്തനത്തിൽ ആദിമക്രൈസ്തവ സമൂഹത്തെക്കുറിച്ച് പറയുന്നിടത്ത് അവരൊറ്റ സമൂഹമായിരുന്നുവെന്നും അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നുവർ ഉണ്ടായിരുന്നില്ലെന്നും നാം വായിക്കുന്നു. ഇപ്രകാരം പരിശുദ്ധാത്മാവായ ദൈവം നമ്മെ എല്ലാ കാര്യങ്ങളും പഠിപ്പിക്കും, ദൈവിക ജ്ഞാനത്താൽ നമ്മെ നിറയ്ക്കും. ഈശോയ്ക്ക് സാക്ഷ്യം വഹിക്കാനുള്ള പ്രേഷിത തീഷ്ണത നമുക്ക് നൽകും.

ഇന്നും കൂടെ വസിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ സകലകാര്യങ്ങളിലും നമ്മെ സഹായിക്കും. വിശ്വാസത്തോടെ വിശുദ്ധിയോടെ ഈ പന്തക്കുസ്താ തിരുന്നാളിനായി നമുക്ക് ഒരുങ്ങാം.

സഭയും വിശ്വാസ സമൂഹവും വളരെയേറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സമയമാണിത്. വിശ്വാസം ത്യജിക്കുന്ന. യുവതലമുറയേയും വിശ്വാസപരി ശീലനം കൊണ്ട് കാര്യമായ പ്രയോജനമില്ലെന്ന് വിചാരിക്കുന്ന മാതാപിതാക്കന്മാരെയും നാം കാണുന്നുണ്ട്. ജോബിന്റെ പുസ്തകം 8:8 ൽ നാം ഇങ്ങനെ വായിക്കുന്നു; "ഞാൻ നിന്നോട് അഭ്യർത്ഥിക്കുന്നു, കടന്നുപോയ തലമുറകളോട് ആരായുക, പിതാക്കന്മാ രുടെ അനുഭവങ്ങൾ പരിഗണിക്കുക" എന്ന്. സഭയുടെ ചരിത്രം പരിശോധിച്ചാൽ വിശ്വാ സത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരുടേയും ജീവിതത്തിന്റെ പ്രതിസന്ധി ഘട്ട ങ്ങളെ സധൈര്യം നേരിട്ടവരുടേയും എത്രയോ മാതൃകകൾ നമ്മുടെ മുമ്പിലുണ്ട്. കൃത്യ മായ കൗദാശിക ജീവിത്തിലൂടെ വരപ്രസാദത്തിന്റെ നിറവിൽ ജീവിക്കാൻ മാതാപി താക്കൾ ശ്രമിച്ചിരുന്നു, മക്കളെ പഠിപ്പിച്ചിരുന്നു. കുടുംബപ്രാർത്ഥനയ്ക്ക് ശേഷം പരി ശുദ്ധാത്മാവേ എഴുന്നള്ളി വരിക... എന്ന പ്രാർത്ഥന നമ്മുടെ ഭവനങ്ങളിൽ നിന്ന് ഉയർന്നുവന്നിരുന്നു. കഴിഞ്ഞ് പോയ തലമുറകൾ നമുക്ക് കാണിച്ചുതന്ന വരപ്രസാദ ത്തിന്റെ ജീവിതം നയിച്ച് സഭയെയും സമുദായത്തെയും തീഷ്ണതയോടെ പടുത്തു യർത്താൻ നമുക്ക് പരിശ്രമിക്കാം. വി. അഗസ്റ്റിൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ചി രുന്ന ഒരു പ്രാർത്ഥന വളരെ പ്രാധാന്യമർഹിക്കുന്നു; "പരിശുദ്ധാത്മാവേ എന്റെ ചിന്ത കൾ പരിശുദ്ധമായിരിക്കാൻ എന്നിൽ നിശ്വസിക്കേണമേ; പരിശുദ്ധാത്മാവേ, എന്റെ പ്രവൃത്തികൾ പരിശുദ്ധമായിരിക്കാൻ എന്നിൽ നിറയണമേ; പരിശുദ്ധാത്മാവേ, പരി ശുദ്ധമായവയെ മാത്രം സ്നേഹിക്കാൻ എന്റെ ഹൃദയത്തെ ഒരുക്കണമെ; പരിശുദ്ധാ ത്മാവേ, വിശുദ്ധമായവയെ അശുദ്ധിയിൽ നിന്ന് പ്രതിരോധിക്കാൻ എന്നെ ശക്തിപ്പെ ടുത്തേണമെ; ഞാൻ എപ്പോഴും വിശുദ്ധിയോടെയായിരിക്കാൻ പരിശുദ്ധാത്മാവേ എന്നെ സംരക്ഷിക്കേണമെ. ഈ പ്രാർത്ഥനയോടെ നമ്മുടെ ഒരോ ദിവസവും ആരംഭിച്ചാൽ അത്ഭുതകരമായി പരിശുദ്ധാത്മാവ് നമ്മെ നയിച്ചുകൊള്ളും.

എല്ലാവർക്കും സമാഗതമാകുന്ന പന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹ പൂർവ്വം ആശംസിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും

Rev. Fathers

| | |
|---|---|
| Alunkal Augustine | Kannoth |
| Ambalathuruthel Abraham CMI | Relieved from Paroppady |
| Antheenattu Jose | Director, Mathruvedi (Addl.) |
| Chakkittamuriyil Thomas (Jr.) | Chamal |
| Chakkummoottil Philip | Kakkavayal |
| Chilambikkunnel Thomas | Asokapuaram (Addl.) |
| Chilampattussery Mathew MCBS | Asst. Koodaranji |
| Chirakandathil Jose | Manjumala |
| Iykolambil Kuriakose | Kodanchery |
| Kalathoor Varghese | Kattippara |
| Kandathil Vincent | Koorachundu |
| Kappalumakkal Jacob | Pastoral Ministry, Italy |
| Karikunnel Antony | Perinthalmanna |
| Karottuzhunnalil Jose | Mankada & Valambur |
| Karukamalil Vincent | Kakkayam |
| Kavalakkattu Sebastian | Director, PMOC, Family Apostolate & Priest home CLT. |
| Kiliyamparambil Joseph | Asst. Kakkadampoyil |
| Kochumuriyil Thomas | Peedikappara & Konoorkandy |
| Kottakkal Mathew | Pathirikkode |
| Kulathinkal Mathew | Pope Benedict Institute & Family Units |
| Kurumpurath Mathew HGN | Relieved from Kakkayam |
| Kuzhikkattumyalil Joseph | Manjeri |
| Kuzhivelil Dominic | Vadakara (Addl.) |
| Malapravanal Thomas | Pastoral Ministry, Eparchy of Ramanathapuram |
| Mangarayil Scaria | Kuliramutty |
| Mattappallil Sebastian | Asst. Paroppady |
| Mavelil Mathew | Kalluruty |
| Mavunkal Thomas O. Carm | Relieved from Mariapuram |

| | |
|---|---|
| Mukala Kuriakose | Finance Officer & Koomully |
| Mulangassery Mathew | Chakkittapara & Temperance Movement |
| Mundakkal Chacko | Kalkundu |
| Nagaparambil Thomas | Thiruvampady |
| Oliakkattil Joseph Mathew | National Cordinator, Syro-Malabar Community, Ireland |
| Palakkattu Joseph | Pathippara (Addl.) & Member of X$^{th}$ College of Consultors |
| Palathumthalakkal Augustine | Karikandanpara |
| Panachikal Alex | Valook |
| Panachikal Mathew | Study leave |
| Pannikkottu Augustine | Nenmini & Oravumpuram |
| Parathottathil Sebastian | Passukkadavu |
| Pattaniyil Augustine | Anickampoil |
| Pennaparambil Jose | Theyyappara |
| Peruvelil Mathew | Chappenthottam & PT Chacko Nagar |
| Ponganpara Cherian | Director, Altar Boys Association (Addl.) |
| Poothakuzhy Joseph | Poilomchal |
| Poovathinkal Paul | Study Leave |
| Poriyath Thomas | Karuvarakundu |
| Pulimootil Mathew (Jr) | Cheerattamala |
| Pulimootil Mathew (Sr) | Cathedral,Thamarassery & Member of X$^{th}$ College of Consultors. |
| Purayidathil Sebastian | Pulloorampara |
| Puthiyedath Francis | Payyanad |
| Puliyanthottiyil Sebastian SAC | Relieved from Koodaranji |
| Thalisserickal Mathew SVD | Relieved from Kakkadampoyil |
| Thandaparambil Joseph | Vilakamthode |
| Thekkekkaramattathil Mathew | Asst. Director, Bethania |
| Thoomkuzhy Dominic | Priest -in- Charge, Kuttippuram |
| Thoomullil Mathew | Director, AKCC & Asst. Bursar Alphonsa School, Tsy (Addl.) |
| Valimalayil James CST | Muthukad |
| Valliyamthadathil John | Mailellampara |
| Vamattathil James | Mariapuram |

**CML – മേഖല ഡയറക്ടേഴ്സ്**

Rev. Fathers

| | |
|---|---|
| Augustine Thuravackal | Kodanchery |
| Thomas Pulayanparambil | Koorachundu |
| Chacko Mundackal | Karuvarkundu |

**KCYM - SMYM – മേഖല ഡയറക്ടേഴ്സ്**

Rev. Fathers

| | |
|---|---|
| Alex Panachickal | Vilangad |
| George Purayidathil | Thiruvambady |
| Joseph Chirathalackal | Thottumukkam |
| Joseph Ezhanikkatt | Perinthalmanna |
| Joseph Kalappurackal | Thamarassery |
| Kuriakose Kochukaipayil | Koorachundu |

**DFC – മേഖല പ്രൊമോട്ടേഴ്സ്**

| | |
|---|---|
| Very Rev. Fr. Iykolambil Kuriakose | Kodanchery |
| Very Rev. Fr. Nagaparambil Thomas | Thiruvampady |
| Very Rev. Fr. Karikunnel Antony | Perinthalmanna |

**2. തിരുഹൃദയമാസം**

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ മാസമാണല്ലോ. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുവാനും തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 24-ാം തീയതി സമുചിതമായി ആചരിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**3. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികദിനം**

ജൂൺ 11 നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 28-ാം ചരമവാർഷികദിനമാണ്. അന്നേദിവസം തിങ്കളാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നു. സാധിക്കുന്ന എല്ലാവരും ചടങ്ങുകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ചരമദിനം നേരത്തെ ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – ജൂൺ 29 കടമുള്ള ദിവസം**

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

### 5. പത്രോസിന്റെ കാശ് പിരിവ്

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 6. ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനം

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി മുമ്പുള്ള ദിവസങ്ങളിൽ വിശുദ്ധനോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമായിരിക്കും. നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പ്രാധാന്യം വിശ്വാസികൾക്ക് പകർന്നുകൊടു ക്കുവാൻ ഇത് സഹായിക്കും.

നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഈ ദിവസം നാം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 2 രൂപ പ്രകാരമാണ് ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

### 7. അഭിനന്ദനങ്ങൾ

**ബഹു. മാത്യു മുളങ്ങാശ്ശേരി അച്ചൻ** റോമിലെ ഉപരിപഠ നത്തിനും അജപാലന ശുശ്രൂഷകൾക്കുംശേഷം രൂപതയിൽ തിരിച്ചെ ത്തിയിരിക്കുന്നു. അച്ചന്റെ എല്ലാവിധ ശുശ്രൂഷകൾക്കും അഭിനന്ദന ങ്ങളും ആശംസകളും നേരുന്നു.

### 8. നന്ദി, സ്വാഗതം, പ്രാർത്ഥനാശംസകൾ

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ നിന്ന് പുതിയ സേവന രംഗത്തേയ്ക്ക് മാറിപ്പോകുന്ന കക്കയം ഇടവക വികാരി യായിരുന്ന **ബഹു. കുറുംപുറത്ത് മാത്യു HGN**, പാറോപ്പടി ഇടവക യിൽ അസിസ്റ്റന്റ് വികാരിയായിരുന്ന **ബഹു. അമ്പലത്തുരത്തേൽ അബ്രഹാം CMI**, മരിയാപുരം ഇടവകയിൽ അസിസ്റ്റന്റ് വികാരി യായിരുന്ന **ബഹു. മാവുങ്കൽ തോസ് O. Carm, കൂടരഞ്ഞി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിരുന്ന ബഹു. പുളിയൻ തൊട്ടിയിൽ സെബാസ്റ്റ്യൻ SAC**, കക്കാടംപൊയിൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിരുന്ന **ബഹു. തലിശ്ശേരിക്കൽ മാത്യു SVD** എന്നീ ബഹു. വൈദികർക്ക് രൂപതാസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

രൂപതയുടെ വൈദികകൂട്ടായ്മയിലേക്ക് കടന്നുവന്നിരിക്കുന്ന സി.എസ്.ടി. സുമൂഹാംഗം **ബഹു. വാലിമലയിൽ ജെയിംസ് CST** അച്ചന് രൂപതാകൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

രൂപതയ്ക്ക് പുറത്ത് അജപാലനശുശ്രൂഷകൾക്കും പഠനത്തിനുമായി പോകുന്ന രൂപതാംഗങ്ങളായ **ബഹു. ജെയിംസ് കുഴിമറ്റത്തിൽ, ബഹു. ഓലിയക്കാട്ടിൽ ജോസ്, ബഹു. കപ്പലുമാക്കൽ ജേക്കബ്, ബഹു. മലപ്രാവനാൽ തോമസ്, ബഹു. പോൾ പൂവ്വത്തിങ്കൽ** എന്നീ വൈദികർക്ക് പ്രാർത്ഥനാശംസകളും ദൈവാനുഗ്രഹങ്ങളും നേരുന്നു.

**9. പുതിയ മൊബൈൽ നമ്പർ**

Fr. George Karukamalil -9400 8885 90

**10. വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ വൈദികരുടെ വാർഷിക ധ്യാനം പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു. ആദ്യബാച്ച് ജൂലൈ 3 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 8 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. രണ്ടാമത്തെ ബാച്ച് ജൂലൈ 10 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് 15 വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു. ബാച്ച് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.

## Batch -1

**സമയം : 2022 ജൂലൈ 3 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ ജൂലൈ 8 വെള്ളിയാഴ്ച ഉച്ചവരെ**

**സ്ഥലം : ബഥാനിയ സെന്റർ, പുല്ലൂരാംപാറ**

**ധ്യാനഗുരു : മാർ തോമസ് തറയിൽ**

| | |
|---|---|
| 1 Alunkal Augustine | 2 Antheenattu Joseph |
| 3 Areethara Jacob | 4 Chakkittamuriyil Thomas(Jr) |
| 5 Chembuthoockil Mathew | 6 Cheruvelil Mathew |
| 7 Chilambikunnel Thomas | 8 Chilampattussery Mathew MCBS |
| 9 Eettathottu Michale OSFS | 10 Ezhanikatt Joseph |
| 11 Kalappurackal George | 12 Kalappurackal Joseph |
| 13 Kalarickal Joseph | 14 Kalathoor George |
| 15 Kalathoor Varghese | 16 Kandathil Vincent |
| 17 Karakkattu Sebastian | 18 Karakunnel Jacob |
| 19 Karottuzhunnalil Jose | 20 Karukamalil George |
| 21 Kavalakatt Sebastian | 22 Kavil Rony Paul |
| 23 Kizhakkarakat Danties | 24 Kizhakkarakat Sudeep |
| 25 Kizhakkekunnel Simon | 26 Kizhakkeveettil Jacob |

27 Kocheelath Abraham
28 Kochukaipayil Thomas
29 Kollamparambil Mathew
30 Koonanickal Joseph
31 Kulathinkal Mathew
32 Kuttikatt George
33 Kuzhivelil Dominic
34 Mangarayil Scaria
35 Mavely Mathew
36 Mulangassery Mathew
37 Mundackal Chacko
38 Mundackal George
39 Nandalath Johnson
40 Oravankara John
41 Palathumthalackal Augustine
42 Pallickavayalil John
43 Parankulangara Thomas
44 Parathottathil Sebastian
45 Pattassery Sebastian
46 Pennaparambil Jose
47 Peruvelil Mathew
48 Poothermannil Peter
49 Poriyath Thomas
50 Pulickal Sebastian
51 Pulimoottil Mathew (Jr.)
52 Pulimoottil Mathew (Sr.)
53 Purayidathil George
54 Purayidathil Sebastian
55 Puthusseriputhenpura George
56 Thadathil Mathew
57 Thannickal Kurian
58 Thayyil Kuriakose
59 Thittayil Mathew
60 Thoomkuzhy Dominic
61 Thuravackal Augustine
62 Vadakkedom Jose
63 Valliamthadathil John
64 Vallopilly Simon
65 Vandanoor Joseph MST
66 Varikkassery George
67 Vayalil Abraham
68 Vellackakkudiyil George
69 Vellaramkalayil George

## Batch - 2

**സമയം : 2022 ജൂലൈ 10 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ ജൂലൈ 15 വെള്ളിയാഴ്ച ഉച്ചവരെ**

**സ്ഥലം : ബഥാനിയ സെന്റർ, പുല്ലൂരാംപാറ**

**ധ്യാനഗുരു : മാർ തോമസ് തറയിൽ**

1 Chakkummottil Philip
2 Cheeramattathil Sebastian
3 Chemparathical George
4 Chempukandathil Sebastian
5 Chennickara Antony
6 Chirakandathil Jose
7 Chirathalackal Joseph
8 Chundayil Joseph
9 Edakkattil Joseph
10 Iykolambil Kuriakose
11 Kadaplackal Thomas
12 Kalariparambil John
13 Kalathil Joseph
14 Kandassamkunnel Mathew
15 Karikunnel Antony
16 Karukamalil Vincent

17 Kiliyamparambil Joseph
18 Kochukaipayil Kuriakose
19 Kochumuriyil Thomas
20 Koothur Jacob
21 Kottackal Mathew
22 Kozhuvanal Antony
23 Kudiyirikkal Thomas
24 Kuzhikattumyalil Joseph
25 Machukuzhiyil Augustine
26 Mangalamadathil Mathew
27 Mannancheril Joseph
28 Mazhuvanchery Abraham
29 Moolayil John
30 Mukalayil Kuriakose
31 Mukaleparambil Joseph
32 Mundanatt George
33 Muttathukudiyil Dominic
34 Muttathukunnel Wilson
35 Nagaparambil Thomas
36 Narivelil George
37 Nedumala Zacharias
38 Nelliyani Pius MSFS
39 Nirappel Mathew
40 Palakkatt Joseph
41 Panachickal Alex
42 Panachickal Mathew
43 Panackal Varghese
44 Panamattamparambil Sebastian
45 Pannikottu Augustine
46 Pattaniyil Augustine
47 Pazhukunnel Johnson
48 Ponganpara Cheriyan
49 Poothakuzhy Joseph
50 Pulayanparambil Thomas
51 Pulichamakkal Joseph
52 Puramadathil Kurian
53 Puthanpurakkal Joseph
54 Puthenpurackal Jacob (Jr.)
55 Puthiyaparambil Thomas
56 Puthiyedath Francis
57 Thakidiyel Mathew
58 Thalachirakuzhy Kurian
59 Thandamparambil Joseph
60 Thayitharayil Luke CSsR
61 Thekkekkaramattathil Mathew
62 Thekkumkattil Joseph
63 Thevadiyil Thomas
64 Thoomullil Mathew
65 Vadakkel Joseph
66 Vadakkel Sebastian
67 Valimalayil James CST
68 Vallikunnel James
69 Vamattathil James
70 Vellamackal Francis

## 11. സ്മരണാഞ്ജലി

04-06-1985 – റവ. ഫാ. സിറിയക് ചെമ്മാഴം
08-06-1977 – റവ. ഫാ. തോമസ് കോട്ടൂർ
09-06-1986 – റവ. ഫാ. ജോൺ വിയാനി സി.എം.ഐ.
10-06-1994 – റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ
**11-06-1994 – മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി**
**11-06-2005 – റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര**
**19-06-2006 – റവ. ഫാ. പോൾ മൂശാരിയേട്ട്**
21-06-2001 – മോൺ. ജേക്കബ് വാരിക്കാട്ട്
**21-06-2008 – റവ. ഫാ. ജോസഫ് അടിപുഴ**
24-06-1974 – റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ
**24-06-2009 – മോൺ. സി. ജെ. വർക്കി കുഴികുളം**
25-06-1970 – റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ.

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്




റവ. ഫാ. ജോസഫ്
അഞ്ഞാണിപുത്തൻപുര
11-06-2005



റവ. ഫാ. പോൾ
മൂശാരിയേട്ട്
19-06-2006



റവ. ഫാ. ജോസഫ്
അടിപുഴ
21-06-2008



മോൺ. സി. ജെ.
വർക്കി കുഴികുളം
24-06-2009

# തലശ്ശേരി അതിരൂപതയുടെ പുതിയ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റെടുത്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി 2022 ഏപ്രിൽ 28 ന് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ നടന്ന രൂപതാദിന കൃതജ്ഞതാബലിയിൽ പങ്കുവച്ച വചനസന്ദേശം

അഭിവന്ദ്യ റെമീജിയോസ് പിതാവേ, വൈദികരെ, സിസ്റ്റേഴ്സ്, പ്രിയപ്പെട്ട സഹോദരങ്ങളെ,

ഈ രൂപതാദിനത്തിൽ നിങ്ങളോടുകൂടെ ആയിരിക്കാനും വി. ബലിയർപ്പിക്കുവാനും അവസരം ലഭിച്ചതിന് ദൈവത്തിന് നന്ദി പറയുന്നു. അഭിവന്ദ്യ പിതാവ് ഞങ്ങളോട് കാണിക്കുന്ന വളരെ കരുതലുള്ള സ്നേഹത്തിന്റെ സാക്ഷ്യമായി ഞാനത് മനസിലാക്കുന്നു. പിതാവ് എന്നും ഒരു ജ്യേഷ്ഠസഹോദരന്റെ വാത്സല്യവും സ്നേഹവും എന്നോട് കാണിച്ചിരുന്നുവെന്ന്, അത് പിതാവ് കൂടുതൽ തീക്ഷ്ണതയോടെ തുടരുന്നുവെന്ന് കാണുന്നതിൽ എനിക്ക് വളരെ നന്ദിയുണ്ട്. എന്നും പിതാവിന്റെ സ്നേഹവും കരുതലും ഞാനാഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. താമരശ്ശേരി രൂപതയും തലശ്ശേരി രൂപതയും തമ്മിൽ ഉള്ള നാഭീനാള ബന്ധത്തെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലയെന്നത് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. നാം ഒരു അതിരൂപതയുടെ ഭാഗമാണ് എന്ന് മാത്രമല്ല നാം ഒന്നാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇവിടെയായിരിക്കുന്ന പകുതിയോളം അച്ചന്മാർ തലശ്ശേരിയിൽ പഠിച്ചവരാണ്. ബഹുഭൂരിപക്ഷത്തെയും എനിക്ക് പേര് ചൊല്ലി വിളിക്കാൻ മാത്രം ആത്മബന്ധമുണ്ട്. സാമന്തരൂപതകളിൽ, ഏറ്റവും അടുത്ത ആത്മബന്ധം തലശ്ശേരിയ്ക്കുള്ളത് താമരശ്ശേരിയുമായിട്ടാണ്. ആ ഹൃദയഐക്യം നിങ്ങൾ എപ്പോഴും കാത്തു സൂക്ഷിക്കുന്നുവെന്നുള്ളത് ഞാനും ശ്രദ്ധിച്ചിട്ടുള്ള കാര്യമാണ്. നിങ്ങളുടെ എല്ലാം നന്മയ്ക്കും കരുതലിനും പ്രത്യേകമായി നന്ദി പറയുന്നു.

തലശ്ശേരിയുടെ ഹൃദയഭാഗമാണ് താമരശ്ശേരി രൂപതയായി മാറിയതെന്ന് വള്ളോപ്പിള്ളി പിതാവ് തന്റെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. തലശ്ശേരിയുടെ ഹൃദയം എടുത്താണ് താമരശ്ശേരി രൂപത ഉണ്ടാക്കിയതെന്നും പിതാവ് എഴുതിയിരിക്കുന്നു. തീർച്ചയായും ഇത് ഹൃദയഭൂമിയാണെന്ന് ഇതിലേ യാത്രചെയ്യുമ്പോൾ നമുക്ക് മനസിലാവും. എന്ത് നട്ടാലും ഉണ്ടാകുന്നതും ഐശ്വര്യമുള്ളതുമായ എല്ലാ ഭൂപ്രദേശങ്ങളും താമരശ്ശേരിയ്ക്കാണ് കിട്ടിയതെന്ന് വള്ളോപ്പിള്ളി പിതാവ് ഉദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലാവുന്നു. അപ്രകാരം ഐശ്വര്യപൂർണ്ണമായ ഒരു പ്രദേശത്ത് ദൈവം ഏല്പിച്ച ഈ രൂപതയെ വളർത്തിയപ്പോൾ തലശ്ശേരി രൂപത 70 വർഷംകൊണ്ട് വളർന്നതിനെക്കാളും

കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ ചുരുങ്ങിയ കാലംകൊണ്ട് താമരശ്ശേരി വളർന്നുവെങ്കിൽ അതിന്റെ കാരണം വളരെ തീക്ഷ്ണതാ വൈഭവവും ക്രാന്തദർശനവുമുള്ള പിതാക്കന്മാർ ഈ രൂപതയെ നയിച്ചുവെന്നുള്ളതാണ്. തലശ്ശേരിയുടെ നാലാമത്തെ ഇടയനാണ് ഞാനെങ്കിൽ, റെമീജിയോസ് പിതാവും താമരശ്ശേരിയുടെ നാലാമത്തെ ഇടയാണ്.

ഈ രൂപതയെ വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതയിൽ ദൈവമായ കർത്താവ് നിരന്തരം അനുഗ്രഹിക്കുന്നതിനെ ഓർത്ത് നമ്മൾ ദൈവത്തിന് കൃതഞ്ജത പറയുകയാണ്. 37 വർഷം വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം വഴി, വിശുദ്ധയാകുന്നതിനുമുമ്പേ അൽഫോൻസാമ്മയിൽ വിശ്വാസം അർപ്പിച്ചവരാണ് താമരശ്ശേരി രൂപതയിലെ പിതാക്കന്മാർ. ആ ഒരു പൈതൃകവും പാരമ്പര്യവും ഇന്നും കൃത്യതയോടെ തുടരുന്നുവെന്ന് കാണുന്നതിൽ വളരെ സന്തോഷമുണ്ട്. അൽഫോൻസാമ്മ സ്വർഗ്ഗത്തിലിരുന്ന് ഈ രൂപതയെ സവിശേഷമാംവിധം അനുഗ്രഹിക്കുന്നുവെന്നുള്ളതിന്റെ സാക്ഷ്യം ഓരോ പ്രവർത്തനങ്ങളിലും വ്യക്തമാണ്.

റെമീജിയൂസ് പിതാവ് താമരശ്ശേരി രൂപതയുടെ ചുമതലയേൽക്കുന്നതിനുമുമ്പ് താമരശ്ശേരി രൂപത ഒരിക്കൽ മാത്രമേ പത്രമാധ്യമങ്ങളിൽ രംഗത്തുവന്നിട്ടുള്ളൂവെന്നതാണ് സത്യം. എന്നാൽ റെമീജിയോസ് പിതാവ് വന്നതിൽപിന്നെ താമരശ്ശേരി രൂപത മാധ്യമങ്ങളിലെ ഒരു നിറസാന്നിധ്യമാണ്. റെമീജിയോസ് പിതാവ് വളരെ നിർഭയം നിരന്തരം എല്ലാക്കാര്യങ്ങളെയുംക്കുറിച്ച് കൃത്യതയോടെ അഭിപ്രായങ്ങൾ പറയുകയും സഭയുടെ ശബ്ദമായി മാറുകയും ചെയ്യുന്നുവെന്നുള്ളതിൽ ഞങ്ങൾക്കെല്ലാവർക്കും പിതാവിനെ ഓർത്ത് അഭിമാനമുണ്ട്. സിനഡിന്റെ മോഡറേറ്റർ എന്ന് പറഞ്ഞാൽ നിയമസഭയിലെ സ്പീക്കർപോലെയാണ്. സീറോമലബാർ സഭയ്ക്ക് രണ്ടു മോഡറേറ്ററാണ് ഉള്ളത്. അതിൽ ശക്തനായ മോഡറേറ്ററാണ് പിതാവ്. ഏതു സംഘർഷങ്ങളെയും അഭിപ്രായ വ്യത്യാസങ്ങളെയും തന്റെ സ്വതസിദ്ധമായ സൗഹൃദ ഭാഷയിൽ പരിഹരിച്ച് എടുക്കാനുള്ള പിതാവിന്റെ അനിതരസാധാരണമായ വൈഭവമാണ് പിതാവിനെ മോഡറേറ്ററായി നിയമിക്കാൻ സിനഡിനെ പ്രേരിപ്പിച്ചത്. ഈ രൂപതയിൽതന്നെ എല്ലാ പ്രതിസന്ധികളെയും പിതാവ് എത്രയും തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്നുവെന്നുള്ളത് എല്ലാറ്റിനെയും ഉൾക്കൊള്ളുവാനുള്ള പിതാവിന്റെ വലിയ മനസ്സാണ് അതിൽ വ്യക്തമാക്കുന്നത്. ആ ഒരു ഹൃദയവിശാലതയെക്കുറിച്ചാണ് ഇന്ന് സുവിശേഷം നമ്മോട് പങ്കുവയ്ക്കുന്നത്. മാറ്റി വായിക്കാൻ പ്രലോഭനം ഉണ്ടായെങ്കിലും ഈ കാലഘട്ടത്തിന്റെ വലിയ ഒരു സന്ദേശം അതിലുണ്ട് എന്ന് എനിക്ക് തോന്നി.

വി. മത്തായിയുടെ സുവിശേഷത്തിൽ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുള്ള ഭാഗമാണ് ഇന്ന് നാം വായിച്ചുകേട്ടത്. ഈശോ വളരെ കൃത്യതയോടെ ഒരു കാര്യം നമ്മളെ പഠിപ്പിച്ച് തരുന്നു. അതായത് മത്തായിയുടെ സുവിശേഷം എഴുതുന്ന ഈ സമൂഹം ആരാണോ സ്വീകരിക്കുന്നത് അവർക്ക് വിജാതീയരെ സഭയിൽ എടുക്കാൻ ഒട്ടും താത്പര്യം ഇല്ല. വിജാതീയരെ സഭയിൽ എടുക്കുന്ന സഭകളോട് അവർക്ക് പരമ പുച്ഛ

മാണ്. പൗലോസ്ശ്ലീഹായെ ഒക്കെ കാണുന്നത് തന്നെ അവർക്ക് അസ്വസ്ഥതയാണ്. അവർ അത്രയ്ക്ക് ശുദ്ധരക്തമുള്ള, യഹൂദരായി സ്വയം വാഴ്ത്തിക്കൊണ്ടിരുന്ന ഒരു സഭയാണ്. മത്തായിക്ക് അറിയാം ഈ വിജാതീയരെ സഭയിൽ എടുത്തില്ലെങ്കിൽ തന്റെ സഭയുടെ ഭാവി അപകടത്തിൽ ആണെന്ന്. അതുകൊണ്ട് മത്തായി ആ ഒരു അജപാലന പ്രശ്നത്തിന് കൃത്യതയോടെ ഒരു ഉത്തരം നല്കാൻ ശ്രമിക്കുകയാണ്. അതായത് ഒരു പ്രശ്നത്തെ എങ്ങനെയാണ് പരിഹരിക്കേണ്ടത് എന്ന കൃത്യമായ മാർഗ്ഗ രേഖയാണ് ഈ വചനഭാഗം. ഒരു നല്ല അജപാലന മാർഗ്ഗരേഖകൂടിയാണിത്. അവരുടെ വികാരത്തെയും വിചാരത്തെയും വ്രണപ്പെടുത്താതെ തന്നെ ഈശോയെക്കൊണ്ട് മത്തായിശ്ലീഹാതന്നെ പറയിപ്പിക്കുകയാണ്; ശരിയാണ് രക്ഷ യഹൂദർക്ക് വേണ്ടി മാത്രമുള്ളതാണ്. വിജാതീയർ നമ്മുടെയൊപ്പം അത്ര പ്രാധാന്യമുള്ളവരല്ല. യഹൂദരുടെ ആ ചിന്താഗതി ഈശോയും പങ്കുവയ്ക്കുകയാണ്. പക്ഷേ, ഈശോ അവളുടെ വിശ്വാസത്തിന്റെ ആഴം കാണിച്ചുകൊണ്ട് പറയുകയാണ് അവരെ അവഗണിക്കാൻ ആവാത്ത വിധം അത്രകണ്ട് ആഴത്തിൽ ആത്മാർത്ഥതയുള്ളതാണ് അവരുടെ വിശ്വാസമെന്ന് നിങ്ങൾ തിരിച്ചറിയണമെന്ന്. ഇത് നമുക്ക് എല്ലാവർക്കും ഉള്ള ഒരു പാഠം തന്നെയാണ്.

പ്രത്യക്ഷത്തിൽ നമ്മൾ പലരെക്കുറിച്ചും പല തെറ്റിദ്ധാരണകൾ മനസ്സിൽ കരുതിവെയ്ക്കും. ഇവനൊന്നും ശരിയല്ല, ആള് പിശകാണ്, ഇവൻ പള്ളിക്ക് എതിരാണ്, പണ്ട് വാട്സാപ്പിൽ എനിക്കെതിരെ പോസ്റ്റ് ഇട്ടവനാണ്, അതല്ലായെങ്കിൽ പൊതുയോഗത്തിൽ എനിക്കെതിരെ കൈചൂണ്ടി സംസാരിച്ചവനാണ്; ഇവനൊന്നും ഒരു ഗതിയും പിടിക്കാൻ പോകുന്നില്ല. എന്നുള്ള നമ്മുടെ പൊതുധാരണകളെ ദൈവമായ കർത്താവ് തിരുത്തുകയാണ്. ഒരു നിർണ്ണായക സമയത്ത് ആ മനുഷ്യൻ കാണിക്കുന്ന വിശ്വാസത്തിന്റെ സ്ഥിരതയും തീക്ഷ്ണതയും ആത്മാർത്ഥതയും തിരഞ്ഞെടുക്കപ്പെട്ടവരുടെ വിശ്വാസത്തെക്കാളും ഉദാത്തവും തീക്ഷ്ണവും തീവ്രവും ആണ്. വാസ്തവത്തിൽ ആരെങ്കിലും പറയുന്നത് കേട്ടല്ല, നാം മറ്റുള്ളവരെ വിധിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത്. അവനിലെ ദൈവവിശ്വാസത്തിന്റെ ആഴമളക്കാൻ നമ്മുടെ കയ്യിലെ അളവുകോലുകൾ അപര്യാപ്തമാണെന്ന് ഈശോമിശിഹാ മത്തായിശ്ലീഹായുടെ സമൂഹത്തെ പഠിപ്പിക്കുകയാണ്. നിങ്ങൾ നാളിതുവരെ മറ്റുള്ളവരെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും ശരിയായിരിക്കാം. പക്ഷേ ആ ശരിക്കും അപ്പുറം മനസ്സിലാക്കേണ്ട ഒരു സത്യം ഉണ്ട്. അപരന്റെ ആത്മാവിനെ അളക്കുവാൻ ദൈവത്തിന് മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ആരെയും തള്ളിക്കളയേണ്ടതില്ല. എന്നു മാത്രമല്ല, നമ്മിൽപ്പോലും ഇല്ലാത്ത ആഴമുള്ള വിശ്വാസം ഈ കാനാൻകാരി സ്ത്രീയെപ്പോലുള്ള സാധാരാണ അമ്മമാർക്കും ഉണ്ട് എന്ന് ഈശോ പറഞ്ഞ് തരുമ്പോൾ അത് ഈ കാലഘട്ടത്തിന് വേണ്ട ഒരു സന്ദേശമാണെന്ന് ഞാൻ വിചാരിക്കുന്നു. ഏറെ കിഴക്കോട്ട് പോകുന്നവൻ പടിഞ്ഞാറെത്തുമെന്ന് ഒരു പഴഞ്ചൊല്ലുണ്ട്. അത് സാമാന്യ തത്വമാണ്. അതായത്, ഏതൊന്നിനുവേണ്ടി വാദിക്കുന്നുവോ അതിന്റെ വിപരീതദിശയിൽ എത്തിച്ചേരും. സമുദായം വളരണം, സഭ വളരണം, നമ്മൾ ശക്തരാകണം, ഒറ്റക്കെട്ടായി

നിൽക്കണം. എനിക്ക് അതിനോട് എതിരുമില്ല. ഞാൻ അതിനുവേണ്ടി വാദിക്കുന്ന ആളു മാണ്. പക്ഷേ അത് അതിരുവിട്ടുകഴിയുമ്പോൾ അത് സുവിശേഷത്തെ വിലകെടുത്തു മ്പോൾ അത് സ്നേഹത്തെയും കരുതലിനെയും കാരുണ്യത്തെയും മറക്കുമ്പോൾ നമ്മൾ വളർത്തിയെടുക്കാൻ ശ്രമിക്കുന്ന സമുദായ ബോധത്തിന് ഈശോമിശിഹായും ആയിട്ടോ അവന്റെ സുവിശേഷങ്ങളുമായിട്ടോ ബന്ധമുണ്ടാകില്ലായെന്ന സത്യം നമ്മൽ തിരിച്ചറി യണം. പലപ്പോഴും സമുദായ ബോധം എന്നത് തെറ്റായ ദിശയിൽ സഞ്ചരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. റെമീജിയോസ് പിതാവ് അതിന് നിരന്തരം ഇരയാകുന്ന കഥാപാത്രമാണെന്ന് എനിക്കറിയാം. അത്രയൊന്നും കേട്ടില്ലെങ്കിലും സമാനമായി ഞാനും കേട്ടിട്ടുണ്ട്. അത് എന്തുകൊണ്ട് എന്ന് ചോദി ച്ചാൽ വെറുപ്പിലും വൈരാഗ്യത്തിലും മറ്റുള്ളവരോടുള്ള അസൂയയിലും അടിസ്ഥാന മിട്ട് ഒരു സമുദായ സങ്കല്പം വളർത്തിയെടുക്കാൻ പറ്റില്ല. അത് സ്വയം നശിച്ച് പോകാ റുള്ള സങ്കല്പം മാത്രമാണ്. ക്രിസ്തു അല്ലെങ്കിൽ സുവിശേഷകൻ തന്റെ ഈ കമ്യൂ ണിറ്റിയെ ബോധ്യപ്പെടുത്തുകയാണ്. What is wrong in our understanding? നമ്മുടെ പ്രശ്നം? നമ്മൾ ദൈവത്തിന്റെ പദ്ധതി അനുസരിച്ചല്ല നീങ്ങുക. നമ്മൾ ഈ വെറുപ്പി ന്റെയും വൈരാഗ്യത്തിന്റെയും മറ്റുള്ളവരോടുള്ള തീർത്താൽ തീരാത്ത പകയുടെയും അസൂയയുടെയും ആധാരശിലകളിൽ നമ്മുടെ സമുദായത്തിന്റെ വളർച്ച സ്വപ്നം കാണു ന്നവരാണ്. അതൊരിക്കലും നടക്കാൻ പോകുന്നില്ല. അത്യന്തികമായി നമ്മളെല്ലാവരും ദൈവമക്കൾ എന്ന സുന്ദരമായ ചിന്തകളോടെ ജീവിച്ചു തുടങ്ങണം.

അരിസ്റ്റോട്ടിലിന്റെ ഒരു ചിന്തയുണ്ട്. അദ്ദേഹം പറയും മനുഷ്യന് രണ്ട് തരം കഴി വുണ്ട്. ഒന്ന് അവന്റെ സോഫ്റ്റ് പവ്വർ, മറ്റൊന്ന് അവന്റെ ഹാർഡ് പവ്വർ. ഈ ഹാർഡ് പവ്വർ എന്ന് പറഞ്ഞാൽ അവന്റെ Muscle power, money power അതുപോലെതന്നെ ആൾബലം കാണിക്കുക കൈയ്യൂക്കുകൊണ്ട് അടിച്ചോടിക്കുക, കാര്യം സാധിക്കുക ഇങ്ങനെയുള്ള ആയുധബലമെല്ലാം മനുഷ്യന്റെ ഹാർഡ് പവ്വറുകളാണ്. അതേ സമയം അവന്റെ സോഫ്റ്റ് പവ്വറുകളും ഉണ്ട്. അപരനെ കാണുമ്പോൾ ചിരിച്ചു കാണിക്കുക, കൂടെപോയി ഇരിക്കുക, പിണങ്ങി നിൽക്കുന്നവരോട് വർത്തമാനം പറഞ്ഞ് അടുപ്പി ക്കുക ഈ സോഫ്റ്റ് പവ്വറുകൾ ഉപയോഗിക്കാൻ സാധിക്കുന്നത് ആത്മീയതയിൽ ആഴ പ്പെട്ടവർക്ക് മാത്രമാണ്. മറ്റേത് ഏത് കാടനും പറ്റുന്ന പണിയാണ്. ചീത്തവിളിക്കുക, തെറിവിളിക്കുക, ബഹളമുണ്ടാക്കുക എന്നിവയെല്ലാം ഈ കാലഘട്ടിലെ ആത്മീയത യുടെ ശോഷണം സൂചിപ്പിക്കുന്നു.

പ്രിയപ്പെട്ട വൈദികരെ നമ്മൾ അജപാലന ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ വളരെ ഗൗരവത്തോടെ ചിന്തിക്കണം. നമുക്ക് വളരാൻ ഒരു മാർഗ്ഗരേഖയുണ്ട്. അത് നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷമാണ്. ആ സുവിശേഷമാകട്ടെ സ്നേഹ ത്തിലും കരുതലിലും അധിഷ്ഠിതമാണ്. അതിനെ ബലികൊടുത്തുകൊണ്ട് നാം വളർത്തിയെടുക്കാൻ ശ്രമിക്കുന്ന സമുദായ ശക്തി എന്ന് പറയുന്നത് ഒരിക്കലും നമു ക്കൊരു മൂലധനം ആകില്ല. മറിച്ച് ഒരു ബാധ്യത ആവുകയേയുള്ളൂ എന്ന് നാം ഓർക്ക

ണം. കാരണം ആദിമസഭത്തൊട്ട് ഇന്നോളം പ്രശ്നങ്ങളിലൂടെയാണ് സഭ കടന്നുവന്നത്. പ്രശ്നങ്ങൾ ഇല്ലാത്ത ഒരു കാലവും ശുദ്ധമാന സഭയുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഞങ്ങൾ മെത്രാന്മാരായി തിരഞ്ഞെടുക്കപ്പെടുമ്പോൾ റോമിൽ ഒരു പരിശീലന ക്ലാസുണ്ടായിരുന്നു. ഞങ്ങൾക്ക് ക്ലാസെടുക്കാൻ വന്നതിൽ ഒരാൾ ചിക്കാഗോയിലെ കാർഡിനൽ ക്യൂപിക്സ് 'The problem confronted by the church' എന്നതിനെക്കുറിച്ചാണ് ഇദ്ദേഹം വലിയ പ്രഭാഷണം നടത്തിക്കൊണ്ടിരുന്നത്. ഞങ്ങൾ കൂട്ടത്തിലുള്ള Langaster രൂപതയിലെ ബിഷപ്പ് പോൾ എഴുന്നേറ്റ് ചോദിച്ചു I have a question. Can you point out one single year in the history of the church it completely free from all problams? കാർഡിനൽ ക്യൂപിക്സ് പറഞ്ഞു "Yes you got it. So, I stop the class."

സഭയ്ക്ക് എല്ലാ കാലവും പ്രശ്നങ്ങൾ ഉണ്ട്. നമ്മൾ ഒരിക്കലും വിചാരിക്കരുത് നമ്മൾ മാത്രമാണ് പ്രശ്നങ്ങളുടെ നടുവിലെന്ന്. തിളച്ച എണ്ണയിൽ ക്രിസ്ത്യാനികളേയും അച്ചന്മാരേയും മുക്കിക്കൊന്നു. ഇന്ന് മെത്രാനച്ചന്മാർ അരക്കെട്ടിൽ ചുവന്ന തുണി കെട്ടുന്നത് ഒരാടയാഭരണമാണെങ്കിൽ യഥാർത്ഥത്തിൽ അതിനർത്ഥം എന്തെന്ന് ചോദിച്ചാൽ ഒരു ക്രിസ്തീയ കമ്യൂണിറ്റിയിൽ ആളുകളെ കൊല്ലാൻ വരുമ്പോൾ ആദ്യം കൊല്ലേണ്ടത് ആരെയെന്ന ഐഡന്റിറ്റി ചെയ്യാൻ വേണ്ടി ഉള്ളതായിരുന്നു. ഒരു രക്തസാക്ഷിത്വത്തിന്റെ സൂചനയാണ് ചുവന്ന തുണി എന്ന് നമ്മൾ തിരിച്ചറിയണം. അതായത് സഭ എക്കാലവും പ്രശ്നങ്ങളുടെ നടുവിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരുന്നത്. ആ പ്രശ്നങ്ങളുടെ നടുവിൽ തന്നെയാണ് സുവിശേഷം ജീവിക്കേണ്ടത് എന്നതാണ് യാഥാർത്ഥ്യം. പ്രശ്നങ്ങൾ ഇല്ലാത്ത ലോകത്തിൽ നമ്മളെ കൊണ്ടുപോയി പറിച്ചുനട്ട് അവിടെ സുവിശേഷം ജീവിക്കാം എന്ന സ്വപ്നം കാണുന്നതിൽ അർത്ഥമില്ല.

ബെനഡിക്റ്റ് മാർപാപ്പ പറഞ്ഞ ഒരു ചിന്ത പങ്കുവച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. പാപ്പ പറഞ്ഞു; സഭയ്ക്ക് രണ്ട് ചരിത്രമുണ്ട്. ഒന്നാമത്തെ ചരിത്രം പരിശുദ്ധാത്മാവ് എഴുതുന്ന തിരുസഭയുടെ മഹിതമായ ചരിത്രമാണ്. അത് തിരുസഭയോട് ചേർന്ന് നിൽക്കുന്ന, അനുസരിക്കുന്ന, സഭയെ ശുശ്രൂഷിക്കുന്ന 99 ശതമാനം വൈദികരും ചെയ്യുന്ന, സിസ്റ്റേഴ്സ് ചെയ്യുന്ന, ഈ അത്മായസഹോദരങ്ങൾ ചെയ്യുന്ന സഭയുടെ മഹിതമായ ചരിത്രമാണത്. പരിശുദ്ധാത്മാവ് എഴുതുന്ന ഈ ചരിത്രത്തിന് ലോകത്തിൽ ഇന്ന് വലിയ മാർക്കറ്റ് വാല്യു ഒന്നുമില്ല. പക്ഷേ പിശാചും സഭയുടെ ചരിത്രം എഴുതുന്നുണ്ട്. പിശാച് എഴുതുന്ന ഈ ചരിത്രത്തോട് സഹകരിക്കുന്ന വൈദികരും സിസ്റ്റേഴ്സും അല്മായരും ഉണ്ട്. അത് 1 ശതമാനം മാത്രമേയുള്ളൂ എന്നതാണ് സത്യം. പക്ഷേ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ ചരിത്രം എഴുതാൻ റപ്രസന്റേറ്റീവ് ആയിട്ട് ഒന്ന് രണ്ട് പേരുണ്ട്. അവർ തങ്ങളുടെ ഉതപ്പാർന്ന ജീവിതത്തിലൂടെയോ അല്ലെങ്കിൽ മറ്റു പ്രവർത്തനങ്ങളിലൂടെയോ ആവാം പിശാചിന്റെ കരങ്ങളിൽ തിരുസഭയുടെ ചരിത്രം എഴുതിക്കുന്നതും.

പരി. പിതാവ് പറയുകയാണ് പിശാച് എഴുതുന്ന ഈ സഭയുടെ ഇരുണ്ട ചരിത്രം അതിനോട് സഹകരിക്കുന്ന അപൂർവ്വം ചില വൈദികരും സമർപ്പിതരും അത്മായസ

ഹോദരങ്ങളുടേതുമാണ്. അവരെഴുതുന്ന ഈ ഇരുണ്ട ചരിത്രത്തിന് അപാരമായ മാർക്കറ്റ് വാല്യു ഇന്നുണ്ട്. മാധ്യമങ്ങൾക്ക് അതുമതി. അവരാഘോഷിക്കുന്നത് അതാണ്. സഭയുടെ ചരിത്രമെന്നാൽ ഈ ഇരുണ്ട ചരിത്രമാണെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രത എല്ലാ കോണുകളിൽനിന്നും ശക്തിപ്പെടുന്നുണ്ട്. പ്രിയപ്പെട്ടവരെ നാം തിരിച്ചറിയണം That's not the history of the church. സഭയുടെ ചരിത്രം എന്ന് പറയുന്നത് വിനീതരായ, വിശ്വസ്തരായ, വിശുദ്ധരായ കോടാനുകോടി മനുഷ്യരിലൂടെ പരിശുദ്ധാത്മാവ് രചിക്കുന്ന തിരുസഭയുടെ മഹിതമായ ചരിത്രമാണ്. ആരെല്ലാം അത് മറന്നാലും പ്രിയപ്പെട്ട വൈദികരെ, സമർപ്പിതരെ, അത്മായ സഹോദരരെ നമ്മളാ ചരിത്രം മറക്കരുത്. കാരണം അതാണ് നമ്മുടെ യഥാർത്ഥ ചരിത്രം. ആ ചരിത്രം ഇനിയും തുടരേണ്ടത് നമ്മളിലൂടെയാണ് എന്ന തിരിച്ചറിവിലേക്ക് നാം വളരേണ്ടതുണ്ട്. ആ വിശ്വാസത്തിലേക്ക് വളരുവാൻ ഈ കാനാൻകാരി സ്ത്രീയുടെ കഥ നമ്മെ പ്രേരിപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.



# വിശ്വാസപരിശീലനം

**വിശ്വാസപരിശീലന വർഷം 2022–2023**

‘എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ’ (യോഹ. 15:9)

ബഹുമാനപ്പെട്ട വൈദികരെ, ഹെഡ്മാസ്റ്റർമാരെ അധ്യാപകരെ,

2022–2023 വർഷത്തെ കോവിഡാനന്തര വിശ്വാസ പരിശീലനം നാം ആരംഭിക്കുകയാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ തീക്ഷ്ണതയുള്ള ഒരു വിശ്വാസപരിശീലന വർഷം എല്ലാവർക്കും ആശംസിക്കുന്നു

### ഹൃദയപൂർവ്വം നന്ദി

വിശ്വാസപരിശീലനത്തിന്റെ മേഖലാ ഡയറക്ടർമാരായി ശുശ്രൂഷ ചെയ്തശേഷം പുതിയ ശുശ്രൂഷ മേഖലയിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹു. ജെയിംസ് വാമറ്റത്തിലച്ചനും, തോമസ് നാഗപറമ്പിലച്ചനും, കുര്യാക്കോസ് ഐക്കൊളമ്പിലച്ചനും, മാത്യു മാവേലിയച്ചനും, മാത്യു പെരുവേലിയച്ചനും, ജോസ് ഓലിയകാട്ടച്ചനും ഹൃദയപൂർവ്വം നന്ദി പറയുന്നു.

### മേഖല ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതം

തിരുവമ്പാടി മേഖല വിശ്വാസപരിശീലന ഡയറക്ടറായി നിയമിതനായിരിക്കുന്ന തോമസ് നാഗപറമ്പിലച്ചനും, കോടഞ്ചേരി മേഖലാ ഡയറക്ടർ കുര്യാക്കോസ് ഐക്കൊളമ്പിലച്ചനും, താമരശ്ശേരി മേഖലാ ഡയറക്ടർ മാത്യു പുളിമൂട്ടിലച്ചനും, കരുവാരകുണ്ട് മേഖലാ ഡയറക്ടർ തോമസ് പൊരിയത്തച്ചനും, കൂരാച്ചുണ്ട് മേഖലാ ഡയറക്ടർ വിൻസെന്റ് കണ്ടത്തിലച്ചനും, പെരിന്തൽമണ്ണ മേഖലാ ഡയറക്ടർ ജിൽസ് കാരികുന്നേലച്ചനും സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

### വിശ്വാസപരിശീലന വർഷാരംഭം

- 2022 ജൂൺ 5 ഞായറാഴ്ച പന്തക്കുസ്താ തിരുനാൾ ദിവസം ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. (ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചൻമാർ വിശ്വാസ പരിശീലകരെ ഈ ദിവസം ആശീർവദിച്ച് പ്രാർത്ഥിച്ച് നല്ല ഒരു തുടക്കത്തിനു വേണ്ടി ആത്മീയമായി ഒരുക്കുമല്ലോ)
- ഈ വർഷത്തെ മതബോധന പ്രമേയം ‘എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ. (യോഹ. 15:9)
- മതബോധന പ്രമേയം അടങ്ങിയ ഒരു കലണ്ടർ എല്ലാ വികാരിയച്ചൻമാർക്കും അധ്യാപകർക്കും നൽകുന്നതാണ്.
- ഈ വർഷം അധ്യാപകരുടെ മേഖല തിരിച്ചുള്ള സംഗമങ്ങൾ നടന്നതിനാൽ ജൂൺ മാസത്തിൽ നടത്താറുള്ള പ്രധാനാധ്യാപക സംഗമം ഉണ്ടായിരിക്കുന്നതല്ല.

### പുസ്തകവിതരണം

- മെയ് മാസത്തിൽ തന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം എടുക്കുകയും ജൂൺ മാസത്തിൽ അത് അവർക്ക് എത്തിച്ചുകൊടുക്കാനുള്ള ക്രമീകരണങ്ങൾ ഇടവകയിൽ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ ചെയ്യുകയും ചെയ്യുക.
- ഉപപാഠപുസ്തകങ്ങളെല്ലാം തയ്യാറായിട്ടുണ്ട്. പാഠപുസ്തകങ്ങളോടൊപ്പം ഉപപാഠപുസ്തകളും കൊണ്ടു പോകേണ്ടതാണ്. +1, +2 ക്ലാസുകളിൽ വാടാമലരുകൾ, വിശുദ്ധരുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന ഉപ പാഠപുസ്തകങ്ങൾ ഈ വർഷം ഉണ്ടായിരിക്കും.
- പുസ്തകങ്ങളുടെ വില PDF ഫയലായി ഹെഡ്മാസ്റ്റർമാരുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ ഇടുന്നതാണ്.
- പാഠപുസ്തകങ്ങളുടെയും ഉപപാഠ പുസ്തകങ്ങളുടെയും തുക വർഷാരംഭത്തിൽ തന്നെ നൽകാൻ പരിശ്രമിക്കേണ്ടതാണ്

### ഗുരുദക്ഷിണ

- ഗുരുദക്ഷിണ Rs. 20/ എല്ലാ കുട്ടികളിൽ നിന്നും വിശ്വാസപരിശീലന വർഷാരംഭത്തിൽ തന്നെ കളക്ട് ചെയ്തു നൽകണമെന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

### റിപ്പോർട്ടുകളുടെ സമർപ്പണം

- വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട പ്രാഥമിക റിപ്പോർട്ടും, അധ്യാപകരുടെ വിവരങ്ങളും, വാർഷിക റിപ്പോർട്ടും, ACC കോഴ്സിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെ ലിസ്റ്റ് എന്നിവ 2022 ജൂലൈ 2 ന് മുമ്പായി മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്.

### ആമുഖ സെമിനാർ

- ഈ വർഷത്തെ ആമുഖസെമിനാർ 2022 ജൂലൈ 9 ശനി, 10 ഞായർ എന്നീ ദിവസങ്ങളിൽ PMOC യിൽ വച്ച് നടക്കുന്നതാണ്. (പുതുതായി വിശ്വാസ പരിശീലനത്തിലേക്ക് കടന്നുവന്നവരും, ഇതുവരെ ആമുഖ സെമിനാറിൽ പങ്കെടുക്കാത്തവരും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. ACC അധ്യാപകർ ഈ സെമിനാറിൽ പങ്കെടുക്കേണ്ടതില്ല)

### എവുക്കരിസ്തിയ (അധ്യാപക സെമിനാർ STD V)

- ഈ വർഷം EUCHARISTIA അഞ്ചാം ക്ലാസിൽ പഠിപ്പിക്കുന്ന വിശ്വാസ പരിശീലകർക്ക് വേണ്ടിയാണ് നാം സംഘടിപ്പിക്കുന്നത്. 2022 ജൂൺ 12 ഞായർ 9 AM 3 PM വരെയായിരിക്കും പ്രോഗ്രാം

### ലൂമിന

- ഈ വർഷത്തെ ലൂമിന പ്രോഗ്രാമുകളുടെ തീയതികൾ വിശ്വാസപരിശീലന കലണ്ടറിൽ നൽകിയിട്ടുണ്ട്, ഓരോ മേഖലയിലും പതിവുപോലെ ലൂമിന നടത്താനുള്ള ക്രമീകരണങ്ങൾ മേഖലാ പ്രസിഡണ്ടുമാരുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

### മതബോധന ദിനം

- 2022 ജൂലൈ 31 ഞായർ മതബോധന ദിനമാണ്. മതബോധനത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന പ്രോഗ്രാമുകൾ ഓരോ ഇടവകയിലും നടത്തേണ്ടതാണ്.

### വൈദികരെ ആദരിക്കാൻ

- ആഗസ്റ്റ് 4 വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം. ഇടവകയിലെ വൈദികരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

### മതാധ്യാപകദിനം

- 2022 നവംബർ 6 ഞായർ മതാധ്യാപക ദിനമാണ്. അന്നേദിവസം എല്ലാ വിശ്വാസ പരിശീലകരെയും ഇടവകയിൽ പ്രത്യേകമായി ആദരിക്കുകയും, ആശംസകൾ അർപ്പിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

### ACC കോഴ്സ്

- ACC (Advanced Course in catechesis) ഓൺലൈൻ ക്ലാസുകൾ 2022 ജൂലൈ 3 മുതൽ ആരംഭിക്കുന്നതാണ്. എല്ലാ മാസത്തിലെയും 1 & 3 ഞായറാഴ്ചകളിൽ ആയിരിക്കും ACC ക്ലാസ്സുകൾ നടക്കുന്നത്. ACC അധ്യാപകർ അനുയോജ്യമായ സമയങ്ങളിൽ ACC ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കാവുന്നതാണ്. അവരുടെ ഹാജർ രജിസ്റ്റർ സൂക്ഷിക്കുകയും ഹാജർ എടുക്കുകയും വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

### പ്രതിഭാ സംഗമം

- ഒക്ടോബർ 8 ശനിയാഴ്ച മേഖലാതല പ്രതിഭാ സംഗമങ്ങൾ നടത്തേണ്ടതാണ്. ഈ വർഷം പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്ക് മാത്രമേ പ്രതിഭാസംഗമം ഉണ്ടായിരിക്കുകയുള്ളൂ. രൂപതാതല പ്രതിഭാസംഗമം 2022 നവംബർ 11 ശനി, 12 ഞായർ ദിവസങ്ങൾ നടക്കുന്നതാണ്. PMOC യിൽ വെച്ചായിരിക്കും നടക്കുന്നത്. എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുന്നതാണ്.

### HCC I, II കോഴ്സുകൾ

- HCC I & HCC II രജിസ്ട്രേഷൻ ഫീസ് 200 രൂപയായിരിക്കും
- ജൂൺ 12 നുള്ളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ HCC രജിസ്ട്രേഷൻ ഫോമുകൾ കുട്ടികൾക്ക് വിതരണം ചെയ്യുക. 2022 ജൂലൈ 11 HCC ആപ്ലിക്കേഷൻ ഫോമുകളും, ACC കോഴ്സിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെ ലിസ്റ്റും മതബോധന ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ആണ്.

- HCC പരീക്ഷകൾ കോവിഡ് കാലത്ത് നടത്തിയതുപോലെ തുടർന്നും ഇടവകതലത്തിൽ പരീക്ഷയും, മേഖലാതല മൂല്യനിർണയവും ആയിരിക്കും.
- HCC രജിസ്ട്രേഷൻ ഫോമുകൾ അധ്യാപകരുടെ ഏകദിനധ്യാന സമയത്ത് ഹെഡ്മാസ്റ്റർമാർ കൈപ്പറ്റേണ്ടതാണ്.

## ASPCT (അധ്യാപകരുടെ തുടർപരിശീലനം)

- ഈ വർഷം അധ്യാപകരുടെ തുടർ പരിശീലനത്തിന് തിരഞ്ഞെടുത്തിരിക്കുന്ന പുസ്തകം, 'യേശു മഹോന്നതൻ' (ഫാ. ജെയിംസ് കിളിയനാനിക്കൽ) എന്ന പുസ്തകമാണ്. 180 രൂപക്ക് വിശ്വാസ പരിശീലകർക്ക് ഈ പുസ്തകം നൽകുന്നതാണ് (Original Price 320/). എല്ലാ അധ്യാപകരും ഈ പുസ്തകം വാങ്ങുകയും തുടർപരിശീലനത്തിന്റെ ഭാഗമായി പഠിക്കുകയും ചെയ്യുക.
- ASPCT (Advanced self study programme for catechism teachers) പരീക്ഷ ഇടവകയിൽ ഫെബ്രുവരി 26 ഞായർ 2 PM -3 PM വരെ നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ രൂപതയിൽ നിന്ന് അയച്ചു നൽകുന്നതാണ്. ഇടവക കേന്ദ്രീകരിച്ചായിരിക്കും പരീക്ഷകൾ നടക്കുന്നത്. ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് ചോദിക്കുന്നത്. ഓരോ ഇടവകയിലും ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്കുവേണ്ടി രൂപതാതല ഓൺലൈൻ (ഗൂഗിൾ ഫോം) ASPCT പരീക്ഷകൾ നടത്തി രൂപതാ തലത്തിൽ 1, 2, 3 സ്ഥാനക്കാരെ നിർണയിക്കുന്നതാണ്. മാർച്ച് 31 വെള്ളിയാഴ്ച ആയിരിക്കും രൂപതാതല ASPCT WINNERS ONLINE EXAM. പഠിക്കേണ്ട ഭാഗങ്ങൾ വിശ്വാസപരിശീലന കലണ്ടറിൽ നൽകിയിട്ടുണ്ട്.

## ഒന്നാം ക്ലാസ് പ്രവേശനം

- 2022 മെയ് 29 നുള്ളിൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.
- ഒന്നാം ക്ലാസ് പ്രവേശന ഫോമുകൾ, HCC രജിസ്ട്രേഷൻ ഫോമുകൾ, മതാധ്യാപക സർവ്വേ ഫോമുകൾ, പ്രൈമറി റിപ്പോർട്ട്, കലണ്ടർ, ACC വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ എഴുതാനുള്ള ഫോമുകൾ, അറിയിപ്പുകൾ എന്നിവ വിശ്വാസപരിശീലകരുടെ ഏകദിനധ്യാന സമയത്ത് കൈപ്പറ്റാവുന്നതാണ്.

## വിശ്വാസോത്സവം

- ഈ വർഷം വിശ്വാസോത്സവം ഉണ്ടായിരിക്കും. വിശ്വാസോത്സവത്തിന് ഒരുക്കമായുള്ള പഠനശിബിരം 2023 മാർ ച്ച് 11 ശനി താമരശ്ശേരിയിൽ വച്ച് നടക്കുന്നതാണ്. ഓരോ ഇടവകയിൽ നിന്നും ക്യാമ്പ് നടത്താനും, ക്ലാസ്സുകൾ എടുക്കാനും കഴിവുള്ള മൂന്ന് അധ്യാപകരെ ഈ പഠനശിബിരത്തിലേക്ക് പറഞ്ഞയക്കേണ്ടതാണ്. ട്രെയിനിങ് കിട്ടിയ അധ്യാപകർ ഇടവകയിൽ മറ്റ് അധ്യാപകരെ ഒരുക്കേണ്ടതാണ്.
- മാർച്ച് 27, 28, 29 തീയതികളിൽ ആയിരിക്കും വിശ്വാസോത്സവം

### സ്കോളർഷിപ്പ് പരീക്ഷകൾ

- ഏപ്രിൽ 22 ന് ആയിരിക്കും സ്കോളർഷിപ്പ് പരീക്ഷകൾ.

### ബൈബിൾ നഴ്സറി

- ബൈബിൾ നഴ്സറി ക്ലാസുകൾ ആരംഭിക്കാത്ത പള്ളികളിൽ ഈ വിശ്വാസപരിശീലനവർഷത്തിൽ ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

### വിശ്വാസപരിശീലന കലണ്ടർ

- വിശ്വാസപരിശീലന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും അധ്യാപകർക്കും കലണ്ടർ നൽകുന്നതാണ്. കലണ്ടറിന്റെ വില RS: 30/-. പാഠപുസ്തകങ്ങളോടൊപ്പം കലണ്ടറും കൊണ്ടുപോകേണ്ടതാണ്.

### യുവജന വിശ്വാസപരിശീലനം - Advanced Course in Catechesis (ACC)

വിശ്വാസപരിശീലനം കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിലും സംസ്കാരത്തിലും വളരാൻ വളരെ യധികം സഹായിക്കുന്നുണ്ട്. കാലഘട്ടത്തിന്റെവെല്ലുവിളികളും, പരിശീലനത്തിന്റെ ന്യൂനതകളും, കുട്ടികളുടെ വിശ്വാസരൂപീകരണത്തെ സ്വാധീനിക്കുന്നുണ്ടെങ്കിലും വിശ്വാസപരിശീലനം ജീവവായുപോലെ അവരുടെ ആത്മീയജീവിതത്തിന് ആവശ്യമാണ്.

താമരശ്ശേരി രൂപതയിൽ ബൈബിൾ നഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ നാം ക്രമമായും, ചിട്ടയോടു കൂടിയതുമായ വിശ്വാസപരിശീലനം നൽകുന്നുണ്ട്. എന്നാൽ യുവജനങ്ങളെ യേശു സ്നേഹത്തിൽ കൂടുതൽ ആഴപ്പെടുത്താൻ HCC II (Higher Course in Catechesis) പഠനം പൂർത്തിയാക്കിയ താമരശ്ശേരി രൂപതയിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരു തുടർവിശ്വാസപരിശീലനം നൽകണമെന്ന് രൂപതാ അസംബ്ലി നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വൈദികസമിതിയുടെ അംഗീകാരത്തോടെ Advance Course in Catechesis (ACC) എന്ന പേരിൽ മൂന്നുവർഷം നീളുന്ന ഓൺലൈൻ വിശ്വാസപരിശീലനം നാം ആരംഭിക്കുകയാണ്. പ്ലസ് ടു പഠനത്തിനുശേഷം വിവിധ കോഴ്സുകളിൽ ചേർന്നിരിക്കുന്ന വിദ്യാർത്ഥികൾ വിദൂരങ്ങളിലാണെങ്കിൽപോലും ഈ ഓൺലൈൻ വിശ്വാസപരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിക്കും. 2021-2022 വിശ്വാസപരിശീലനവർഷം HCC II പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികളും ഈ തുടർവിശ്വാസപരിശീലനത്തിന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### കോഴ്സിന്റെ ലക്ഷ്യങ്ങൾ

- വിശ്വാസത്തിലും, സന്മാർഗത്തിലും വിദ്യാർത്ഥികൾക്ക് തുടർപരിശീലനം
- ദൈവാലയത്തോടും ദൈവിക കാര്യങ്ങളോടും, സഭയോടും ചേർത്ത് നിർത്തുക.
- ക്രൈസ്തവ സംസ്കാരം വളർത്തി കാലഘട്ടത്തിന്റെ പ്രതിസന്ധികളെയും, വെല്ലുവിളികളെയും, അപകടങ്ങളെയും നേരിടാൻ സജ്ജരാക്കുക.

- യുവജന കൂട്ടായ്മയിൽ ചേർത്തു നിർത്തുക.
- രൂപതയ്ക്കു പുറത്ത് പഠിക്കുന്ന യുവജനങ്ങളെ രൂപതയോടൊപ്പം നിർത്തുക.
- ആത്മീകവും ഭൗതീകമായി സഹായിക്കുക.

## കോഴ്സിന്റെ ക്രമീകരണങ്ങൾ

- ACC കോഴ്സ് 3 വർഷമായിരിക്കും.
- 2021-2022 ൽ HCC കോഴ്സ് പൂർത്തിയാക്കിയവരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്.
- ക്ലാസുകൾ ഓൺലൈൻ വഴിയായിരിക്കും, വർഷാവസാനം മൂല്യനിർണ്ണയം ഉണ്ടായിരിക്കും.
- മാസത്തിലെ ഒന്നും, മൂന്നും ഞായറാഴ്ച്ചകളിൽ 1 മണിക്കൂർ സമയം എന്ന രീതിയിൽ ആയിരിക്കും ക്ലാസുകളുടെ ക്രമീകരണം
- ഞായറാഴ്ചകളിലെ ഓൺലൈൻ ക്ലാസുകൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ അനുകൂലമായ സമയത്ത് ക്രമീകരിക്കാവുന്നതാണ്.
- പഠനവിഷയങ്ങൾ PDF ആയി അയച്ചു നൽകുന്നതാണ്.
- വർഷത്തിൽ ഒരു കോണ്ടാക്ട് ക്ലാസ്സ് മേഖലാതലത്തിൽ സംഘടിപ്പിക്കുന്നതാണ്.
- പാഠ്യവിഷയങ്ങളെ അടിസ്ഥാനമാക്കി വർഷാവസാനം മൂല്യനിർണയം ഉണ്ടായിരിക്കുന്നതാണ് (ഒബ്ജറ്റീവ് ടൈപ്പ്)
- 3 വർഷം നീളുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- കോഴ്സ് ഫീസ് ഒരു വർഷത്തേക്ക് Rs.200 ആയിരിക്കും. (വീഡിയോ റിക്കോർഡിങ്ങ്, എഡിറ്റിംഗ്, രജിസ്ട്രേഷൻ ഫോം, ടീച്ചേർസ് ട്രെയിനിങ്, കോൺടാക്ട് ക്ലാസ്, കോഴ്സ് സർട്ടിഫിക്കറ്റ്, മെമെന്റോ, കാഷ് അവാർഡ്, തുടങ്ങിയ ചിലവുകൾക്കുവേണ്ടി).

## സിലബസ്

ബൈബിൾ പഠനങ്ങൾ, സഭാചരിത്രം, സഭാ പ്രബോധനങ്ങൾ, സഭാനിയമങ്ങൾ, ദൈവശാസ്ത്രവിഷയങ്ങൾ, സമകാലിക സംവാദങ്ങൾ, ശാസ്ത്രവും ദൈവശാസ്ത്രവും, തുടങ്ങിയ എല്ലാ മേഖലകളും ചർച്ചാവിഷയമാകുന്ന വിധത്തിൽ പ്രഗൽഭരായ എഴുത്തുകാരുടെ വ്യത്യസ്ത ലേഖനങ്ങളായിരിക്കും PDF ആയി പാഠ്യവിഷയങ്ങളായി നൽകുന്നത്.

## ബഹു വികാരി അച്ചന്മാർ ശ്രദ്ധിക്കേണ്ടവ

- പതിമൂന്നാം ക്ലാസ്സിലേക്ക് യോഗ്യരായ അധ്യാപകരെ നിയമിക്കുക. യുവജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന അധ്യാപകരെ നിയമിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും.

- ACC ഓൺലൈൻ ക്ലാസ്സുകളിലും, ചർച്ചകളിലും വികാരിയച്ചൻന്മാരുടെ സാന്നിധ്യം അഭികാമ്യമാണ്
- അവധിക്കാലങ്ങളിൽ ACC കുട്ടികളെ ഇടവകതലത്തിൽ ഒരുമിച്ചുകൂട്ടുക.

### ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടവ

- പതിമൂന്നാം ക്ലാസിലേക്ക് നിയമിതനാകുന്ന അധ്യാപകരുടെ, പേര്, വിവരങ്ങൾ, അഡ്രസ്, ഇടവക, എന്നിവ രേഖപ്പെടുത്താൻ രൂപതയിൽ നിന്ന് നൽകുന്ന ഫോം പൂരിപ്പിച്ച് രൂപതാ മതബോധന ഓഫീസ് സെക്രട്ടറിയെ ഏൽപ്പിക്കുക. ACC കോഴ്സിന്റെ രൂപതാ സെക്രട്ടറി SR. ANN MARY SABS (+918547847735).
- പതിമൂന്നാം ക്ലാസ്സിലേക്ക് (ACC I) പ്രവേശിക്കുന്ന യുവജനങ്ങൾ രൂപതയിൽ നിന്ന് നൽകുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ഓൺലൈനായി രജിസ്ട്രേഷൻ ചെയ്യണം. അതോടൊപ്പംതന്നെ കോഴ്സിൽ പങ്കെടുക്കുന്ന എല്ലാ യുവജനങ്ങളുടെയും പേരുവിവരങ്ങൾ രൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ രേഖപ്പെടുത്തി ഫോം രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
- ഇടവകയിൽ ഉള്ള വിദ്യാർത്ഥികളുടെ കോഴ്സ് ഫീസ് Rs. 200 സമാഹരിച്ച് രൂപത മതബോധന ഓഫീസിൽ ഏല്പിക്കുക. ഇടവകയ്ക്ക് പുറത്തുള്ളവർ കോഴ്സ് ഫീസ് Online Payment ആയി നൽകേണ്ടതാണ്
- ACC കോഴ്സുകൾ ഓൺലൈനായിട്ടാണ് നടക്കുന്നതെങ്കിലും ഇടവകതലത്തിൽ കോഴ്സുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും വികാരിയച്ചന്മാരോട് ചേർന്ന് ഹെഡ്മാസ്റ്റർമാർ ചെയ്യേണ്ടതാണ്.
- ACC ഇടവകതലത്തിലുള്ള കൂട്ടായ്മയും, അധ്യാപകരുടെ സാന്നിധ്യവും, യുവജനങ്ങളുടെ പങ്കാളിത്തവും, ഹെഡ്മാസ്റ്റർമാർ പരിശോധിക്കുകയും, വികാരിയച്ചൻമാരെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

### ACC അധ്യാപകൻ ശ്രദ്ധിക്കേണ്ടവ

- രൂപതയിൽ നിന്ന് ലഭിക്കുന്ന ഫോമിൽ കോഴ്സിൽ പങ്കെടുക്കുന്ന മുഴുവൻ കുട്ടികളുടെയും പേരുവിവരങ്ങൾ രേഖപ്പെടുത്തുകയും ഒരു ഫോം ഇടവകയിൽ സൂക്ഷിക്കുകയും ഒരെണ്ണം ഹെഡ്മാസ്റ്റർവഴി രൂപതയിൽ ഏല്പിക്കുകയും ചെയ്യുക.
- ACC അധ്യാപകർക്കു വേണ്ടിയുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കുക.
- ക്ലാസ്സടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും, ഈ ഗ്രൂപ്പ് വഴി ക്ലാസിനു വേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തുകയും ചെയ്യുക.
- ഓൺലൈൻ ഫ്ളാറ്റ് ഫോമുകൾവഴി ക്ലാസ്സുകൾ നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
- രൂപതയിൽ നിന്ന് നൽകുന്ന വീഡിയോ ക്ലാസുകളും PDF ലേഖനങ്ങളും മുൻകൂട്ടി വിലയിരുത്തി ക്ലാസിനുള്ള തയ്യാറെടുപ്പുകൾ നടത്തുക.

- ക്ലാസുകൾ പ്രാർത്ഥനയോടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക.
- ഒരു മണിക്കൂർ സമയം ക്ലാസ്സികൾക്കും ചർച്ചക്കും സംശയനിവാരണത്തിനുമായി ഉപയോഗിക്കാവുന്നതാണ്.
- സിലബസിന് പുറത്തുള്ള ആനുകാലിക വിഷയങ്ങളും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ചർച്ച ചെയ്യാവുന്നതാണ്
- രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളുടെയും സാന്നിധ്യം ക്ലാസിൽ ഉറപ്പാക്കുക . എല്ലാ ക്ലാസ്സിലും ഹാജർ രേഖപ്പെടുത്തുകയും, പങ്കെടുക്കാത്തവരെ കൂട്ടായ്മയോട് ചേർത്ത് നിർത്താൻ പരിശ്രമിക്കുകയും ചെയ്യുക.
- അവധിക്കാലങ്ങളിൽ ACC കോഴ്സിൽ പങ്കെടുക്കുന്ന യുവജനങ്ങളെ ഇടവകതലത്തിൽ ഒരുമിച്ചു കൂട്ടുക.

**പതിമൂന്നാം ക്ലാസിൽ (ACC I ആദ്യബാച്ചിൽ) രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടവ**

- 2021/2022 വർഷത്തിൽ HCC കോഴ്സ് കഴിഞ്ഞ എല്ലാവരും അവരവരുടെ പേരുവിവരങ്ങൾ, അയച്ചുനൽകുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- 2022 ജൂൺ 30 മുൻപ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.
- ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്തെങ്കിലും കോഴ്സിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്ലാസ് അധ്യാപകൻ വഴി പേരുവിവരങ്ങൾ രൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.
- ഇടവകയിലുള്ളവർ കോഴ്സ് ഫീസ് Rs 200 ക്ലാസ് അധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്. അല്ലാത്തവർക്ക് ഓൺലൈൻ പേയ്മെന്റ് വഴി ഫീസ് അടയ്ക്കാവുന്നതാണ്.
- ക്ലാസ്സ് ദിവസങ്ങളിൽ നിശ്ചയിക്കപ്പെട്ട സമയത്ത് ഒരു മണിക്കൂർ ഓൺലൈൻ ക്ലാസ്സുകളിൽ നിർബന്ധമായും എല്ലാവരും പങ്കെടുക്കേണ്ടതാണ്.
- പാഠ്യവിഷയങ്ങളായി അയച്ചു തരുന്ന വിഷയങ്ങൾ പ്രിന്റ് എടുത്ത് സൂക്ഷിക്കുക. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വർഷാവസാനം ഓൺലൈൻ മൂല്യനിർണ്ണയം നടക്കുന്നത്. (OBJECTIVE TYPE)
- എല്ലാ വിദ്യാർത്ഥികളും ACC കോഴ്സിലുള്ള പങ്കാളിത്തം കൂട്ടായ്മയിലും സൗഹൃദത്തിലും സഭയോട് ചേർന്ന് നിൽക്കാനുള്ള ഒരവസരമായി കരുതുക. കൂടാതെ പഠിക്കുന്ന വിഷയങ്ങളെല്ലാം തന്നെ ക്രിസ്തീയ ജീവിത പക്വതയിലേക്ക് വളരാനുള്ള സഹായഘടകങ്ങളായി സ്വീകരിക്കുക.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് നാം കാലെടുത്തു വെക്കുമ്പോൾ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും ഏറെക്കുറേ കരകയറിയെന്ന പ്രതീക്ഷയിൽ, ഏറെമുൻപോട്ടു പോകാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട സമയമാണിത്. ചെറുപുഷ്പ മിഷൻ ലീഗ് സംഘടന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തിലേയ്ക്ക് പ്രവേശിക്കുന്ന ഒക്ടോബർ മാസം വരെയും ഓരോ ശാഖയിലും ഒരു ജൂബിലി അനുബന്ധ പരിപാടിയെങ്കിലും നടത്തുവാൻ പ്രത്യേകം പദ്ധതി തയ്യാറാക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു, 'നാം ക്രിസ്ത്യാനികളാണെന്ന് പറഞ്ഞാൽ മാത്രം പോരാ, നാം വിശ്വാസം ജീവിക്കണം; വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലും" വിശ്വാസത്തിനെതിരെ വെല്ലുവിളിയുണ്ട് എന്നു പല തവണ ആവർത്തിക്കുമ്പോഴും അതെന്താണ് എന്ന് മനസ്സിലാക്കണമെങ്കിൽ  നാമോരോരുത്തരും ആദ്യം നമ്മിലേയ്ക്കുതന്നെ തിരിയണം. ആത്മീയ ജീവിതത്തിന് നിസ്സാരമായ സ്ഥാനമേയുള്ളൂവെങ്കിൽ തീർച്ചയായും അതിന്റെ ഫലം ഭാവിയിലാണ് കൊയ്തെടുക്കപ്പെടുന്നത്.

നാം ജീവിക്കുന്ന ഈ ക്രൈസ്തവ സമൂഹം അതിരറ്റ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. പുതിയ ബോധ്യങ്ങൾ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അപകട വഴികളിലേയ്ക്ക് തിരിച്ചുവിടുന്ന ലൗകീക വിനോദങ്ങളിൽ നിന്ന് മാറി ചിന്തിച്ചു കൊണ്ട് മതബോധന - സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നാൻ ഈ വർഷം കുഞ്ഞു മിഷനറിമാരെ പ്രത്യേകം ഒരുക്കണം. അതിനുവേണ്ടി മിഷൻലീഗ് എന്ന സംഘടനയെ അടുത്തറിയുകയാണ് ഏറ്റവും അത്യാവശ്യമായ കാര്യം. ഇതിനായി സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പുറത്തിറക്കിയ 'എന്റെ മിഷൻ ലീഗ്' എന്ന കൈപ്പുസ്തകം വഴി തുടക്കക്കാരായ കുഞ്ഞു മിഷനറിമാർക്ക് മിഷൻലീഗിനെ കുറിച്ച് അറിവും അതോടൊപ്പം പ്രേഷിത ചൈതന്യവും നിറയട്ടെ എന്ന് ആശംസിക്കുന്നു.

### കുഞ്ഞേട്ടൻ സ്കോളർഷിപ്പ്

പത്താംക്ലാസിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുകയും  മിഷൻ ലീഗിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാന  സ്കോളർഷിപ്പിന് വേണ്ടി അപേക്ഷ ജൂൺ 30 ന് മുമ്പ് നൽകേണ്ടതിനാലാണ് ഈ പ്രവർത്തന വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഇത് ചോദിക്കുന്നത്. മേഖലകളിൽ

നിന്ന് ഓരോരുത്തരെ തെരഞ്ഞെടുത്ത ശേഷം അവരുടെ പേര്, അഡ്രസ്, ഇടവക, കുടുംബപശ്ചാത്തലം (ബഹു. വികാരിയച്ചന്റെ ശുപാർശ കത്ത്) എന്നിവ ജൂൺ 15 ന് മുൻപ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു പേർക്ക് രൂപത സ്കോളർഷിപ്പ് നൽകുന്നതാണ്; അതിൽ ഒരാൾക്ക് സംസ്ഥാന സ്കോളർഷിപ്പ്. വേണ്ടത്ര അപേക്ഷകർ ഇല്ലെങ്കിൽ ബഹു. വികാരിയച്ചൻമാരുടെ കത്ത് മുഖേന നല്കപ്പെടുന്ന അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

## മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം

എല്ലാ വർഷവും നടത്തുന്ന മാർ മങ്കുഴിക്കരി മെമ്മോറിയൽലേഖന മത്സരം ജൂൺ 26 ഞായറാഴ്ച സംഘടിപ്പിക്കുന്നു. ശാഖകളിൽ നിന്നും ഏറ്റവും മികച്ച 2 രചനകൾ ജൂലൈ 1 നു മുമ്പായി മേഖലയിൽ എത്തിക്കുകയും മേഖലകളിൽ നിന്നും ഏറ്റവും മികച്ച രണ്ടു രചനകൾ ജൂലൈ 16 ന് മുമ്പ് രൂപതയിൽ എത്തിക്കേണ്ടതുമാണ്.

## പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും

2022-2023 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും ജൂൺ 5 ഞായറാഴ്ച 9.30 ന് വി. കുർബ്ബാനയോടുകൂടെ കട്ടിപ്പാറ ശാഖയിൽ വെച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

## എന്റെ മിഷൻ ലീഗ് കൈപ്പുസ്തകം

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതി പുറത്തിറക്കുന്ന എന്റെ മിഷൻ ലീഗ് എന്ന പുസ്തകം മിഷൻ ലീഗിലേക്ക് പുതുതായി കാലെടുത്തു വെക്കുന്ന കുഞ്ഞു മിഷനറിമാർ ഏറെ ഉപകാരപ്രദമാണ്. ശാഖകൾ രൂപത ഓഫീസിൽനിന്നും വാങ്ങിക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു. പുസ്തകത്തിന്റെ വില 50 രൂപ.

## എഴുപത്തിനാലാം സംസ്ഥാന വാർഷികം

ഇടുക്കി രൂപതയിലെ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് മെയ് രണ്ടാം തീയതി നടന്ന സംസ്ഥാന വാർഷികത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ വെച്ച് മീറ്റിങ്ങിൽ കഴിഞ്ഞവർഷത്തെ മികച്ചപ്രവർത്തനത്തിന് മറ്റ് 5 രൂപതകൾക്കൊപ്പം രൂപതാ തലത്തിൽ താമരശ്ശേരി രൂപതയും, മേഖലാ തലത്തിൽ പെരിന്തൽമണ്ണ, താമരശ്ശേരി മേഖലകളും ശാഖാ തലത്തിൽ കട്ടിപ്പാറ, മരിയാപുരം ശാഖകളും സമ്മാനർഹരായി. മറ്റ് മത്സരങ്ങൾക്കുള്ള സമ്മാനങ്ങളും നല്കപ്പെട്ടു. ആവേശോജ്ജ്വലമായ പ്രേഷിതറാലിയോടെ വാർഷികാഘോഷങ്ങൾ സമാപിച്ചു

## താമരശ്ശേരി രൂപത കൗൺസിലും വാർഷികാഘോഷം

മെയ് 21 ന് ശനിയാഴ്ച ചെറുപുഷ്പമിഷൻ ലീഗ് താമരശ്ശേരി രൂപത വാർഷിക ആഘോഷ പരിപാടികൾ ബിഷപ്സ് ഹൗസ് കോമ്പൗണ്ടിൽ വെച്ച് ഉച്ചകഴിഞ്ഞ് 2

മണിക്ക് പതാകവന്ദനത്തോടെ ആരംഭിച്ചു. തുടർന്ന് ഓഡിറ്റോറിയത്തിൽ രൂപത കൗൺസിൽ സമ്മേളനം ആരംഭിച്ചു. രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപത ഫൈനാൻസ് ഓഫീസർ വെരി. റവ. ഫാ. കുര്യാക്കോസ് മുകാലയിൽ കൗൺസിൽ വാർഷിക പരിപാടികൾ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിനു അർഹരായ മേഖലകൾക്കും ശാഖകൾക്കും സമ്മാനങ്ങൾ നൽകപ്പെട്ടു. കൂടത്തായി, കോടഞ്ചേരി ശാഖകൾ കലാപരിപാടികൾ അവതരിപ്പിച്ചു. ശാഖാ ജൂനിയർ ഭാരവാഹികൾ, ശാഖാ വൈസ് ഡയറക്ടേഴ്സ്, മേഖലാ എക്സിക്യൂട്ടീവ് മെമ്പേഴ്സ്, രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ് തിരുബാലസഖ്യം ആനിമേറ്റേഴ്സ് എന്നിവർ പങ്കെടുത്തു. തിരുബാലസഖ്യത്തിന്റെ മത്സരങ്ങളിലെ സമ്മാനങ്ങളും അന്ന് ഇതോടൊപ്പം നൽകപ്പെട്ടു.

### മേഖലാ സെമിനാറുകൾ

മെയ് 24ന് മരുതോങ്കര മേഖലാ സെമിനാർ ചാത്തൻകോട്ടുനടയിൽ വെച്ച് നടത്തപെട്ടു . മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

### പുതിയ ഭാരവാഹികളെ തെരെഞ്ഞെടുക്കൽ

ശാഖ, മേഖല തലങ്ങളിൽ പുതിയ ഭാരവാഹികളെ തെരെഞ്ഞെ ടുക്കേണ്ടതായ സ്ഥലങ്ങളിൽ ജൂൺ 12 നു മുമ്പ് യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### വാർഷിക റിപ്പോർട്ട്

2021-2022 പ്രവർത്തന വർഷത്തെ ശാഖ, മേഖല റിപ്പോർട്ട് ജൂൺ 20 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കാൻ ഓർമ്മിപ്പിക്കുന്നു. റിപോർട്ടിന്റെ ഒറിജിനൽ രൂപതയിലും ഒരു കോപ്പി മേഖലയിലും നൽകേണ്ടതാണ്.

### നന്ദി

ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ ഡയറക്ടേഴ്സായി സ്തുത്യർഹമായ സേവനം ചെയ്ത ഫാ. പോൾ പൂവത്തിങ്കൽ (കരുവാരകുണ്ട്), ഫാ. ജോസഫ് അന്തീനാട്ട് (കോടഞ്ചേരി) ഫാ. തോമസ് കൊച്ചുകയ്പ്പയിൽ (കൂരാച്ചുണ്ട്) എന്നിവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

**സ്വാഗതം** ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ മേഖല ഡയറക്ടേഴ്സ് ആയി നിയമിതരായ ഫാ. അഗസ്റ്റിൻ തുറവയ്ക്കൽ (കോടഞ്ചേരി), ഫാ. തോമസ് പുലയൻപറമ്പിൽ (കൂരാച്ചുണ്ട്), ഫാ. ചാക്കോ മുണ്ടയ്ക്കൽ (കരുവാരകുണ്ട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | : | വി. പൗലോസ്, വി. പത്രോസ് |
| പ്രാർത്ഥനാ നിയോഗം | : | അദ്ധ്യയന വർഷത്തിനുവേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ. |
| വചനം | : | എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും. (ഫിലി.4:13 ) |
| 5 ഞായർ | : | പ്രവർത്തന വർഷ ഉദ്ഘാടനം – മാർഗ്ഗരേഖ പ്രകാശനം |
| 8 ബുധൻ | : | വി. മറിയം ത്രേസ്യായുടെ തിരുനാൾ |
| 12 ഞായർ | : | പരി. ത്രിത്വത്തിന്റെ തിരുനാൾ |
| 13 തിങ്കൾ | : | പാദുവായിലെ വി. അന്തോണീസ് |
| 16 വ്യാഴം | : | പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 24 വെള്ളി | : | ഈശോയുടെ തിരുഹൃദയത്തിരുനാൾ<br>വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 25 ശനി | : | മാതാവിന്റെ വിമലഹൃദയം |
| 29 ബുധൻ | : | വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ |
| പ്രവൃത്തി | : | ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ചൊല്ലിയ ജപമാലകൾ, നിയോഗങ്ങൾ, സുകൃതജപങ്ങൾ എന്നിവ രേഖപ്പെടുത്തി ഒരു ബുക്ക് നിർമിക്കുക. |
| ഗീതം | : | 'തിരുഹൃദയമേ ശൂന്യമാമെൻ മനസിൽ നിറയണമെ' |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ മെയ് മാസത്തിലെ ക്ലാസ്സുകൾമെയ് 14, 28 തീയതികളിൽ നടന്നു. മെയ് 14 ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജി കമ്മീഷൻ അംഗവും കപ്പൂച്ചിൻ സന്യാസസമൂഹാംഗവുമായ ബഹു. ഡോ. ക്രിസ്റ്റി അച്ചനാണ്. 'സീറോ മലബാർ കുർബാനയിലെ അനുഷ്ഠാന കർമങ്ങളും അതിന്റെ അർത്ഥതലങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്. മെയ് 28ന് നടന്ന ക്ലാസ്സ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മീഷൻ അംഗവും അല്മായ ദൈവശാസ്ത്രജ്ഞനുമായ ഡോ. പി.സി അനിയൻ കുഞ്ഞ് ആണ്. 'പരിശുദ്ധ കുർബാന ഒരു ദൈവീക പ്രവൃത്തിയാണോ?' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്. മെയ് മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ചിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചയുംവൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് നടത്തുന്നത്. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 82813 46179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

### കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ & എൽ.പി.സ്കൂൾ

താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിന്റെ യു.പി. വിഭാഗത്തിനും എൽ.പി.സ്കൂളിനും വേണ്ടി ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. തുടർന്ന് നടന്ന കെട്ടിടോദ്ഘാടനം അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ.വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. താമരശേരി രൂപതാ ബാറ്റിൻസ് ഫുട്ബോൾ അക്കാദമി ലോഗോ പ്രകാശനം കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇൻചാർജ്ജ് മേരി തങ്കച്ചൻ നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. റോയി തേക്കുംകാട്ടിൽ സ്വാഗതം പറഞ്ഞു. ഹെഡ്മാസ്റ്റർ ശ്രീ.സജി ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.വി.എസ്. രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ബോസ് ജേക്കബ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഹെലൻ ഫ്രാൻസീസ്, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ.ജോസ് തോമസ് മാവറ, സിസ്റ്റർ ലൗലി.ടി. ജോർജ്ജ് എന്നിവർ സംസാരിച്ചു.

### കണ്ണോത്ത് സെൻറ് ആന്റണീസ് ഹൈസ്കൂൾ

കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്കൂളിന്റെ പുതിയ കെട്ടിട ഉദ്ഘാടനവും ഹെഡ്മിസ്ട്രസ് ശ്രീമതി. മേഴ്സി ജോസഫിനുള്ള യാത്രയയപ്പും നടത്തി. പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം താമര ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. തിരുവമ്പാടി എം.എൽ.എ ശ്രീ. ലിന്റോ ജോസഫ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ഡൊമിനിക്ക് തൂങ്കുഴി, കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.അലക്സ് തോമസ്, ഡി.ഇ.ഒ ശ്രീ. ബൈജു.സി, ജില്ലാ പഞ്ചായത്തംഗം ശ്രീ.ബോസ് ജേക്കബ്, ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ.റോയി കുന്നപ്പിള്ളി, ഹെഡ്മിസ്ട്രസ് ശ്രീമതി.മേഴ്സി ജോസഫ്, ശ്രീമതി. ഷില്ലി മാത്യു, ശ്രീ. ജെയിംസ് പി.ജി, ശ്രീമതി. ജോളി ജിജോ, ശ്രീ. ബാബു ചേണാൽ, ശ്രീമതി ഷില്ലി സെബാസ്റ്റ്യൻ, ശ്രീ. അജേഷ് ജോസ് എന്നിവർ സംസാരിച്ചു.

## വിലങ്ങാട് സെന്റ് ജോർജ്ജസ് ഹൈസ്കൂൾ

വിലങ്ങാട് സെന്റ് ജോർജ്ജ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. തുടർന്ന് പിതാവിന്റെ അധ്യക്ഷതയിൽ നടന്ന സ്കൂളിന്റെ 65-ാം വാർഷികാഘോഷവും കെട്ടിടത്തിന്റെ ഉദ്ഘാടനവും അതോടൊപ്പം നടന്ന യാത്രയയപ്പ് സമ്മേളനവും ശ്രീ. കെ. മുരളീധരൻ എം.പി. ഉദ്ഘാടനം ചെയ്തു. വിരമിക്കുന്ന അധ്യാപകരായ കെ.ടി. ജോസഫ്, ബാബു കെ. (യു.പി.എസ്.ടി.) എന്നിവരെ ഇ.കെ. വിജയൻ എം.എൽ.എ. ആദരിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ മനേജർ ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് സംസാരിച്ചു.

## സ്കൂൾ കെട്ടിട ശിലാസ്ഥാപനം

## കട്ടിപ്പാറ നസ്രത്ത് എൽ.പി. സ്കൂൾ

കട്ടിപ്പാറ നസ്രത്ത് എൽ.പി. സ്കൂളിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ജോൺ വള്ളിയാംതടം, വാർഡ് മെമ്പർ ശ്രീ.പ്രേംജി ജെയിംസ്, പ്രധാനാധ്യാപിക പ്രസന്ന ജോൺ, പി.ടി.എ പ്രസിണ്ടന്റ് ശ്രീ. ഡെന്നിസ്, എം.പി.ടി.എ ചെയർപേഴ്സൻ ശ്രീമതി. ഷജിന, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## ഫാത്തിമ എ.യുപിസ്കൂൾ പെരുവണ്ണാമൂഴി

പെരുവണ്ണാമൂഴി ഫാത്തിമ എ.യു.പി സ്കൂളിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. മാത്യു തകിടിയേൽ, പ്രധാനാധ്യാപിക ജെസ്സി ആൻഡ്രൂസ് എന്നിവർ പങ്കെടുത്തു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# വിശുദ്ധനാട്ടിലേക്ക് തീർത്ഥാടനം

ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

കൊറോണ മൂലം മൂന്നുവർഷങ്ങളോളമായി മുടങ്ങിക്കിടന്ന വിശുദ്ധനാട് തീർത്ഥയാത്ര പുനരാരംഭിക്കുകയാണ്. ആദ്യയാത്ര 2022 സെപ്തംബർ 4ന് പുറപ്പെട്ട് 13ന് വെളുപ്പിന് തിരിച്ചെത്തുന്നു.

ബൈബിളിലെ രക്ഷാകര ചരിത്രം മുഴുവൻ അരങ്ങേറിയതും ഈ ഭൂമുഖത്തെ ഏറ്റവും പുണ്യപ്പെട്ടതുമായ ഈശോയുടെ സ്വന്തം നാടുമായ പലസ്തീന, അതിനോട് ചേർന്ന് ജോർദ്ദാൻ രാജ്യം, സീനായ് മരുഭൂമി പ്രദേശങ്ങൾ, സീനായ്മല, ഈജിപ്ത്, നൈൽനദി തുടങ്ങിയ ബൈബിൾ പ്രദേശങ്ങളും ഈ പുണ്യയാത്രയിൽ ഉൾപ്പെടുന്നു.

വൈദികരേയും സന്യസ്തരേയും അൽമായരേയും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്ന ഈ തീർത്ഥയാത്രയിൽ പങ്കുചേർന്ന് അനുഗ്രഹീതരായിത്തീരുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**ഫാ. ജോസഫ് കാപ്പിൽ**
വിയാനി പ്രീസ്റ്റ് ഹോം
ഫോൺ: **7558861944, 9446501944**

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

* മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസിലിങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ് കൗൺസിലിംഗ് ആൻഡ്സൈക്കോ തെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ഓഫ്‌ലൈനായും ഓൺലൈനായും കൗൺസിലിങ്ങും ക്ലാസുകളും തുടരുന്നു. കൗൺസിലിംഗ് ആവശ്യമുള്ളവർ 9037379180 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.
* കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM Cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) 2021 നവബർ മുതൽ JPI യിൽ പാർട്ട് ടൈം ഫാക്കൽറ്റിയായി സേവനം ചെയ്യുന്നു. കൗൺസിലിംഗ് രംഗത്തും ബഹു. ജോജി അച്ചന്റെ സേവനം തിങ്കൾ മുതൽ ബുധൻ വരെ സംലഭ്യമാണ്.
* പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ ബിൽഡിങ്ങിന്റെ (ഫസ്റ്റ്ഫ്ളോർ) നിർ മ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

* അഡ്മിഷൻ തുടരുന്നു: പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

1. എം.എസ്‌സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം (ഓൺലൈൻ) (Only for priests and sisters)
4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൌൺസിലിംഗ് ഇംഗ്ലീഷ്) (ഓൺലൈൻ) (Only for priests and sisters)

താത്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക

Contact No: 9496575018 / 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

---

# സ്റ്റാർട്ട്

### 8, 9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള തീവ്രപരിശീലന കോഴ്സ്

8, 9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സമ്മർ അവധിക്കാലത്ത് നടത്താറുള്ള തീവ്രപരിശീലന ക്ലാസ്സുകൾ മെയ് 7ന് ആരംഭിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി മുപ്പതോളം കുട്ടികൾ ഈ കോഴ്സിൽ പങ്കെടുക്കുന്നു.

### നന്ദിയുടെ നറുമലരുകൾ

ദീർഘകാലം സ്റ്റാർട്ടിൽ ശുശ്രൂഷ ചെയ്ത് പെരിന്തൽമണ്ണ ഫൊറോനാ വികാരിയായി സ്ഥലം മാറിപ്പോയ ബഹു. ആന്റണി കാരികുന്നേലച്ചന് സ്റ്റാർട്ട് കുടുംബം ഹൃദ്യമായ യാത്രയയപ്പ് നൽകി. മെയ് 12 ന് വൈകുന്നേരം നടന്ന യാത്രയയപ്പ് സമ്മേളത്തിൽ അഭിവന്ദ്യ റെമിജിയോസ് പിതാവിനെ പ്രതിനിധീകരിച്ച് രൂപതാ ചാൻസലർ ബഹു. ജോർജ്ജ് മുണ്ടനാട്ടച്ചൻ പങ്കെടുത്തു. ബഹു. കാരികുന്നേലച്ചന്റെ ത്യാഗോജ്ജ്വലമായ സേവനത്തിന് എല്ലാവരും പ്രത്യേകമായി നന്ദി പറയുകയും അച്ചന് പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകൾ നേരുകയും ചെയ്തു.

### സ്വാഗതം

സ്റ്റാർട്ടിൽ ശുശ്രൂഷ ചെയ്യാനായി വന്നിരിക്കുന്ന ബഹു. സി. ഡെയ്സി SKD ക്ക് സ്റ്റാർട്ട് കുടുംബത്തിലേക്ക് സ്വാഗതം.

## 2022-23 Master Training Course (MTC)

മറ്റ് പരിശീലനകേന്ദ്രങ്ങളിൽനിന്ന് വ്യത്യസ്തമായ സവിശേഷതകളോടെ സ്റ്റാർട്ട് നടത്തുന്ന Master Training Course (MTC) ജൂൺ 15 ന് ആരംഭിക്കും. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കായുള്ള ഈ കോഴ്സ് പൂർണമായും സ്റ്റാർട്ടിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. പതിനേഴാമത്തെ ബാച്ചാണ് ഈ വർഷം ആരംഭിക്കുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലന പരിപാടിയുടെ മുഖ്യ ലക്ഷ്യമാണ്.

ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും അടിസ്ഥാനം ഇംഗ്ലീഷ് ഭാഷാസ്വാധീനവും യുക്തിവിചാരവും അടിസ്ഥാന ഗണിതവും പൊതുവിജ്ഞാനവുംപോലുള്ള വിഷയങ്ങളാണ്. ഇവയെല്ലാം കോർത്തിണക്കിയ സ്റ്റാർട്ടിന്റെ പരിശീലനം ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും രാജ്യത്തെ ഉയർന്ന സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും ജോലി നിയമനങ്ങൾ നേടാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്. പുതിയ ബാച്ചിലേക്കുള്ള അപേക്ഷ അയയ്ക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ്: 0495 2357843, 8590468035 (WhatsApp);
E-mail: startindia@gmail.com.
Administrative Director : 9744458111;
E-mail: startofficial22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# കെ.സി.വൈ.എം. എസ്.എം.വൈ.എം

**തിയോഫിയ  ലോഗോ പ്രകാശനം**

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ 2022 റീജിയണൽ യൂത്ത് കൺവെൻഷൻ ലോഗോ പ്രകാശനം മരുതോങ്കര ഫൊറോന വികാരി ഫാ. ജോർജ്ജ് കളത്തൂർ നിർവഹിച്ചു. കക്കയം ഇടവക അംഗമായ ശ്രീ. സാൻജോ സണ്ണിയാണ് ലോഗോ രൂപകല്പന ചെയ്തത്. കൺവെൻഷന് മുന്നോടിയായി നടന്ന സ്വാഗതസംഘ രൂപീകരണ ചടങ്ങിലാണ് ലോഗോ പ്രകാശനം ചെയ്തത്. മേഖലാ ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ എന്നിവരും യുവജന നേതാക്കളും സന്നിഹിതരായിരുന്നു.

**രൂപതാതല കുരിശിന്റെ വഴി**

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതാതല  കുരിശിന്റെ വഴി ഏപ്രിൽ 1,  മുപ്പത്തിമൂന്നാം വെള്ളിയാഴ്ച വൈകിട്ട് മൂന്നുമണി മുതൽ  സംഘടിപ്പിക്കപ്പെട്ടു. മരുതോങ്കര മേഖലയുടെ ആതിഥേയത്വത്തിൽ ചാത്തൻങ്കോട്ടുനട സോഫിയ ദേവാലയത്തിൽ നിന്നും ആരംഭിച്ച് പൊയിലോംചാൽ സെന്റ് ജൂഡ്സ് ദേവാലയത്തിൽ സമാപിച്ച കുരിശിന്റെ വഴിയിൽ 300 ഓളം യുവജനങ്ങളും ആത്മായരും അണിനിരന്നു. വിലങ്ങാട്, മരുതോങ്കര മേഖലകളിലെ വിവിധ യൂണിറ്റുകൾ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.  ഫാ. തോമസ് ഇടയാൽ നൽകിയ ആമുഖ സന്ദേശത്തോടെ ആരംഭിച്ച കുരിശിന്റെ വഴി വിശുദ്ധ കുർബാനയ്ക്കും നേർച്ച കഞ്ഞിക്കും ശേഷം ഏഴു മണിയോടെ സമാപിച്ചു.  പൊയ്‌ലോംചാൽ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിനും ചാത്തൻകോട്ടുനട എം സി ബി എസ് ആശ്രമ വൈദികർക്കും മരുതോങ്കര മേഖല ഭാരവാഹികൾക്കും നന്ദി.

**ശ്രീ. വിശാഖ് തോമസ് എസ് എം വൈ എം സംസ്ഥാന പ്രസിഡണ്ട്**

ഏപ്രിൽ 30ന് കാക്കനാട് സെന്റ്  തോമസ് മൗണ്ടിൽ വച്ച് നടന്ന എസ് എം വൈ എം റീജിയണൽ തെരഞ്ഞെടുപ്പിൽ മികച്ച ഭൂരിപക്ഷത്തോടെ താമരശ്ശേരി രൂപത, ചെമ്പനോട ഇടവക അംഗവും മുൻ രൂപത പ്രസിഡന്റുമായ ശ്രീ. വിശാഖ് തോമസ് സംസ്ഥാന പ്രസിഡണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ നേരുന്നു.

**തിയോഫിയ യുവജന കൺവെൻഷൻ സോൺ എ**

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളിലെ യുവജനങ്ങൾക്ക് വേണ്ടി ഏപ്രിൽ 29 മുതൽ മെയ് 2 വരെ സംഘടിപ്പിച്ച തെയോഫിയ റീജിയണൽ യൂത്ത് കൺവെൻഷൻ ചെമ്പനോട, മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂളിൽ വെച്ച് നടന്നു. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

ആദ്യ സോണിൽ മൂന്ന് മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മുന്നൂറോളം യുവതിയുവാക്കൾ നാല് ദിവസങ്ങളിലായി നടത്തിയ കൺവെൻഷനിൽ പങ്കുചേർന്നു. ക്രിസ്ത്യൻ സ്പിരിചലിറ്റി, ക്രിസ്ത്യൻ മൊറാലിറ്റി, ക്രിസ്ത്യൻ കമ്മ്യൂണിറ്റി എന്നീ വിഷയങ്ങൾ ഈ നാല് ദിവസങ്ങളിലായി യുവജനങ്ങൾ പഠിക്കുകയും വിചിന്തനം ചെയ്യുകയും ചെയ്തു. ഫാ. നോബിൾ തോമസ് പാറക്കൽ, ഫാ. റോയി കണ്ണൻചിറ, ബ്ര. സേവി ജോസഫ്, ഫാ. ജോർജ്ജ് തീണ്ടാപ്പാറ, ഫാ. മാത്യു തൂമുള്ളിൽ, സി. ജിനു എം എസ് ജെ, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി. പ്രോലൈഫ് കുടുംബങ്ങളുമായുള്ള ചോദ്യോത്തരവേള, കൺവെൻഷൻ സ്മാരക നിർമാണം, വാർണ്ടറും വിസിറ്റിംഗ്, ജപമാല റാലി, മ്യൂസിക് ബാൻഡ്, കൾച്ചറൽ പ്രോഗ്രാമുകൾ, ചർച്ചകൾ, വിശുദ്ധ കുമ്പസാരം, മെഡിറ്റേഷൻ, പേഴ്സണൽ പ്രയർ എന്നിങ്ങനെ വിവിധ സെഷനുകൾ കൺവെൻഷനിൽ ഉൾപ്പെടുത്തിയിരുന്നു.

സമാപന സമ്മേളനം രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. 55 വളണ്ടിയേഴ്സിന്റെ കഠിനാധ്വാനത്തിലൂടെ പൂർത്തിയാക്കിയ കൺവെൻഷന് സ്ഥലം ഒരുക്കിയചെമ്പനോട, മോൺ. റെയ്മണ്ട് സ്കൂൾ അധികൃതർക്ക് പ്രത്യേകം നന്ദി. കൺവെൻഷന് യുവജനങ്ങളെ പറഞ്ഞയക്കുകയും സാമ്പത്തികമായ സഹായങ്ങൾ നൽകുകയും ചെയ്ത മൂന്ന് ഫൊറോനയിലെയും വികാരിയച്ചന്മാർക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും നന്ദി.

## ഈസ്റ്റർ ബംബർ കൂപ്പൺ നറുക്കെടുപ്പ്

ജീവകാരുണ്യ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത പുറത്തിറക്കിയ ഈസ്റ്റർ ബംമ്പർ 2022 ന്റെ നറുക്കെടുപ്പ് തിയോഫിയ യുവജന കൺവെൻഷൻ സമാപന സമ്മേളനത്തിൽ മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു.

## നറുക്കെടുപ്പിലൂടെ സമ്മാനാർഹരായവർ

**ഒന്നാം സമ്മാനം** – (Whirlpool Double Door Fridge)
ബേബി താമരശ്ശേരി

**രണ്ടാം സമ്മാനം** – (32" Samsung Smart TV)
ജോൺസൻ ടി.ജെ, കൂരോട്ടുപ്പാറ

**മൂന്നാം സമ്മാനം** – (POCO M3 Mobile Phone)
അർപ്പിത് കെ. ജോർജ്ജ്, മലപ്പുറം

**നാലാം സമ്മാനം** (Pressure Cooker)

1. അപൂർവ്വ, വാലില്ലാപ്പുഴ
2. അബിൻ സെബാസ്റ്റ്യൻ, ദേവഗിരി

**അഞ്ചാം സമ്മാനം** (ഡിന്നർ സെറ്റ്)

1. ആൻസി, കുണ്ടായിതോട്
2. അൽഫോൻസാ സജി, വെണ്ടേക്കുംപൊയിൽ
3. ജെയ്ഡൻ ജോൺ, മരഞ്ചാട്ടി

### മേഖലതല വിജയികൾ

1. മരുതോങ്കര മേഖല – പടത്തുകടവ് യൂണിറ്റ്
2. താമരശ്ശേരി മേഖല – റിജു കാക്കവയൽ
3. മലപ്പുറം മേഖല – ഉമ്മൻ പാസ്റ്റർ
4. കോടഞ്ചേരി മേഖല – ദിയ മരിയ വിൻസെന്റ്, കൂരോട്ടുപാറ
5. കരുവാരക്കുണ്ട് മേഖല – ലില്ലികുട്ടി, വാണിയമ്പലം
6. കൂരാച്ചുണ്ട് മേഖല – സമത് തെച്ചി, തലയാട്
7. പെരിന്തൽമണ്ണ മേഖല – KCYM നെന്മേനി
8. പാറോപ്പടി മേഖല – ഫാ. ലിബിൻ, തേഞ്ഞിപ്പാലം
9. തോട്ടുമുക്കം മേഖല – ജയഭാരതി, വെറ്റിലപ്പാറ
10. വിലങ്ങാട് മേഖല – അജിൽ ജോസ്, വാളൂക്ക്
11. തിരുവമ്പാടി മേഖല – ആൽബിൻ ആനക്കാംപൊയിൽ

ഈ സമ്മാന കൂപ്പണിന്റെ വിജയത്തിനായി കൈകോർത്ത മേഖല ഭാരവാഹികളെയും യൂണിറ്റ് ഭാരവാഹികളെയും എല്ലാ സുമനസ്സുകളെയും നന്ദിയോടെ സ്മരിക്കുന്നു. സമ്മാനങ്ങൾ മെയ് മാസം ഇരുപത്തിരണ്ടാം തീയതി വൈകിട്ട് മൂന്നരയ്ക്ക് താമരശ്ശേരി ബിഷപ്പ് ഹൗസിൽ വച്ച് സ്പോൺസേഴ്സിന്റെ സാന്നിധ്യത്തിൽ അഭിവന്ദ്യ പിതാവ് കൈമാറി.

## Womenza - 2.O വനിതാ സംഗമം

കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ വനിതാസംഗമം Womenza 2.O തിരുവമ്പാടി അൽഫോൻസ കോളേജിൽ മെയ് 14 ശനിയാഴ്ച സംഘടിപ്പിക്കപ്പെട്ടു. പ്രശസ്ത ചലച്ചിത്ര താരവും നിർമാതാവുമായ ശ്രീമതി സാന്ദ്ര തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത വൈസ് പ്രസിഡന്റ് അഖില തോമസ് അധ്യക്ഷയായ ഉദ്ഘാടന സമ്മേളനത്തിൽ രൂപത അനിമേറ്റർ സി. ഷാർലറ്റ് റോസ് സി.എം.സി. മുഖ്യപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളായ്ക്കാകുടിയിൽ, പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, മാനന്തവാടി രൂപത വൈസ് പ്രസിഡന്റ് നയന മുണ്ടക്കാത്തടത്തിൽ, സെക്രട്ടറി ആഷ്‌ലി തെരെസ്സ, സംസ്ഥാന സിൻഡിക്കേറ്റ് ലെറ്റീഷ്യ ജോഷി, മേഖല അനിമേറ്റർ സി. അൻസ എന്നിവരും സംസാരിച്ചു.

തുടർന്ന് നടന്ന സെഷനിൽ അഗസ്ത്യമുഴി, സെന്റ് ജോസഫ്ഹോസ്പിറ്റൽ ഗൈനക്കോളജിസ്റ്റ് ഡോക്ടർ രേണുക, നേഴ്സിംഗ് പ്രൊഫസർ സി. ലിസി മേരി എന്നിവരും ഫാ. ജോർജ് വെള്ളയ്ക്കാകുടിയിലും ക്ലാസും സംശയ നിവാരണ സെഷനും നയിച്ചു. ഉച്ചയോടുകൂടി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സംഗമവേദിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും അനുഗ്രഹ ആശിർവാദം നൽകുകയും ചെയ്തു. ഗെയിമുകൾ, മ്യൂസിക് ബാൻഡ്, ആക്ഷൻ സോങ്ങുകൾ എന്നിവയ്ക്ക് ശേഷം നാല് മണിയോട് കൂടെ പ്രോഗ്രാം സമാപിച്ചു. രൂപതാ സമിതിയുടെ വനിതകളുടെ മാത്രം നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ പ്രോഗ്രാമിലേക്ക് യുവതികളെ പറഞ്ഞയച്ച് എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി.

### 'തിരികെ' മുൻകാല ഭാരവാഹികളുടെ സംഗമം

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ മുൻകാല ഭാരവാഹി സംഗമം നടത്തപ്പെട്ടു. സ്ഥാപിത വർഷം മുതലുള്ള രൂപത സമിതി നേതാക്കന്മാരുടെ സംഗമമാണ് താമരശ്ശേരി രൂപത ആസ്ഥാനത്ത് വെച്ച് നടത്തപ്പെട്ടത്. പ്രതിനിധി സമ്മേളനം എസ്.എം.വൈ.എം. സംസ്ഥാന സമിതിയുടെ നിയുക്ത അധ്യക്ഷൻ വിശാഖ് തോമസ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളായ്ക്കാകുടിയിൽ, മുൻ രൂപത ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, വൈസ് പ്രസിഡന്റ് അഖില തോമസ് എന്നിവർ സംസാരിച്ചു. നാൽപതോളം ഭാരവാഹികൾ പങ്കെടുത്തു. പഴയ കാല അനുഭവങ്ങൾ എല്ലാവരും പങ്കുവെക്കുകയും പുതിയ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ അറിയിക്കുകയും ചെയ്തു. മരണമടഞ്ഞ മുൻ ഭാരവാഹി ബിജു തോണക്കരയുടെ പേരിൽ ഏറ്റവും നല്ല യൂണിറ്റിനും ഏറ്റവും നല്ല ഫൊറോനക്കും സമ്മാനങ്ങൾ നൽകാൻ തീരുമാനിച്ചു. രജത ജൂബിലി ആഘോഷിക്കുന്ന മുൻ ആനിമേറ്റർ സിസ്റ്റർ ജാൻസി എഫ് സി സി യെ പൊന്നാട അണിയിച്ച് ആദരിച്ചു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ്, കട്ടിപ്പാറ മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പ്രേംജി എന്നിവരും സംഗമത്തിൽ സംസാരിച്ചു.

### മേഖലാ ഡയറക്റച്ചൻമാർക്കും അനിമേറ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി

വൈദികരുടെ സ്ഥലംമാറ്റത്തോടനുബന്ധിച്ച് കെസിവൈഎം മേഖല ഡയറക്ടർ സ്ഥാനങ്ങൾ ഒഴിയുന്ന മരുതോങ്കര മേഖല ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ, കുരാച്ചുണ്ട് മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, പെരിന്തൽമണ്ണ മേഖല ഡയറക്ടർ ഫാ. തോമസ് കൊച്ചുമുറിയിൽ, തോട്ടുമുക്കം മേഖല ഡയറക്ടർ ഫാ. ജോസഫ് ഇടകാട്ടിൽ, വിലങ്ങാട് മേഖലാ ഡയറക്ടർ ഫാ. ചാക്കോ മുണ്ടക്കൽ, താമരശ്ശേരി മേഖല ഡയറക്ടർ ഫാ. മാത്യു പനച്ചിക്കൽ, തിരുവമ്പാടി മേഖല ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ എന്നിവർക്ക് രൂപത കെസിവൈഎം എസ് എംവൈഎം ഹൃദയപൂർവ്വമായ നന്ദി അർപ്പിക്കുന്നു.

തിരുവമ്പാടി മേഖല ആനിമേറ്ററായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന സിസ്റ്റർ അൻസ S.H, വിലങ്ങാട് മേഖല അനിമേറ്റർ ആയി സേവനം ചെയ്തിരുന്ന സിസ്റ്റർ എലിസബത്ത് MSMI എന്നിർക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### പുതിയ ഡയറക്ടർമാർക്ക് സ്വാഗതം

മരുതോങ്കര മേഖലയുടെ ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ, തോട്ടുമുക്കം മേഖലാ ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. ജോസഫ് ചിറത്തലക്കൽ, വിലങ്ങാട് മേഖല ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. അലക്സ് പനച്ചിക്കൽ, താമരശ്ശേരി മേഖലയുടെ ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. ജോസഫ് കളപ്പുരയ്ക്കൽ, കൂരാച്ചുണ്ട് മേഖലയുടെ ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പേൽ, പെരിന്തൽമണ്ണ മേഖല ഡയറക്ടറായി

ചുമതലയേൽക്കുന്ന ഫാ. ജോസഫ് ഏഴാനിക്കാട്ട്, തിരുവമ്പാടി മേഖല ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. ജോർജ്ജ് പുരയിടത്തിൽ എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## അഭിനന്ദനങ്ങൾ, ആശംസകൾ

1. മെത്രാഭിഷേകത്തിന്റെ ഒരു വ്യാഴവട്ടകാലം പൂർത്തിയാക്കിയ താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന് മെത്രാഭിഷേകത്തിന്റെ മംഗളങ്ങൾ നേർന്നു.
2. തലശ്ശേരി അതിരൂപതയുടെ പുതിയ ഇടയനായി അഭിഷിക്തനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.
3. എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ നേർന്നു.
4. കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിലിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേർന്നു.
5. വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ച് രൂപതാ സമിതി അംഗം ഒലിവിയ ജോസഫിന് മംഗളങ്ങൾ.

## ആദരാഞ്ജലികൾ

1. താഴേക്കോട് യൂണിറ്റ് സെക്രട്ടറി ബെനഡിക്റ്റ് കടുത്താനത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.
2. വിലങ്ങാട് യൂണിറ്റ് അംഗങ്ങൾ ആയ ഹൃദിൻ, ആഷ്മിൻ എന്നിവരുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.
3. മരഞ്ചാട്ടി യൂണിറ്റ് അംഗം ജെസ്സൽ ജോസിന് അനുശോചനം അറിയിച്ചു.

## പ്രതിഷേധങ്ങൾ

1. സംഘടനയെ സാമൂഹ്യ മാധ്യമങ്ങളിൽ അപകീർത്തി പെടുത്താനുള്ള ഫേസ്ബുക്ക് പേജുകൾക്ക് പ്രതിഷേധം.
2. സമകാലിക വിഷയങ്ങളിൽ ക്രൈസ്തവ സമൂഹത്തിനുള്ള ആകുലതകൾ തുറന്നു പറഞ്ഞ പി.സി. ജോർജ്ജിനെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നതിനെതിരെ യുവജനങ്ങൾ പ്രതികരിച്ചു.

## മറ്റു പരിപാടികൾ

1. മെയ് 22 ന് തലശ്ശേരി ചെറുപുഴയിൽ വച്ച് നടന്ന ടാസ്ക് ഫോഴ്സ് പരിശീലനപരിപാടിയിൽ രൂപതയിൽ നിന്നും 5 യുവജന പ്രതിനിധികൾ പങ്കെടുത്ത് പരിശീലനം നേടി.
2. മെയ് 20ന് സ്ഥാനമൊഴിയുന്ന മേഖല ഡയറക്ടറച്ചൻമാർക്കും ആനിമേറ്റർ മാർക്കും ഓൺലൈൻ മീറ്റിംഗ് ചേർന്ന് യാത്രയയപ്പ് നൽകി.
3. കാക്കനാട് വെച്ച് ഏപ്രിൽ 30 മെയ് 1 ദിവസങ്ങളിൽ നടന്ന SMYM സംസ്ഥാന

യോഗത്തിൽ രൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, രൂപതാ പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ, വൈസ് പ്രസിഡണ്ട് അഖില തോമസ്, രൂപത അനിമേറ്റർ സി. ഷാർലെറ്റ്, സംസ്ഥാന സെനറ്റ് മെമ്പർ ശ്രീ. വിശാഖ് തോമസ് എന്നിവർ പങ്കെടുത്തു.

## അറിയിപ്പുകൾ

1. അത്‌ലറ്റികോ സ്പോർട്സ് ഇവന്റ്സ്

ബാസ്കറ്റ്ബോൾ, ഷട്ടിൽ ടൂർണമെന്റുകൾ മെയ്, ജൂൺ മാസങ്ങളിലായി നടത്തുന്നു. മഴയുടെ സാഹചര്യത്തിൽ ക്രിക്കറ്റ്, ഫുട്ബോൾ ടൂർണമെന്റുകൾ മാറ്റിവെച്ചിരിക്കുന്നു.

2. മേഖല സംഗമങ്ങൾ, മേഖല അർധവാർഷിക സെനറ്റ്

ജൂലൈ മാസത്തിൽ നടക്കുന്ന അർദ്ധവാർഷിക സെനറ്റിന് മുന്നോടിയായി ജൂൺ മാസത്തിൽ എല്ലാ മേഖലയിലും മേഖല സംഗമങ്ങളും അർദ്ധ വാർഷിക സെനറ്റും നടത്തേണ്ടതാണ്.

3. നിലാവ് കൂട്ടം

ഇടവക യുവജന ശാക്തീകരണ പ്രോഗ്രാം നിലാവ്കൂട്ടം 2022 നടത്തി വരുന്നു. താല്പര്യമുള്ള വികാരിയച്ചൻമാർ ബന്ധപ്പെടുമല്ലോ.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം



# മാതൃവേദി

ഈശോയുടെ തിരുഹൃദയത്തിനായി പ്രത്യേകം സമർപ്പിച്ചിരിക്കുന്ന ജൂൺമാസത്തിൽ തിരുഹൃദയ വണക്കമാസം സമുചിതമായി ആചരിക്കാം. അതിലൂടെ, നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ കൂടുതൽ ശാന്തതയും ദൈവിക സന്തോഷവും നിറയട്ടേയെന്ന് പ്രാർത്ഥിക്കുന്നു. തിരുഹൃദയ വണക്കമാസം എല്ലാ ഭവനങ്ങളിലും ചൊല്ലുകയും തിരുഹൃദയഭക്തിയുടെ പ്രാധാന്യം കുട്ടികളെ പഠിപ്പിക്കുകയും അത് ആഴത്തിൽ ഗ്രഹിക്കാനായി വിവിധ പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കുകയും ചെയ്യുമല്ലോ.

### മെയ് മാസ വണക്കം

പരിശുദ്ധ അമ്മയുടെ വണക്കമാസത്തിനായി സമർപ്പിച്ചിരിക്കുന്ന മെയ്മാസത്തിൽ എല്ലാദിവസവും വണക്കമാസവായന വാട്സാപ്പ് ഗ്രൂപ്പുകൾ വഴി അമ്മമാരിൽ എത്തിക്കുന്നു.

### മാതൃതീർത്ഥം

വണക്കമാസാചരണത്തോടനുബന്ധിച്ച് താമരശ്ശേരി രൂപതയിലെ എല്ലാ അമ്മമാർക്കുമായി മാതൃ തീർത്ഥം എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ അലങ്കരിച്ച രൂപത്തിന്റെ മുൻപിൽ നിന്ന് കുടുംബമൊന്നിച്ച് പ്രാർത്ഥിക്കുന്ന വീഡിയോ പ്രോഗ്രാമാണ് മാതൃ തീർത്ഥം.

### മേഖലാ സന്ദർശനങ്ങൾ

യൂണിറ്റുകളുടെയും മേഖലകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി നടന്നുവരുന്ന മേഖലാ സന്ദർശനങ്ങൾ മെയ് മാസത്തിൽ തോട്ടുമുക്കം കൂരാച്ചുണ്ട് മേഖലകളിൽ വെച്ച് നടന്നു. മെയ് 15 ന് 2 മണിക്ക് തോട്ടുമുക്കം സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് നടന്ന മേഖല മീറ്റിങ്ങിൽ ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ, രൂപത ആനിമേറ്റർ സി. ഫിലോ കുഴിക്കാട്ട്, മേഖല ആനിമേറ്റർ സി. ഇഗ്നേഷ്യ, രൂപത ജോയിന്റ് സെക്രട്ടറി സൗമ്യ ഓലിക്കൽ, രൂപതാ റിസോഴ്സ് ടീം അംഗം ദീപ റെജി, മേഖലാ പ്രസിഡന്റ് സെലിൻ, സെക്രട്ടറി മോൾജി തുടങ്ങിയവർ സംസാരിച്ചു.

കൂരാച്ചുണ്ട് സെന്റ് തോമസ് UP സ്കൂളിൽ നടന്ന മേഖലാ മീറ്റിങ്ങിൽ രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, രൂപത ആനിമേറ്റർ സി. ഫിലോ കുഴിക്കാട്ട്, രൂപതാ പ്രസിഡന്റ് ലിസി ജോസ്, മേഖല ഡയറക്ടർ ഫാ. ബിജു നിരപ്പേൽ, എന്നിവർ പ്രസംഗിച്ചു.

## യൂണിറ്റ് സെമിനാറുകൾ

പനംപ്ലാവ് ഇടവകയിൽ രൂപത സമിതി സന്ദർശനവും ഏകദിന സെമിനാറും മെയ് 15 ന് ഞായറാഴ്ച 9.30 ന് വി. കുർബ്ബാനയോടെ ആരംഭിച്ചു. തുടർന്ന് നടന്ന മീറ്റിങ്ങിൽ ഇടവക വികാരി ഫാ. ജോസഫ് എടക്കാട്ടിൽ അധ്യക്ഷത വഹിച്ചു. ഫാ. പ്രിയേഷ് തേവടിയിൽ, രൂപത ആനിമേറ്റർ സി. ഫിലോ കുഴിക്കാട്ട്, സി. ലിസി മാനുവൽ, ബിന്ദു ആന്റോ, ജെസ്സി വെട്ടുകാട്ടിൽ എന്നിവർ യോഗത്തിൽ സംസാരിച്ചു. രൂപത റിസോഴ്സ് ടീം അംഗം ദീപ റെജി സെമിനാർ നയിച്ചു.

തോട്ടുമുക്കം യൂണിറ്റ് സന്ദർശനവും ഇടവകാ സെമിനാറും മെയ് 15ന് ഉച്ചകഴിഞ്ഞ് 3 ന് നടന്നു. ഇടവക വികാരി ഫാ. ആന്റോ മൂലയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ റിസോഴ്സ് ടീം അംഗം ദീപ റെജി സെമിനാർ നയിച്ചു. രൂപത ആനിമേറ്റർ, സി. ഫിലോ കുഴിക്കാട്ട്, തോട്ടുമുക്കം യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## എക്സിക്യൂട്ടീവ് യോഗങ്ങൾ

മെയ് മാസത്തിൽ 10,23 തിയതികളിൽ യഥാക്രമം യാത്രയയപ്പ്, സ്വാഗത സമ്മേളനങ്ങൾ രൂപത ഓഫീസിൽ വച്ച് രൂപതാ പ്രസിഡന്റ് ലിസി ജോസിന്റെ അധ്യക്ഷതയിൽ നടന്നു.

## മികച്ച മേഖല ഇടവക പ്രഖ്യാപനം

താമരശ്ശേരി രൂപത മാതൃവേദിയുടെ 2021 പ്രവർത്തന വർഷത്തെ മികച്ച മേഖലകളെയും മികച്ച യൂണിറ്റുകളേയും പ്രഖ്യാപിച്ചു.

രൂപതയിലെ ഏറ്റവും മികച്ച മേഖലയായി തിരഞ്ഞെടുക്കപ്പെട്ടത് പെരിന്തൽമണ്ണ മേഖലയാണ്. തോട്ടുമുക്കം, കരുവാരകുണ്ട് മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

താമരശ്ശേരി രൂപതയിലെ ഏറ്റവും മികച്ച യൂണിറ്റ് ആയിതെരഞ്ഞെടുക്കപ്പെട്ട മഞ്ചേരി യൂണിറ്റ് ആണ്. വാലില്ലാപ്പുഴയും മാങ്കാവും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വലമ്പൂർ ഇടവക എ പ്ലസ് ഗ്രേഡും മങ്കട, തിരുവമ്പാടി, കുളത്തുവയൽ ഇടവകകൾ എ ഗ്രേഡും നേടി.

## നന്ദിയുടെ ഒരു വാക്ക്

കഴിഞ്ഞ ഒരു വർഷക്കാലം താമരശ്ശേരി രൂപത മാതൃവേദിക്ക് തന്റെ ചടുലതയാർന്ന, പ്രവർത്തനങ്ങളിലൂടെ, ചെറുപുഞ്ചിരിയോടെ പുതിയ ഊർജസ്വലത പകർന്ന പ്രിയപ്പെട്ട പ്രിയേഷ് തേവടിയിലച്ചന് രൂപത മാതൃവേദിയുടെയും എല്ലാ മാതൃവേദി അംഗങ്ങളുടെയും പേരിൽ ഹൃദയം നിറഞ്ഞ നന്ദി.

താമരശ്ശേരി രൂപത മാതൃവേദിയുടെ അസിസ്റ്റന്റ് ഡയറക്ടറും പെരിന്തൽമണ്ണ മേഖലാ ഡയറക്ടറുമായി ഇക്കഴിഞ്ഞ വർഷങ്ങളിൽ സേവനം ചെയ്ത ബഹുമാനപ്പെട്ട

ഫാ. തോമസ് മലപ്രവനാൽ അച്ചനെ ഒത്തിരി സ്നേഹത്തോടെ ഓർമ്മിക്കുന്നു. അച്ചന്റെ പുതിയ കർമ്മ വഴിയിൽ എല്ലാവിധ ആശംസകളും നേരുന്നു.

വിവിധ മേഖലകളിൽ മേഖലാ ഡയറക്ടർമാരായ പ്രവർത്തിച്ചുകൊണ്ട് മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട ഫാ. വിൻസന്റ് കറുകമാലിൽ (കരുവാരകുണ്ട്), ഫാ. സിജോ കോട്ടയ്ക്കൽ (തോട്ടുമുക്കം), ഫാ. വർഗ്ഗീസ് കളത്തൂർ (മലപ്പുറം), ഫാ. കുര്യാക്കോസ് മുകാലയിൽ (താമരശ്ശേരി) എന്നിവരെയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. പുതിയ കർമ്മ മേഖലകളിൽ എല്ലാവിധ ആശംസകളും നേരുന്നു.

## സ്വാഗതം

താമരശ്ശേരി രൂപത മാതൃവേദിയുടെ സാരഥ്യം ഏറ്റെടുത്ത പുതിയ ഡയറക്ടർ ഫാ. ജോസഫ് അന്തിനാട്ടിന് രൂപതാ മാതൃവേദിയുടെ സ്വാഗതം.

## പെരിന്തൽമണ്ണ മേഖല

മെയ് 9ന് 2 pm ന് പെരിന്തൽമണ്ണ മേഖലയിൽ ജനറൽ ബോഡിയും മേഖലാ ഡയറക്ടർ ഫാ. തോമസച്ചന്റെ യാത്രയയപ്പും സമ്മാനദാനവും നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ 1/12/21 മുതൽ ഈസ്റ്ററോടുകൂടി മേഖലയിൽ ബൈബിൾ രചന പുതിയ നിയമം എഴുതി പൂർത്തിയാക്കിയ 19 അമ്മമാരെ മെമന്റോ നൽകി ആദരിക്കുകയും അവർ നേരിടേണ്ടി വന്ന അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. നഴ്സസ് ഡേയോടനുബന്ധിച്ച് നഴ്സുമാരെ മാത്രമല്ല എല്ലാ ആരോഗ്യ പ്രവർത്തകരെയും സ്നേഹോപഹാരം നൽകി ആദരിച്ചു. കോവിഡ് - ഒമിക്രോൺകാലത്തു അവർനേരിടേണ്ടിവന്ന വെല്ലുവിളികൾ പങ്കുവെച്ചു. പെരിന്തൽമണ്ണ മേഖലയിൽ അമ്മമാർക്കായി നടത്തിയ സെന്റ് ജോസഫ് ക്വിസ്സിൽ വിജയികൾക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു.

എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും 24 മണിക്കൂർ അഖണ്ഡ ജപമാല നടത്തപ്പെടുകയും എല്ലാ യൂണിറ്റിലെയും അമ്മമാർ സജീവമായി പങ്കെടുക്കുന്നു. എല്ലാ മാസവും എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈൻ വഴി നടത്തപ്പെടുകയും എല്ലാ യൂണിറ്റുകളും പങ്കെടുക്കുകയും ചെയ്യുന്നു.

പെരിന്തൽമണ്ണ യൂണിറ്റ് തിരുനാളിനോടനുബന്ധിച്ച് ഇടവക വാർഷിക ആഘോഷത്തിൽ മാതൃവേദി അംഗങ്ങൾ ചേർന്ന് സംഗീതനൃത്തം അവതരിപ്പിച്ചു. സ്ഥലം മാറിപ്പോകുന്ന ഫൊറോന വികാരി കുര്യാക്കോസച്ചനു മാതൃവേദി അംഗങ്ങൾ സ്നേഹോപഹാരം നൽകി ആദരിച്ചു. തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ ദേവാലയവും പരിസരവും വൃത്തിയാക്കി.

*മങ്കട യൂണിറ്റ് :* എല്ലാ ദിവസവും വൈകുന്നേരം 6.45ന് പള്ളിയിൽ പ്രാർത്ഥന കൂട്ടായ്മ നടത്തിവരുന്നു. എല്ലാ ശനിയാഴ്ചയും വൈകുന്നേരം 4 pm മുതൽ 7 pm വരെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ജപമാല ചൊല്ലുന്നു.

*താഴെക്കോട് യൂണിറ്റ് :* മെയ് 12 നേഴ്സ് ഡേ ദിനത്തിൽ മേഖലയിൽ വെച്ച് ഒരുനേഴ്സിനെ

ആദരിക്കുകയും ഈ മഹാമാരിയിൽ നേരിട്ട വെല്ലുവിളികൾ അനുഭവങ്ങളിലൂടെ പങ്കുവെക്കുകയും ചെയ്തു.

മാതൃവേദി യൂണിറ്റ് സെക്രട്ടറിയുടെ മകൻ നിര്യാണത്തിൽ അനുശോചിക്കുകയും മരണാനന്തരശുശ്രൂഷകളിൽ പങ്കുചേരുകയുംചെയ്തു. ബൈബിൾ രചന നടത്തിയ അമ്മമാരെ ആദരിച്ചു.

*വലമ്പൂർ യൂണിറ്റ് :* ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം മാതൃവേദി അംഗങ്ങൾ ഇടവകയ്ക്ക് വേണ്ടി മധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. രോഗി സന്ദർശനങ്ങൾ നടത്തി. മെയ് 7 ന് അമ്മമാർ ദേവാലയത്തിൽ ഒരുമിച്ച് സമ്പൂർണ്ണ ജപമാല ചൊല്ലി നിയോഗം സന്യസ്തർക്കും വൈദികർക്കും ഇടവകയ്ക്കും യുവജനങ്ങൾക്കും വേണ്ടി സമർപ്പിച്ചു. യൂണിറ്റിൽ ബൈബിൾ രചന പൂർത്തിയാക്കിയ മൂന്ന് അമ്മമാരെ മെമന്റോ നൽകി ആദരിക്കുകയും അവരുടെ അനുഭവം പങ്കുവെക്കുകയും ചെയ്തു.

നഴ്സസ് ഡേ യൂണിറ്റിലെ 3 നഴ്സുമാരെ ആദരിക്കുകയും അവരുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്തു.

*മാലാപറമ്പ് യൂണിറ്റ് :* മാതാവിന്റെ വണക്കമാസത്തിനോടനുബന്ധിച്ച് യൂണിറ്റ് ജപമാലയിൽ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു. 2021 മെയ്മാസറാണി സംഗീത മത്സര വിജയിയായ വിന്നി ജെബിന് രൂപതയിൽ നിന്ന് സമ്മാനിച്ച മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

നേഴ്സ് ദിനത്തിനോടനുബന്ധിച്ച് യൂണിറ്റിലെ രണ്ട് നഴ്സുമാരെ മേഖല പ്രസിഡന്റ് ഷീബ ജോഷി ആദരിക്കുകയും ഈ മഹാമാരിയിൽ അവർ നേരിട്ട വെല്ലുവിളികൾ പങ്കുവെക്കുകയും ചെയ്തു.

*ഒറവംപുറം യൂണിറ്റ് :* കുടുംബാംഗത്തിന്റെ മരണം മൂലം അപ്പം മുറിക്കൽ ശുശ്രൂഷ നടത്താൻ സാധിക്കാത്ത കുടുംബങ്ങളെ ഒന്നിച്ചുകൂട്ടി അപ്പം മുറിക്കൽ ശുശ്രൂഷ നടത്തി. ഇടവകാംഗമായ ഒരു രോഗിയെ ഹോസ്പിറ്റലിൽ മാതൃവേദി അംഗങ്ങൾ പോയി കാണുകയും ആശ്വസിപ്പിക്കുകയും ചെയ്തു.

*നെന്മേനി യൂണിറ്റ് :* ഇടവകയിൽ ബൈബിൾ രചന പൂർത്തിയാക്കിയ നാല് അമ്മമാരെ മേഖലയിൽ ആദരിച്ചു. മേഖലയിലെ എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും അഖണ്ഡ ജപമാലയിൽ സജീവമായി പങ്കെടുത്തു.

*മരിയാപുരം യൂണിറ്റ് :* രോഗി സന്ദർശനം, സെമിത്തേരി വൃത്തിയാക്കൽ എന്നിവ ചെയ്യുന്നു. മുതിർന്ന മാതൃവേദി അംഗത്തിന്റെ വിയോഗത്തിൽ റീത്ത് സമർപ്പിച്ചു അനുശോചനത്തിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. ബൈബിൾ രചന പൂർത്തിയാക്കിയ സിജിബൈജുവിനെ മേഖലയിൽ ആദരിക്കുകയും ചെയ്തു. നഴ്സസ് ഡേയിൽ മേഖലയിൽ വെച്ചു രണ്ടു നഴ്സുമാരെ ആദരിക്കുകയും മഹാമാരിയിൽ അവർ നേരിടേണ്ടി വന്ന വെല്ലുവിളികൾ പങ്കുവെക്കുകയും ചെയ്തു. മേഖലയിൽ നടത്തിയ സെന്റ് ജോസഫ് ക്വിസ്സിൽ മത്സരത്തിൽ ഒന്നും, മൂന്നും സ്ഥാനം നേടി വിജയികളായിയവർക്ക് മേഖലയിൽനിന്ന് മെമന്റോനൽകി ആദരിക്കുകയും ചെയ്തു.

*പാലൂർ കോട്ട യൂണിറ്റ് :* യൂണിറ്റിൽ എല്ലാ നഴ്സുമാരെയും നഴ്സസ് ഡേയിൽ ആദരിച്ചു. മേഖലാ നടത്തിയ സെന്റ് ജോസഫ് ക്വിസ്സിൽ രണ്ടാം സ്ഥാനം നേടുകയും മേഖലയിൽ വെച്ച് മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

*കുറ്റിപ്പുറം യൂണിറ്റ് :* മാതൃവേദി മേഖല ഡയറക്ടറും ഇടവക വികാരിയുമായ ഫാ. തോമസ് മലപ്രവനാൽ നാലുവർഷത്തോളം സേവനമനുഷ്ഠിച്ച് രാമനാഥപുരം രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി സ്ഥലം മാറി പോകുന്നതിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ സ്നേഹോപഹാരം നൽകി ആദരിക്കുകയും യാത്രയയപ്പ് നൽകുകയും ചെയ്തു.

*ചീരട്ടാമല യൂണിറ്റ് :* പതിവുപോലെ എല്ലാമാസവും രണ്ടാം വെള്ളിയാഴ്ച 4. 30 ന് ജപമാലയും വിശുദ്ധ കുർബാനയിലെ ലേഖനവായനയ്ക്കും ഗാനശുശ്രൂഷയ്ക്കും അമ്മമാർ നേതൃത്വം നൽകി. വലിയ നോമ്പിൽ മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത ആറ് അമ്മമാരെ ബൈബിൾ സമ്മാനം നൽകി ആദരിച്ചു. ബൈബിൾ സ്പോൺസർ ചെയ്തത് മാതൃവേദി അംഗമാണ്.

മെയ് അഞ്ചിന് മാതൃവേദി അംഗങ്ങൾക്കായി വിനോദ യാത്ര സംഘടിപ്പിച്ചു. സ്ഥലം മാറിപ്പോകുന്ന മനോജ് അച്ചന് മാതൃവേദി അംഗങ്ങളുടെ സ്നേഹോപഹാരം നൽകി.

**താമരശ്ശേരി മേഖല**

*താമരശ്ശേരി യുണിറ്റ് :* അമ്മമാർക്ക് one day പിക്നിക് നടത്തി. വികാരി അച്ചന് യാത്ര അയപ്പ് നൽകി.

*പുതുപ്പാടി യൂണിറ്റ് :* ഇടവകയിലെ പാവപ്പെട്ട 7 കുടുംബങ്ങൾക്ക് ഈസ്റ്റർ സമ്മാനമായി സാമ്പത്തിക സഹായം നൽകി.

*ചമൽ യൂണിറ്റ് :* ഇടവക വികാരി ആയിരുന്ന കുര്യാക്കോസ് മുകാലയിൽ അച്ചന് മാതൃവേദി യാത്ര അയപ്പ് നൽകി.

*മൈലെള്ളാംപാറ യൂണിറ്റ് :* ഇടവകയിൽ നിന്നും സ്ഥലം മാറി പോകുന്ന അച്ചന് യാത്രയയപ്പ് നൽകി. മാതൃവേദി മെമ്പേഴ്സ് one day പിക്നിക് നടത്തി.

*തലയാട് യൂണിറ്റ് :* സമൂഹത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് സഹായം എത്തിക്കാനുള്ള പദ്ധതിയായ 'ഹൃദയപൂർവം' പരിപാടി വികാരി അച്ചൻ ഉദ്ഘാടനം ചെയ്തു.

*ചിപ്പിലിത്തോട് യൂണിറ്റ് :* മാതൃവേദി അംഗങ്ങൾ ഇടവകയിലെ എല്ലാ വീടുകളും സന്ദർശിച്ചു.

**തിരുവമ്പാടി മേഖലാ**

മെയ് 13ന് തിരുവമ്പാടിയിൽ വെച്ച് മേഖലാ ജനറൽ ബോഡി സമ്മേളനം നടത്തി ; എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. സി. ശാന്തി സിഎംസി അമ്മമാർക്കായി ഒരു ക്ലാസ് എടുത്തു. മുമ്പ് നടത്തിയ മത്സരങ്ങൾക്ക് സമ്മാനം നൽകുകയും ചെയ്തു.

*പൂവാറംതോട് യൂണിറ്റ് :* ഇടവകയിൽ ആനിമേറ്റർ സിസ്റ്ററുടെ നേതൃത്വത്തിൽ രോഗി സന്ദർശനം നടത്തി.

*പുല്ലൂരാംപാറ യൂണിറ്റ് :* ഏപ്രിൽ 26 ന് സി. പവിത്ര CMC അമ്മമാർക്ക് വേണ്ടി ക്ലാസ് നടത്തി. സംഘടനയുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി അമ്മമാർ വീട്ടിൽ നിന്ന് ചെടികൾ കവറിലാക്കി കൊണ്ടുവന്ന് വിൽപ്പന നടത്തി.

*മുക്കം യൂണിറ്റ് :* മാതൃവേദി അംഗങ്ങൾ ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ രോഗി സന്ദർശനം നടത്തി. മാതൃദിനത്തിൽ ഇടവകയിൽ 75 വയസ്സിന് മുകളിലുള്ള അമ്മമാരെ ആദരിച്ചു. മെയ് 8 മാതൃദിനത്തിനു മുന്നോടിയായി അമ്മ എന്ന രണ്ടക്ഷരം തങ്ങളുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഒരു 'അമ്മ കുറിപ്പ്' മത്സരം ഇടവക മുഴുവൻ ആൺ പെൺ ഭേദമെന്യേ ജൂനിയേഴ്സ് സീനിയേഴ്സ് എന്നിങ്ങനെ ഇരു ടീമായി സംഘടിപ്പിച്ചു. മത്സരത്തിൽ ജയിച്ചവർക്ക് ക്യാഷ് പ്രൈസ് നൽകി. ഇടവകയിലെ എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി വികാരിയച്ചന്റേയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ വിനോദയാത്ര നടത്തി.

*മഞ്ഞക്കടവ് യൂണിറ്റ് :* മെയ് 1ന് യൗസേപ്പ് പിതാവിന്റെ തിരുനാൾ ആഘോഷിച്ചു . സ്ഥലം മാറിപ്പോകുന്ന മാതൃവേദി ആനിമേറ്റർക്ക് യാത്രയപ്പ് നൽകി.

*കൂടരഞ്ഞി യൂണിറ്റ് :* മാതാവിന്റെ വണക്കമാസം ആചരണത്തിൽ എല്ലാ അമ്മമാരും ഭക്തിയോടെ പങ്കെടുത്തു. ആനിമേറ്ററുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തി. ഇടവകയിൽ നിന്ന് സ്ഥലം മാറി പോകുന്ന കൊച്ചച്ചനും ആനിമേറ്റർ സിസ്റ്ററനും യാത്രയയപ്പ് നൽകി.

*തിരുവമ്പാടി യൂണിറ്റ് :* മെയ് എട്ടിന് മാതൃ ദിനം ആചരിച്ചു. പഴയകാല മാതൃവേദി അംഗമായ ഒരു അമ്മയെ വീട്ടിൽ പോയി ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

കെസിവൈഎം ന്റെ ക്ഷണം അനുസരിച്ച് അവർ സംഘടിപ്പിച്ച മാതൃദിന ആഘോഷത്തിൽ പങ്കെടുക്കുകയും അവരുടെ സ്നേഹ സന്തോഷ സമ്മാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

മെയ് 3 ന് എക്സിക്യൂട്ടീവ് മീറ്റിങ്ങും മെയ് 12ന് ജനറൽ ബോഡി യോഗവും നടത്തി. മെയ് 12ന് നേഴ്സ് ഡേ ആഘോഷിച്ചു. മാതൃവേദി അംഗങ്ങളായ 6 നഴ്സുമാരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി അംഗങ്ങൾക്ക് മിനി മെഡിക്കൽ ക്യാമ്പ് നടത്തി. നേഴ്സസ് ഡേയുടെ പ്രാധാന്യത്തെക്കുറിച്ചും ജീവിതശൈലി രോഗങ്ങളെക്കുറിച്ചും പ്രസിഡണ്ട് വത്സമ്മ കൊട്ടാരത്തിൽ അംഗങ്ങൾക്ക് ക്ലാസ്സ് നൽകി. ഭവന നിർമ്മാണ ഫണ്ടിലേക്ക് ശേഖരിച്ച നോമ്പുകാല ദാനധർമ്മമായ പതിനായിരം രൂപ വനിതാ വിൻസെന്റ് ഡി പോൾ പ്രസിഡണ്ടിന് അസിസ്റ്റന്റ് വികാരി ഫാ. അമൽ ജോർജ്ജിന്റെ സാന്നിധ്യത്തിൽ നൽകി. അഭിവന്ദ്യ റെമിജിയോസ്

പിതാവിന്റെ സാന്നിധ്യത്തിൽ നടന്ന ഇടവകയുടെ രണ്ടാംഘട്ട 'നല്ലിടയൻ' പദ്ധതിയിലേക്ക് മാതൃവേദി 10,000 രൂപയുടെ ആടിനെ നൽകി. 'അമ്മയ്ക്കൊരു കൈത്താങ്ങ്' പദ്ധതിയിൽ വീണ്ടും മറ്റൊരു അംഗത്തിന് പതിനായിരം രൂപ മൂന്നുമാസത്തേക്ക് ധനസഹായം നൽകി. ബഥാനിയായിലേക്ക് സ്ഥലം മാറിപ്പോയ ഫാ. ജോബിന് യാത്രയയപ്പും സമ്മാനവും നൽകി.

*വേനപ്പാറ യൂണിറ്റ് :* ഏപ്രിൽ പത്താം തീയതി ഫാ. സൈമൺ കിഴക്കേക്കുന്നേലിന്റെ നേതൃത്വത്തിൽ മലയാറ്റൂരിലേക്ക് തീർത്ഥയാത്ര നടത്തി. ചേവരമ്പലം Home of love ലും കരുണാഭവനിലും പോവുകയും 10000 രൂപ വീതം നൽകുകയും ഒരു ഗുഡ്സ് ലോറി നിറയെ ഭക്ഷ്യസാധനങ്ങൾ അവർക്ക് കൊടുക്കുകയും ചെയ്തു. ഇടവകയിലെ എല്ലാ അമ്മമാർക്കും ആയി കുടുംബജീവിതവും അവ നേരിടുന്ന വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി മേരി ടീച്ചർ ക്ലാസെടുത്തു. വേദപാഠ കുട്ടികൾക്കായി നടത്തിയ അവധിക്കാല സെമിനാറിന്റെ സമാപനദിവസം അവർക്ക് വിഭവസമൃദ്ധമായ സദ്യ മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ ഉണ്ടാക്കി. മെയ് ഒന്നാം തീയതി ലോകസമാധാനത്തിനും റഷ്യ യുക്രെൻ യുദ്ധം അവസാനിക്കുന്നതിനും വിവാഹ പ്രായമായിട്ടും വിവാഹം നടക്കാത്തവരുടെ വിവാഹ തടസ്സം മാറുന്നതിനും വേണ്ടി ജപമാല റാലി നടത്തുകയും മാതാവിന്റെ ഗ്രോട്ടോയിൽ ജപമാല വണക്കമാസം നടത്തുകയും ചെയ്തു. എല്ലാ ദിവസവും ജപമാലയും വണക്കമാസവും നടത്തിവരുന്നു. മെയ് 13 ന് അന്താരാഷ്ട്ര നേഴ്സ്ഡേ യുമായി ബന്ധപ്പെട്ട ഒരു നിശ്ചലദൃശ്യം അവതരിപ്പിക്കുകയും ചെയ്തു. എല്ലാമാസവും യൂണിറ്റ് മീറ്റിങ്ങിൽ ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

**മരുതോങ്കര മേഖല**

ഏപ്രിൽ 30 ന് രൂപതാ സമിതി സന്ദർശനത്തോടൊപ്പം മേഖല മീറ്റിംഗ് കൂടുകയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു.

മരുതോങ്കര ഫൊറോന കൺവെൻഷനിൽ എല്ലാ യൂണിറ്റിലെയും അമ്മമാർ പങ്കെടുത്തു. മെയ് 16 ന് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും സി. വിക്റ്റിമയ്ക്ക് യാത്രയയപ്പും സ്നേഹോപഹാരവും നൽകുകയും ചെയ്തു.

*മരുതോങ്കര യൂണിറ്റ് :* മരുതോങ്കര ഇടവകയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ യൂണിഫോം ധരിച്ച് മുത്തുക്കുടയേന്തി പ്രാർത്ഥനാപൂർവം നിറസാന്നിധ്യമായി നിന്നു.

*കുണ്ടുതോട് യൂണിറ്റ് :* ഏപ്രിൽ മാസത്തിൽ മാതൃവേദി അംഗങ്ങൾ മലയാറ്റൂർ തീർത്ഥാടനം നടത്തി. ചികിത്സാ സഹായം നൽകുകയും കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## വിലങ്ങാട് മേഖല

*വിലങ്ങാട് യുണിറ്റ് :* ഇടവക തിരുന്നാളിന് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഭക്ഷണ സ്റ്റാൾ ഇടുകയും ഫണ്ട് സമ്പാദിക്കുകയും ചെയ്തു. അമ്മമാർ നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാ ആഴ്ചയിലും പള്ളിയും സെമിത്തേരിയും വൃത്തിയാക്കി. മാസത്തിലെ ആദ്യ ഞായറാഴ്ച അമ്മമാരുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാനയിൽ കാഴ്ച സമർപ്പണവും ഗാനശുശ്രൂഷയും ബൈബിൾ വായനയും നടത്തി.

*വാളൂക്ക് യുണിറ്റ് :* ഇടവകയിൽ നിന്നും അമ്മമാർ മലയാറ്റൂർ തീർത്ഥാടനം നടത്തി. 50 നോമ്പിന് എല്ലാ ദിവസവും പള്ളിയിൽ വന്ന കപ്പിൾസിനും, അമ്മമാർക്കും സമ്മാനങ്ങൾ നൽകി.

*മഞ്ഞക്കുന്ന് യൂണിറ്റ് :* എല്ലാ ആദ്യ ശനിയാഴ്ചയും മീറ്റിംഗ് കൂടുകയും വരിസംഖ്യ ഫണ്ടിലേക്ക് നൽകുകയും ചെയ്യുന്നു.ആദ്യ ഞായറാഴ്ചകളിൽ അമ്മമാരുടെ നേതൃത്വത്തിൽ കാഴ്ചവെപ്പ് നടത്തുകയും വായനകൾ ഏറ്റെടുക്കുകയും ചെയ്യുന്നു. അമ്മമാരുടെ നേതൃത്വത്തിൽ വലിയപാനോം കുരിശു പള്ളിയിലേക്ക് കുരിശിന്റെ വഴി നടത്തി. പള്ളി, സിമിത്തേരി എന്നിവ വൃത്തിയാക്കുകയും ഭക്ഷണം ഉണ്ടാക്കുന്നതിൽ സഹായിക്കുകയും ചെയ്തു. പെരുന്നാളിന് പ്രധാന ദിവസങ്ങളിൽ അമ്മമാർ യൂണിഫോം ധരിച്ച് മുത്തുക്കുടകളേന്തി പ്രദക്ഷിണത്തിൽ പങ്കുചേർന്നു. പെരുന്നാളിന് അവസാന ദിവസങ്ങളിൽ പള്ളിയും പരിസരവും വൃത്തിയാക്കി. ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ രോഗികളെ സന്ദർശിച്ചു.

## തോട്ടുമുക്കം മേഖല

വലിയ ആഴ്ച ആചരണം പ്രായമായ അമ്മമാർ എങ്ങനെയാണ് ആചരിച്ചിരുന്നത് എന്നതിനെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കുന്ന ഒരു വീഡിയോ നിർമ്മിച്ചു. ഒരു വീഡിയോ മത്സരം മേഖലാ തലത്തിൽ ഇടവകകളിൽ നടത്തി. മേഖലയിൽ അമ്മമാരുടെ നേതൃത്വത്തിൽ ഒരു ചിട്ടി ആരംഭിച്ചു മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട സിജോ അച്ചനും മേഖല ആനിമേറ്റർ ബഹു. സി. ഇഗ്നേഷ്യായ്ക്കും യാത്രയയപ്പും സ്നേഹോപകാരവും നൽകി. തോട്ടുമുക്കം മേഖലയിലെ എല്ലാ ഇടവകകളിലും മാതാവിന്റെ വണക്കമാസം വായിക്കുകയും സാധിക്കുന്ന യൂണിറ്റുകൾ പ്രാർത്ഥന വീഡിയോ ഗ്രൂപ്പിൽ ഷെയർചെയ്യുകയും ചെയ്യുന്നു. രൂപതാ സമിതി അംഗങ്ങളായ ഡയറക്ടർ ബഹു. പ്രിയേഷ് അച്ചനും സി. ഫിലോയും റിസോഴ്സ് ടീം അംഗം ദീപ ടീച്ചറും മേഖല സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

*കോനൂർകണ്ടി യൂണിറ്റ് :* ഇടവകയിൽ അമ്മമാർ ചിട്ടി ആരംഭിച്ചു. സ്ഥലം മാറ്റം ലഭിച്ച വികാരി സിജോ അച്ചന് യാത്രയയപ്പ് നൽകി.

*ചുണ്ടത്തുംപൊയിൽ :* യൂണിറ്റ് അമ്മമാരുടെ നേതൃത്വത്തിൽ ആരാധന, രോഗീസന്ദർശനം എന്നിവ നടത്തി. വണക്കമാസത്തിൽ മാതാവിന്റെ രൂപം അലങ്കരിച്ച് പ്രാർത്ഥിക്കുന്നു, സ്ഥലം മാറ്റം ലഭി ച്ച, ആനിമേറ്റർ സി. ഇഗ്നേഷ്യയ്ക്ക് യാത്രയയപ്പ് നൽകി.

*വാലില്ലാപുഴ യൂണിറ്റ് :* ചേവരമ്പലം Home of love എന്ന സ്ഥാപനത്തിൽ 16 അംഗങ്ങൾ സന്ദർശനം നടത്തുകയും നോമ്പുകാല സംഭാവന തുകയ്ക്ക് പല വ്യഞ്ജന സാധനങ്ങൾ നൽകുകയും 10000 രൂപ നൽകുകയും ചെയ്തു. ഈസ്റ്ററിന് രണ്ടു വീട്ടിൽ ബിരിയാണിക്കു വേണ്ട സാധനങ്ങൾ നൽകി.

മാതാവിന്റെ പാട്ടുകൾ അംഗങ്ങൾ ഒറ്റയ്ക്കായും കുടുംബത്തോടൊപ്പവും പാടി ഷെയർ ചെയ്യുന്നു. ജീവകാരുണ്യ പ്രവർത്തനത്തിനായി അയ്യായിരം രൂപ നൽകി. സ്ഥലം മാറ്റം ലഭിച്ച ആനിമേറ്റർ സിസ്റ്റർ, മദർ എന്നിവർക്ക് യാത്രയയപ്പ് നൽകി.

*പനംപിലാവ് യൂണിറ്റ് :* രൂപതാ സമിതി അംഗങ്ങൾ മെയ് 15 ന് യൂണിറ്റ് സന്ദർശനം നടത്തി. ആ മീറ്റിംഗിൽ ബൈബിൾ തിരുവചനം എന്ന ബൈബിൾ റീഡിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവർക്ക് അഭിനന്ദവും കാർഡും നൽകുകയും ചെയ്തു. സ്ഥലം മാറി പോയ മാതൃവേദി പ്രവർത്തകയ്ക്ക് മെമന്റോ നൽകി ആദരിച്ചു.

**കരുവാരകുണ്ട് മേഖല**

മേഖലാ ഡയറക്ടറായി നാലു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഫാ. വിൻസെന്റ് കറുകമാലിൽ അച്ചന് മേഖലാ ഭാരവാഹികൾ ഹൃദ്യമായ യാത്രയയപ്പ് നൽകി. അതുപോലെ കൽക്കുണ്ട് ഇടവകയിൽ മൂന്നു വർഷക്കാലം സേവനമനുഷ്ഠിച്ച സിസ്റ്റർ കൃപക്കും കരുവാരകുണ്ട് ഇടവകയിൽമൂന്നു വർഷക്കാലം സേവനമനുഷ്ഠിച്ച സിസ്റ്റർജ്യോതിസിനും യൂണിറ്റ് അംഗങ്ങൾ ഹൃദ്യമായ യാത്രയയപ്പ് നൽകി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പാതിരിക്കോട് ഇടവകയിലെ രണ്ടു കുടുംബങ്ങൾക്ക് ആയി ഇടവകയിലെ മാതൃവേദി യൂണിറ്റ് അംഗങ്ങൾ 10000 വീതം രൂപ ധനസഹായം നൽകി. 2021 പ്രവർത്തന വർഷത്തിൽ മികച്ച മേഖലകളിൽ മൂന്നാം സ്ഥാനം കരുവാരകുണ്ട് മേഖലയ്ക്ക് ലഭിച്ചതിന്റെ സന്തോഷം എല്ലാ മേഖല അംഗങ്ങളും പങ്കുവെച്ചു.

*കോനൂർകണ്ടി യൂണിറ്റ് :* ഇടവകയിൽ അമ്മമാർ ചിട്ടി ആരംഭിച്ചു. സ്ഥലം മാറ്റം ലഭിച്ച വികാരി സിജോ അച്ചന് യാത്രയയപ്പ് നൽകി.

**കോടഞ്ചേരി മേഖല**

*കണ്ണോത്ത് യൂണിറ്റ് :* സ്ഥലം മാറുന്ന ബഹു. ഫാ. ഡൊമിനിക്ക് തൂങ്കുഴിക്കും , ഫാ. ബിബിനും ആനിമേറ്റർ സി. ആനി അബ്രാഹത്തിനും ആശംസകൾ നേരുകയും സ്നേഹോപഹാരം നൽകുകയുംചെയ്തു. കണ്ണോത്തമ്മ ദിനത്തോടനുബന്ധിച്ച് അമ്മമാർ നേർച്ചഭക്ഷണം തയ്യാറാക്കി.

*കോടഞ്ചേരി യൂണിറ്റ് :* കോടഞ്ചരി ഇടവകയിൽ നിന്നും സ്ഥലം മാറുന്ന വൈദികർക്ക് യാത്രയയപ്പും സ്നേഹസമ്മാനവും നൽകി.

*ഈരൂട് യൂണിറ്റ് :* കരിങ്കല്ലത്താണിയിലേക്ക് സ്ഥലം മാറുന്ന ആനിമേറ്റർ സിസ്റ്റർ ജോസ്നയ്ക്ക് സ്നേഹോപഹാരം നൽകി യാത്രയയച്ചു.

*ചെമ്പുകടവ് യൂണിറ്റ് :* ഒരു വീടിന്റെ അറ്റകുറ്റപ്പണിക്കായി 35750 രൂപ സമാഹരിച്ചു. ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ചികിത്സാ സഹായം നൽകി. ഒരു നിർദ്ധനകുടുംബത്തിലെ കുട്ടിക്ക് കുടയും നോട്ട്ബുക്കുകളും നൽകി. ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന കൊച്ചച്ചന് യാത്ര അയപ്പ് നൽകുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു.

**പാറോപ്പടി മേഖല**

*കട്ടാങ്ങൽ യൂണിറ്റ് :* ഇടവകയിലെ കാഴ്ചപരിമിതിയുള്ള അംഗത്തെ ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ സന്ദർശിച്ച് സ്നേഹസമ്മാനം നൽകി.

*ചേവായൂർ യൂണിറ്റ് :* ഏപ്രിൽ 23 ന് തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഫണ്ട് സ്വരൂപണത്തിനായി ബിരിയാണി സെയിൽ നടത്തി. തിരുനാൾ പ്രദക്ഷിണത്തിന് മാതാവിന്റെ തിരുസ്വരൂപം വഹിച്ചത് മാതൃവേദി അംഗങ്ങളായിരുന്നു.

**കൂരാച്ചുണ്ട് മേഖല**

*കൂരാച്ചുണ്ട് യൂണിറ്റ് :* രോഗീസന്ദർശനം, വാർഷിക ധ്യാനത്തിന് സ്തോത്രകാഴ്ചയെടുക്കൽ, ലഘുഭക്ഷണം നല്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തി. യേശുവിന്റെ പീഡാനുഭവത്തേക്കുറിച്ച് അന്നമ്മ കാരക്കട ഒരു ലഘു പ്രഭാഷണം നടത്തി.

*മുതുകാട് യൂണിറ്റ് :* അമ്മമാരുടെ സ്വന്തം ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു സംരംഭം കൊണ്ടുവന്ന് അത് വിൽക്കുകയും അതിലൂടെ ഒരു വരുമാനം ഉണ്ടാക്കാനുമുള്ള തീരുമാനവും എടുത്തു.

*ചക്കിട്ടപാറ യൂണിറ്റ് :* ഇടവകയിലെ മാതൃവേദി സംഘടന സജീവമാക്കാൻ തീരുമാനിക്കുകയും പ്രവർത്തനത്തിനുള്ള ഫണ്ട് ശേഖരക്കാൻ ചിട്ടി നടത്താൻ തീരുമാനിക്കുകയും ചെയ്തു.

*കല്ലാനോട് യൂണിറ്റ് :* ഒരു വർഷം നീണ്ടു നിൽക്കുന്ന ബൈബിൾ പഠന പരമ്പര ഡയറക്ടർ ഫാ. മാത്യു നിരപ്പേൽ ഉദ്ഘാടനം ചെയ്തു. മാതൃവേദിയുടെ സഹ മദ്ധ്യസ്ഥയായ വിശുദ്ധ ജാന്നയുടെ തിരുന്നാൾ ദിനമായ ഏപ്രിൽ 28ന് വിശുദ്ധയെ എല്ലാവർക്കും പരിചയപ്പെടുത്തി. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ആനിമേറ്റർ ഷീല സിസ്റ്ററിന് മെമന്റോയും, സമ്മാനവും നൽകി ആദരിച്ചു. ഇടവകയിലെ ആറു കു

ടുംബങ്ങൾക്ക് ഭക്ഷ്യ സാധനങ്ങളും, നിത്യോപ യോഗ സാധനങ്ങളും വിതരണം ചെയ്തു. ബൈബിൾ ക്വിസും, അടുക്കളതോട്ട മത്സരം നടത്തുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു.

*കാറ്റുള്ളമല യൂണിറ്റ്* : മാതൃവേദിയുടെ നേതൃത്വത്തിൽ മലയാറ്റൂർ, വല്ലാർപാടം , ഇടപ്പള്ളി പളളി എന്നിവിടങ്ങളിൽ തീർത്ഥയാത്ര നടത്തി. Old age Home ൽ രോഗീ സന്ദർശനം നടത്തുകയും അവർക്ക് സഹായങ്ങൾ നല്കുകയും, അവിടുത്തെ പച്ച ക്കറിത്തോട്ടം കളകൾ പറിച്ച് വൃത്തിയാക്കി കൊടുക്കുകയും ചെയ്തു.

*കുളത്തുവയൽ യൂണിറ്റ്*: കുരിശിന്റെ വഴി, രോഗീസന്ദർശനം എന്നിവ ന ടത്തി. അക്രൈസ്തവരായ ഒരു കുടുംബത്തിന് ചികിത്സക്കായി രണ്ടായിരം രൂപ ന ല്കുകയും ചെയ്തു.

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി



# ആദരാഞ്ജലികൾ



## സി. മാഗ്ദലിൻ SABS

**മരണം 22-5-2022**

"ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാ ണ്നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും" (ഏശ. 41:10).

പാലാ രൂപത തുരുത്തിപ്പള്ളി ഇടവക വെങ്ങിണിക്കപ്പറമ്പിൽ ജോൺ - അന്ന ദമ്പതികളുടെ ഏഴുമക്കളിൽ ഇളയവരായ ഇരട്ട സന്താനങ്ങളിൽ ഒരാളായി 1932 ജനുവരി 16 ന് സി. മാഗ്ദലിൻ ജനിച്ചു. 1954 ജൂലൈ മാസത്തിൽ വടകര മഠത്തിൽ അർത്ഥിനിയായി പ്രവേശിക്കുകയും 1956 മെയ് 24ന് ആദ്യവ്രതവാഗ്ദാനം നടത്തി സി. മേരി മാഗ്ദലിൻ എന്ന പേര് സ്വീകരിച്ചു. 1959 മെയ് 24ന് നിത്യവ്രതവാഗ്ദാനം നടത്തി.

തന്റെ എളിയ ജീവിതം നിശബ്ദമായ സേവനമാക്കി മാറ്റിക്കൊണ്ട്കഴിഞ്ഞ 66 വർഷങ്ങൾ പയ്യമ്പിള്ളി, തോമാപുരം, മരുതോങ്കര, പടത്തുകടവ്, പാലാവയൽ, കോഴിച്ചാൽ, മണക്കടവ്, കിളിയന്തറ, കണിച്ചാർ, ആനിക്കാംപൊയിൽ, നെന്മേനി, താമരശ്ശേരി എന്നീ ഭവനങ്ങളിൽ സുപ്പീരിയർ, പ്രൊകുറേറ്റർ എന്നീ നിലകളിൽ സേവനം കാഴ്ച്ചവെച്ചു. 2006 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച അമ്മ ബൈബിൾ അപ്പോസ്തലേറ്റ് എല്ലാവർഷവും നടത്തുന്ന ലോഗോസ് ക്വിസ്സ് മത്സരത്തിൽ ഒരിക്കലും മുടങ്ങാതെ തന്റെ 88-ാമത്തെ വയസ്സ് വരെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിരുന്നു.

വാർദ്ധക്യസഹജമായ രോഗത്താൽ താമരശ്ശേരി പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിച്ചിരുന്ന അമ്മയെ പെട്ടെന്നുണ്ടായ ക്ഷീണത്തെ തുടർന്ന ഈ മെയ് മാസം 18-ാം തീയതി മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ് എന്ന സങ്കീർത്തന വചനം അന്വർത്ഥമാക്കിക്കൊണ്ട് 2022 മെയ് 22 ന് പുലർച്ചെ 4 മണിക്ക് മാഗ്ദലിൻ അമ്മയുടെ പാവനാത്മാവ് തന്റെ 90-ാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വിശ്വസ്തതയോടെ ജീവിതബലി പൂർത്തിയാക്കിയ അമ്മയെ ദിവ്യനാഥൻ നിത്യവിശ്രമത്തിലേക്ക് പ്രവേശിപ്പിച്ചു. മെയ് 22 ന് വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ മേരിമാത കത്തീഡ്രൽ സിമിത്തേരിയിൽ നടത്തപ്പെട്ടു. മാഗ്ദലിനാമ്മയുടെ പാവനാത്മാവിന് നിത്യശാന്തി നേരുന്നു.

# കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇൻഡ്യ

## ഈസ്റ്റർ ഒരുക്ക ധ്യാനം

കോഴിക്കോട് സിറ്റിയിലുള്ള വിവിധ ആശുപതികളിൽ സേവനം ചെയ്യുന്ന നഴ്സുമാർക്കായി ഏപ്രിൽ ഒൻപതാം തീയ്യതി നോമ്പുകാല ഏകദിന ധ്യാനം മാങ്കാവ് സെന്റ് ജോസഫ്സ് പള്ളിയിൽ ഒരു ക്കപ്പെട്ടു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്ര ടീം ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. വചനപ്രഘോഷണവും കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും അഭിഷേക പ്രാർത്ഥനയും ക്രമീകരിച്ചു. ഏകദേശം എഴുപത്തഞ്ചോളം നഴ്സുമാർ പങ്കെടുത്തു.

## ഡയസിഷ്യൻ ലീഡേർസ് മീറ്റിംങ്

ഏപ്രിൽ ഇരുപത്തിനാല് ഞായറാഴ്ച രൂപതാ ഭാരവാഹികളുടെയും സ്റ്റേറ്റ് മെമ്പേഴ്സിന്റെയും മീറ്റിംങ് ഓൺലൈനായി നടത്തപ്പെട്ടു. നഴ്സസ് ഡേ പ്രവർത്തനങ്ങൾ വിവിധ രൂപതകളിലുംഹോസ്പിറ്റലുകളിലും ഒരുക്കുവാൻ മീറ്റിംങ് ആവശ്യപ്പെട്ടു. സി. എൻ. ജി. ഐ പ്രവർത്തനങ്ങളെ പൊതുവായി വിലയിരുത്തി. താമരശ്ശേരി രൂപത ഭാരവാഹികൾ സജീവമായി പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു.

## നഴ്സസ് ദിന ആഘോഷങ്ങൾ

അന്താരാഷ്ട്ര നേഴ്സ്സ് ദിനമായ 2022 മേയ് 12 വ്യാഴാഴ്ച സി.എൻ.ജി.ഐ യുടെ നേതൃത്വത്തിൽ താമരശ്ശേരി രൂപതയിലെ വിവിധ ഇടങ്ങളിൽ വ്യത്യസ്തമായ കർമ്മ പദ്ധതികളോടെ ലോക നഴ്സ്സ് ദിനം ആചരിച്ചു.

കോഴിക്കോട് സിറ്റിയിലെ ആശുപത്രികളിലെ നഴ്സുമാർക്കായി മാങ്കാവ് സെന്റ് ജോസഫ്സ് ദേവാലത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെട്ടു. അതിനുശേഷം നടത്തപ്പെട്ട മീറ്റിംങിൽ രൂപതാ ഡയറക്ടർ ഫാ. റോണി പോൾ കാവിൽ പ്രസ്തുത ദിനത്തിന്റെ പ്രത്യേകതകൾ സൂചിപ്പിച്ച് സന്ദേശം നൽകി. നഴ്സുമാരുടെ നിസ്തുലമായ സേവനത്തെ പ്രകീർത്തിച്ച് ആശംസകൾ ഹോസ്പിറ്റൽ പ്രതിനിധികൾ അർപ്പിച്ചു. സ്നേഹവിരുന്നോടുകൂടി പരിപാടികൾ സമാപിച്ചു.

## ധർമ്മഗിരി സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, മുക്കം

ധർമ്മഗിരി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ലോക നഴ്സസ് ദിനം ഹൃദ്യവും മനോഹരവുമായ പരിപാടികളാൽ ധന്യമാക്കി. അന്നേ ദിനം രാവിലെ ഹോസ്പിറ്റലിലെ എല്ലാ നഴ്സുമാരെയും ആദരിക്കുകയും മധുരം പങ്കുവച്ച് ആ ദിനം അവിസ്മരണീയമാക്കുകയും ചെയ്തു. സ്തുത്യർഹമായ സേവനങ്ങൾക്ക് പരസ്പരം അനുമോദനങ്ങൾകൈമാറി. മികച്ച പ്രവർത്തനങ്ങൾ നടത്തുന്നവരെ പ്രത്യേകം ആദരിച്ചു.

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. ഡാലിയ, അസി. അഡ്മിനിസ്ട്രേറ്റർ സി. ലിയ, നഴ്സിങ് സൂപ്പർ ഇൻഡന്റ് സി. ലിസ് മേരി എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

## ചാവറ ഹോസ്പിറ്റൽ, താമരശ്ശേരി

ലോക നേഴ്സ്സ് ദിനം : 2022 മേയ് 12 വ്യാഴാഴ്ച വ്യത്യസ്തമായ കർമ്മ പദ്ധതികളോടെ ചാവറ ഹോസ്പിറ്റലിൽ ആഘോഷിച്ചു. ഇതിന്റെ ഭാഗമായി അന്നേ ദിവസം ഉച്ചകഴിഞ്ഞ് താമരശ്ശേരി അൽഫോൻസാ സെമിനാരി വൈസ് റെക്ടർ റവ. ഫാ. ചെറിയാൻ പൊങ്ങംപാറ വിശുദ്ധ കുർബ്ബാന അർപ്പിച്ച് എല്ലാ നേഴ്സ്മാർക്കുവേണ്ടി പ്രാർത്ഥിക്കുകയും അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. ഒപ്പം നേഴ്സ്മാരുടെ സേവനങ്ങളെ എടുത്തു പറയുകയും അവരുടെ അർപ്പണ മനോഭാവവും പുഞ്ചിരിയോടെയുള്ള ഇടപെടലുകളും മറ്റുള്ളവർക്ക് ആശ്വാസം പകരുന്നവയാണെന്ന് സൂചിപ്പിക്കുകയും ചെയ്തു. വിശുദ്ധ ബലിക്കു ശേഷം ഹോസ്പിറ്റൽ മെഡിക്കൽ കൗൺസിലർ സി. കുസുമം ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ഹോസ്പിറ്റൽ മാനേജർ സി. സെലിൻ ജോസ്, ഡോ. സി. മേരി റോസ്, ഡോ. വൈശാഖ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. റോസ്ലിൻ എന്നിവർ ആശംസകൾ അർപ്പിച്ചു. നേഴ്സ്മാരുടെ നേതൃത്വതിൽ പ്ലകാർഡുകൾ തയ്യാറാക്കുകയും ഫ്ലോറെൻസ് നൈറ്റിംഗേലിന്റെ ജീവിതത്തെക്കുറിച്ച് വർണിക്കുകയും ചെയ്തു "നേഴ്സ്മാർ നേതൃനിരയിലെ ശബ്ദം, അവർക്ക് വേണ്ടി പ്രവർത്തിക്കുക അവരുടെ അവകാശങ്ങളെ മാനിക്കുക, ആരോഗ്യം സംരക്ഷിക്കുക" എന്ന ഈ വർഷത്തെ നേഴ്സ്ഡേ തീം എടുത്തുകാട്ടി മിസ്സ്. സിനി ബിന്‌ലൂ സംസാരിച്ചു സ്റ്റാഫ് പ്രതിനിധി സിനി സ്വാഗതവും, നീമ ജോബിൻ നന്ദിയും പറഞ്ഞു.

## അൽഫോൻസാ ഹോസ്പിറ്റൽ പുല്ലൂരാംപാറ

പുല്ലൂരാംപാറ അൽഫോൻസാ ഹോസ്പിറ്റലിൽ ലോക നഴ്സസ് ദിനം വ്യത്യസ്തമായ പരിപാടികളാൽ അണിയിച്ചൊരുക്കി. മേയ് പന്ത്രണ്ടാം തിയ്യതി രാവിലെ ഹോസ്പിറ്റലിലെ എല്ലാ നഴ്സുമാരെയും ആദരിക്കുകയും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. ജെറി ടോം എസ്.ഡി നഴ്സസ് ദിന സന്ദേശം നൽകുകയും ചെയ്തു. നിസ്തുലമായ സേവനങ്ങൾക്ക് പരസ്പരം അനുമോദനങ്ങൾ കൈമാറി. എല്ലാ നഴ്സുമാർക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. അന്നേ ദിനം വൈകുന്നേരം എല്ലാ ആശുപത്രി ജീവനക്കാർക്കുമായി എസ്. ഡി ജനറലേറ്റ് ഓൺലൈൻ സെമിനാർ ക്രമീകരിച്ചു. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. ജെറി ടോം എസ്.ഡി, അസി. അഡ്മിനിസ്ട്രേറ്റർ സി. റിൻസ എസ്.ഡി, എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, സി.എൻ.ജി.ഐ

# കരിസ്മാറ്റിക് മൂവ്മെന്റ്

24.4.2022 ന് സബ്സോൺ കോർഡിനേറ്റേഴ്സ് മീറ്റ് ഓൺലൈനായി കൂടി. ഇടവകകളിൽ നടക്കേണ്ട കോർഗ്രൂപ്പ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് മെയ്മാസം ആദ്യ ആഴ്ചയോടുകൂടി പൂർത്തീകരിക്കണമെന്ന് കോർഡിനേറ്റർ എല്ലാവരേയും ഓർമ്മപ്പെടുത്തി. തിരഞ്ഞെടുപ്പിന്റെ ഭാഗമായി ദിവ്യകാരുണ്യ ആരാധനയും, ഏകദിന സെമിനാറുകളും ഇടവകയിൽ നടത്തുന്ന കാര്യവും ചർച്ചചെയ്തു.

കുടുംബത്തിൽ എല്ലാവരും നവീകരണത്തിലേക്ക് കടന്നുവരാൻ പ്രാർത്ഥന കുടുംബങ്ങളിൽനിന്നും ഉണ്ടാകണം. എല്ലാ ശനിയാഴ്ചകളിലും സോണൽ തല ത്തിൽ ഓൺലൈനായി മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

മെയ് 11 ന് സർവ്വീസ് ടീം ഓൺലൈനായി കൂടി. എമ്മാവൂസ്സിൽ നടക്കുന്ന കേരള അഡ്വൈസറി മീറ്റിംഗിൽ സോണൽ കോർഗ്രൂപ്പ് കെഎസി അംഗങ്ങളും പങ്കെടുക്കാൻ തീരുമാനിച്ചു.

പന്തക്കുസ്താ ഒരുക്കമായി പരിശുദ്ധാത്മാവിന്റെ നൊവേന എല്ലാ ഇടവക കളിലും ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തി. സോണൽ തലത്തിൽ പന്തുക്കുസ്താ അഭിഷേകപ്രാർത്ഥന ജൂൺ 3 ന് കുന്ദമംഗലം ദേവാലയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.

മെയ് മാസം 11 മുതൽ മരുതോങ്കര ദൈവാലയത്തിൽ നടന്ന ബൈബിൾ കൺവെൻഷന് നേതൃത്വം നൽകിയത് ബഹു. ഡൊമിനിക് ഐപ്പൻപറമ്പിൽ അച്ചനും, ടീമംഗങ്ങളുമാണ്. കൺവെൻഷന് നേതൃത്വം നൽകിയവർക്കും പങ്കെ ടുത്തവർക്കും ആത്മനിർവൃതിയുടെ നിമിഷങ്ങളായിരുന്നു. ഇന്ത്യയിൽ നവീക രണം ആരംഭിച്ചതിന്റെ ഗോൾഡൻ ജൂബിലി മെയ് മാസം 27,28,29 ന് നടക്കുന്നു. ഓൺലൈനായി നടക്കുന്ന ശുശ്രൂഷയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**

സോണൽ ആനിമേറ്റർ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## വിധവാ സംഗമം യൂദിത്ത് ഫോറം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരി രൂപതയിലെ എല്ലാ വിധവകളുടെയും സംഗമം മെയ് 24 ന് രാവിലെ 10 മണിക്ക് പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ വച്ച് നടന്നു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. യൂദിത്ത് ഫോറം ഡയറക്ടർ ഫാ. ജോസ് മുഖ്യപ്രഭാഷണം നടത്തി. സി. എം.സി. സന്യാസിനി സമൂഹം പ്രൊവിൻ ഷ്യാൾ സി. പവിത്ര റോസ്, ബഥാനിയ ഡയറക്ടർ ഫാ. ബിനു പുളിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂദിത്ത് ഫോറം ആനിമേറ്റർ സി. റെനി സി.എം.സി സ്വാഗതവും, യൂദിത്ത് ഫോറം തിരുവമ്പാടി ഫൊറോന പ്രസിഡന്റ് മേരി ഓണാട്ട് നന്ദിയും പറഞ്ഞു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് വിവിധ സന്യാസിനി സഹോദരിമാരുടെ നേതൃത്വത്തിൽ 100 പരം വിധവകൾ സമ്മേളനത്തിൽ പങ്കെടുത്തു. വിധവകൾക്കുവേണ്ടിയുള്ള വിധവാ പെൻഷനെപ്പറ്റിയും വിധവകൾക്കു ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളെക്കുറിച്ചും എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, മിസ്റ്റർ വിമൽ എന്നിവർ ക്ലാസ്സുകളെടുത്തു.

## യൂദിത്ത് ഫോറം രൂപതാ സമിതി നിലവിൽവന്നു

താമരശ്ശേരി മരിയൻ പ്രോ-ലൈഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ രൂപതാ സമിതി നിലവിൽവന്നു.

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ |
| ആനിമേറ്റർ | - | സി. റെനി ജോസ് സി.എം.സി |
| പ്രിസിഡന്റ് | - | മേരി പൗലോസ് |
| വൈസ് പ്രസിഡന്റ് | - | ക്ലാരമ്മ പുല്ലാട്ട് |
| സെക്രട്ടറി | - | വിജി കോയിപുറത്ത് |
| ജോ-സെക്രട്ടറി | - | പ്രസന്ന അഴകത്ത് |
| ട്രഷറർ | - | മിനി പുതിയേടത്ത് |

എക്സിക്യുട്ടീവ് അംഗങ്ങൾ

മേരി ഓണാട്ട്
ലീലാമ്മ തുരുത്തിക്കാട്ട്
അന്നമ്മ, മരിയാപുരം
ബീന തോമസ്
ഏലിയാമ്മ വാഴേപ്പടവിൽ

## കൂരാച്ചുണ്ട് ഫൊറോന സംഗമം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കൂരാച്ചുണ്ട് മേഖലയിലെ വലിയ കുടുംബങ്ങളുടെ സംഗമം നടത്തി. രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ അദ്ധ്യക്ഷനായിരുന്നു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മരിയൻ പ്രോ-ലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സ്വാഗതവും മുഖ്യപ്രഭാഷണവും നടത്തി. കെസിബിസി പ്രോ-ലൈഫ് ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടം, രൂപതാ എക്സിക്യുട്ടീവ് അംഗം മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, കെസിബിസി പ്രോ-ലൈഫ് സെക്രട്ടറി ശ്രീമതി സെമിലി അറക്കപറമ്പിൽ ആശംസകൾ അർപ്പിച്ചു. ശ്രീ. അനു കടുകന്മാക്കൽ നന്ദിയും പറഞ്ഞു. വിവിധ ഇടവകകളിൽ നിന്നായി 25 കുടുംബങ്ങളിൽ നിന്നായി 100 പേരോളം പങ്കെടുത്തു. പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും ഡയറക്ടർ ക്യാഷ് അവാർഡ് നൽകി. സമ്മേളനത്തിൽ വച്ച് പുതിയ മേഖല, യൂണിറ്റ്, യൂത്ത് വിംങ്ങ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

## കൂരാച്ചുണ്ട് മേഖല ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | ബിനു താന്നിയാനിക്കൽ |
| വൈസ് പ്രസിഡന്റ് | – | സിനേഷ് കോതമ്പനായി |
| സെക്രട്ടറി | – | അനു കടുകന്മാക്കൽ |
| ജോയിന്റ് സെക്രട്ടറി | – | മിനി ചീരിയിൽ |
| ട്രഷറർ | – | റോയി പ്ലാത്തോട്ടം |

**യൂത്ത് വിംങ്ങ്**

| | | |
|---|---|---|
| പ്രസിഡന്റ് | – | അഭിലാഷ് എട്ടുപുരക്കൽ |
| വൈസ് പ്രസിഡന്റ് | – | പീറ്റർ താന്നിയാനിക്കൽ |
| സെക്രട്ടറി | – | അനു മഠത്തിപറമ്പിൽ |
| ട്രഷറർ | – | ജുവന്റ് മിറ്റത്താനിക്കൽ |

*എക്സിക്യുട്ടീവ് അംഗങ്ങൾ*

1. ഏയ്ഞ്ചൽ റോസ് മുണ്ടനാട്ട്
2. ഏയ്ഞ്ചൽ തോമസ് കറുകപ്പള്ളി
3. ഏയ്ഞ്ചൽ ട്രീസ തോമസ്
4. ഡെൽന മരിയ വിൻസെന്റ്
5. അൽഫോൻസ റോയി

## കൂരാച്ചുണ്ട് ഇടവക ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | – | ബിനു താന്നിയാനിക്കൽ |
| വൈസ് പ്രസിഡന്റ് | – | മിഷ പൂവത്തുങ്കൽ |
| സെക്രട്ടറി | – | റെജി നെടിയപാലയ്ക്കൽ |

| | | |
|---|---|---|
| ജോയിന്റ് സെക്രട്ടറി | - | അനിൽ വടക്കേമുക്കട |
| ട്രഷറർ | - | ജിതിൻ വാളാകുളത്തിൽ |

**കല്ലാനോട് ഇടവക**

| | | |
|---|---|---|
| പ്രസിഡന്റ് | - | അനു കടുകൻമാക്കൽ |
| സെക്രട്ടറി | - | ബിജു മണിയചിരക്കുന്നേൽ |
| ട്രഷറർ | - | ബൈജു വരിക്കാനിക്കൽ |
| ജോയിന്റ് സെക്രട്ടറി | - | ബ്രിജേഷ് ഇളബ്ലാശ്ശേരി |

**ചക്കിട്ടപ്പാറ**

| | | |
|---|---|---|
| പ്രസിഡന്റ് | - | അനീഷ് കൂത്രപ്പള്ളിൽ |
| സെക്രട്ടറി | - | ജയ്സി കെട്ടുപുരക്കൽ |
| ട്രഷറർ | - | വിൻസെന്റ് കിഴക്കേകുടിയിൽ |

## വലിയ കുടുംബങ്ങളുടെ സംഗമം തിരുവമ്പാടി, താമരശ്ശേരി, തോട്ടുമുക്കം എന്നീ ഫൊറോനകളിലെ സംഗമം നടത്തി

ഈ മൂന്ന് ഫൊറോനകളിലെ മഹാസംഗമം തിരുവമ്പാടി ഫൊറോന ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് 22-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തി. തിരുമ്പാടി ഫൊറോന വികാരി റവ. ഫാ. തോമസ് നാഗപറമ്പിൽ അദ്ധ്യക്ഷനായിരുന്നു താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംഗമം ഉദ്ഘാടനം ചെയ്തു. കെസിബിസി ഫാമില കമ്മീഷൻ സെക്രട്ടറി ഫാ. ക്ലീറ്റസ് കതിർപറമ്പിൽ മുഖ്യാതിഥി ആയിരുന്നു. പ്രോ-ലൈഫ് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് സജീവ് പുരയിടം സ്വാഗതം ചെയ്തു. തിരുവമ്പാടി അസി. വികാരി ഫാ. ജോർജ്ജ് പുരയിടം, കെസിബിസി പ്രതിനിധിമാരായ ശ്രീ. ടോമി പ്ലാത്തോട്ടം, ശ്രീമതി സെമിലി സുനിൽ, രൂപതാ വൈസ് പ്രസിഡന്റ് ശ്രീ. എമ്മാനുവൽ എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി ശ്രീ. തോമാച്ചൻ പുത്തൻപുരയ്ക്കൽ നന്ദിയർപ്പിച്ചു. 120 കുടുംബങ്ങളിൽ നിന്നായി 750 ൽ പരം ആളുകൾ സംഗമത്തിൽ പങ്കെടുത്തു. സമ്മേളനത്തിൽ വച്ച് തോട്ടുമുക്കം, താമരശ്ശേരി, തിരുവമ്പാടി മേഖലാ ഭാരവാഹികളെയും പ്രസ്തുത ഫൊറോനകളിലെ ഇടവകകളിൽ നിന്ന് വന്നവരിൽ നിന്ന് ഇടവകാ ഭാരവാഹികളെയും തിരഞ്ഞെടുത്തു. സംഗമത്തിൽ പങ്കെടുത്തവർക്ക് രൂപത ഡയറക്ടർ ക്യാഷ് അവാർഡ് നൽകി. മരിയൻ പ്രോ- ലൈഫിലെ വലിയ കുടുംബങ്ങൾക്ക് വിദ്യാഭ്യാസപരമായും ഹോസ്പിറ്റലുകൾ വഴിയും സാമ്പത്തിക സഹായം നൽകുന്ന സന്യാസിനി സമൂഹങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മെമന്റോകൾ നൽകി ആദരിക്കുകയും അവർ നൽകി വരുന്ന സേവനത്തിനും സഹകരണത്തിനും മരിയൻ പ്രോ-ലൈഫിന്റെ സ്നേഹവും നന്ദിയും അറിയിക്കുകയും ചെയ്തു. ചടങ്ങിൽ എസ്.എച്ച്, സി.എം.സി, എഫ്.സി.സി, എം.എസ്.എം.ഐ, എം.എസ്.ജെ, എസ്.എ.ബി.എസ് എന്നീ സന്യാസിനി സമൂഹങ്ങളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് പങ്കെടുക്കുകയും മരിയൻ പ്രോ-ലൈഫിന് എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കോടഞ്ചേരി ഏരിയ കൗൺസിൽ സന്ദർശനം 15-ാം തീയതി നടത്തുകയുണ്ടായി. സിസി പ്രിസഡന്റും സിസിയുടെ വൈസ് പ്രസിഡന്റും ഏസി പ്രസിഡന്റും ഒരുമിച്ചാണ് സന്ദർശനം നടത്തിയത്. എല്ലാ കോൺഫ്രൻസുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

പതിവുപോലെ രണ്ടാം ശനിയാഴ്ചകളിൽ നടക്കുന്ന സിസി മീറ്റിംങ്ങ് ദേവഗിരി ഓസാനം ഭവനിൽ വച്ച് നടക്കുകയുണ്ടായി. മെയ് 21 ന് നടക്കുന്ന 35-ാമത് വാർഷിക സമ്മേളനം നടക്കുന്നതിനെക്കുറിച്ച് അവലോകനം നടത്തി.

രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത വാർഷിക സമ്മേളനത്തിൽ നാഷണൽ പ്രസിഡന്റും കേരള കോർഡിനേറ്ററും പങ്കെടുത്തു. രൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നുമായി അംഗങ്ങൾ പങ്കെടുത്ത് സമ്മേളനം വിജയകരമാക്കി.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

ബഥാനിയ ധ്യാനകേന്ദ്രത്തിന് മെയ് മാസം തിരക്കിട്ട ശുശ്രൂഷകളുടെ നാളുകളായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന അനേകർ നിറഞ്ഞ സന്തോഷത്തോടെ ശുശ്രൂഷകളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ ഇടയായി.

## ബഥാനിയ ധ്യാനങ്ങൾ

മെയ് മാസത്തിൽ ബഥാനിയായിൽ താമസിച്ചുള്ള അഞ്ച് ധ്യാനങ്ങൾ ഒരുക്കിയിരുന്നു. മെയ് മാസം 1-ാം തീയതി മുതൽ 4-ാം തീയതി വരെ തൃശ്ശൂർ ജോർദ്ദാനിയ ടീം നയിച്ച ക്രിസ്റ്റീൻ ധ്യാനത്തോടെയായിരുന്നു മെയ് മാസത്തിലെ ശുശ്രൂഷകൾ ആരംഭിച്ചത്. തുടർന്ന് കണ്ണൂർ സീയോൻ ടീം മെയ് 17 മുതൽ 20 വരെയും MSMI ടീം 22 മുതൽ 25 വരെയും രണ്ട് ക്രിസ്റ്റീൻ ധ്യാനങ്ങൾ കൂടി നടത്തി. ബഥാനിയാ ടീം നയിച്ച രണ്ട് ജീവിത വിശുദ്ധീകരണ ധ്യാനങ്ങൾ മെയ് 13 മുതൽ 16 വരെയും 27 മുതൽ 30

വരെയും ആയിരുന്നു. ആയിരത്തോളമാളുകൾ ഈ മാസം ബഥാനിയാ യിലെ താമസിച്ചുള്ള ധ്യാനങ്ങളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാനിടയായി.

### ഏകദിന കൺവെൻഷൻ

മെയ് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. പുനരുദ്ധരിക്കപ്പെട്ട ആവേമരിയ ഹാളിൽ നടന്ന ആയിരങ്ങൾ പങ്കെടുത്ത ആദ്യ വെള്ളിയാഴ്ച ശുശ്രൂഷ ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് സമാപിച്ചത്. വിശ്വാസത്തോടെയും ഭക്തിയോടെയും ബഥാനിയായിലെ ശുശ്രൂഷകളിൽ പങ്കെടുക്കുവാനായി കടന്നുവരുന്ന ദൈവമക്കൾക്ക് വെള്ളിയാഴ്ച ശുശ്രൂഷകൾ അനുഗ്രഹത്തിന് കാരണമാകുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം എന്നിവ ഉണ്ടായിരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഉള്ളതുപോലെ സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഒരുക്കപ്പെട്ടിരുന്നു. ഉച്ചകഴിഞ്ഞ് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെയാണ് ശുശ്രൂഷകൾ സമാപിച്ചത്.

### 101 മണിക്കൂർ ആരാധനയും അഖണ്ഡജപമാല സമർപ്പണവും

ഓരോ മാസത്തിലേയും ബഥാനിയാ ശുശ്രൂഷകൾ സമർപ്പിച്ച് നടത്തപ്പെടുന്ന 101 മണിക്കൂർ ആരാധനയും അഖണ്ഡജപമാലയും മെയ് 5-ാം തീയതി രാവിലെ 7 മണി മുതൽ 9-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 വരെയായിരുന്നു. പകലും രാത്രിയുമായി തുടർച്ചയായി 101 മണിക്കൂർ നീളുന്ന മദ്ധ്യസ്ഥപ്രാർത്ഥനാ ശുശ്രൂഷ ബഥാനിയായ്ക്കും ശുശ്രൂഷകൾക്കും കടന്നുവരുന്നവർക്കും അനുഗ്രഹം പ്രാപിക്കുവാൻ സഹായകമാകുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥന

ലോകത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും ബഥാനിയായിൽ സമർപ്പിക്കപ്പെടുന്ന എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും ബഥാനിയ ടീം എല്ലാ ദിവസവും പ്രത്യേകം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി.

**ജൂൺ മാസത്തിലെ പ്രോഗ്രാം**

| | | |
|---|---|---|
| 03 ആദ്യവെള്ളി | – | ഏകദിന കൺവെൻഷൻ |
| 10 വെള്ളി | – | ഏകദിന കൺവെൻഷൻ |
| | | ജീവിതവിശുദ്ധീകരണ ധ്യാനം (10-13) |
| 17 വെള്ളി | – | ഏകദിന കൺവെൻഷൻ |
| | | ബഥാനിയ ശുശ്രൂഷകരുടെ ധ്യാനം (17-19) |
| 24 വെള്ളി | – | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## തിരുവമ്പാടി ഗ്രാമ പഞ്ചായത്തില് ശിൽപ ശാല സംഘടിപ്പിച്ചു

ജൽജീവൻ മിഷന്റെ ഭാഗമായി 21/04/2022 10.30 തോടെ തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ശിൽപശാല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മേഴ്സി പുളിക്കാട്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അധ്യക്ഷൻ ആയിരുന്നു. അധ്യക്ഷ പ്രസംഗത്തിൽ വൈസ് പ്രസിഡന്റ് ജലജീവൻ മിഷനെക്കുറിച്ച് വിവരിക്കുകയുണ്ടായി. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലിസ്സി എബ്രഹാം സ്വാഗതം പറഞ്ഞു. രാഷ്ട്രീയ പ്രതിനിധികൾ ടോമി കൊന്നക്കൻ, മുഹമ്മദ് അലി, കെ. പ്രസാദ്, എന്നിവർ ആശംസകൾ അർപ്പിച്ചു. വാട്ടർ അതോറിറ്റി അസ്സിസ്റ്റന്റ് എൻജിനിയർ അബ്ദുൽ സലാം പദ്ധതിയുടെ വിതരണത്തെകുറിച്ച് വിവരിക്കുക ഉണ്ടായി പുളിമാട് സ്രോതസ്സുകളിൽ നിന്ന് പൈപ്പ്ലൈൻവഴി പഞ്ചായത്ത ടാങ്കിൽ എത്തുകയും അവിടെ നിന്ന് സപ്ലേചെയ്യുകയും ചെയ്യുന്നു. ഉയർന്നപ്രദേശ ത്തേക്ക് ബൂസ്റ്റർ ചെയ്തു വെള്ളം ടാങ്കിലേക്ക് എത്തിച്ചു സപ്ലേ ചെയ്തു ഉപഭോക്താവിന് എത്തിക്കുന്നതിനെ കുറിച്ച് വിവരിച്ചു.

പദ്ധതിയെക്കുറിച്ച് പഞ്ചായത്തിൽ നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ചും, ജനങ്ങൾ പദ്ധതിയെ എങ്ങനെമനസ്സിലാക്കും എന്നതിനെ കുറിച്ചും ISA ചെയ്യേണ്ടകാര്യങ്ങൾ എന്തൊക്കെയാണെന്ന്ബോധ്യപ്പെടുത്തികൊണ്ടും ജൽജീവൻ മിഷൻ പദ്ധതിനടപ്പിലാക്കാൻ വരുന്നതിന്റെ ഗുണത്തെ പറ്റി വിവരിച്ചു കൊണ്ട് നിർവഹണ സമതിയായ COD യുടെ പ്രതിനിധിടീം ലീഡർ റെനി സാബു സംസാരിച്ചു.

## തിരുവമ്പാടി പഞ്ചായത്തിൽ PRA നടത്തി

തിരുവമ്പാടി പഞ്ചായത്തിൽ ജെല്ജീവൻ മിഷന്റെ ഭാഗമായി PRA നടത്തി. പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. COD കോർഡിനേറ്റർ PRA കുറിച് വിവരിച്ചു. വാർഡിലെ മെമ്പർമാരും വാർഡിന്റെ ഭൂമി ശാസ്ത്രം നന്നായി അറിയുന്നവരും പങ്കെടുത്തു.

## കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ PRA നടത്തി

17.5.22 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ജനപങ്കാളിത്ത ഗ്രാമ അവലോകനം (Participatory Rural Appraisal, PRA) സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്നു. ജൽ ജീവൻ മിഷൻ ടീം ലീഡർ ക്രിസ്റ്റീന കുരിയാക്കോസ് സ്വാഗതം ആശംസിക്കുകയും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജെറിന റോയി പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിൽ ആകെയുള്ള 14 വാർഡ് നിന്നുള്ള മെമ്പർമാരും വാർഡിന്റെ ഭൂമിശാസ്ത്രം അറിയുന്ന വ്യക്തികളും പങ്കെടുത്തു. PRA നടത്തിയതുവഴി വാർഡിലെ റോഡുകൾ, വി

ഭവങ്ങൾ, വിളകൾ, സാമൂഹ്യസ്ഥാപനങ്ങൾ, ജലസ്രോതസുകൾ എന്നിവ മനസിലാക്കാൻ സാധിച്ചു.

### പുതുപ്പാടി GVS ഭൗമദിനാചരണം സംഘടിപ്പിച്ചു

സി.ഒ.ഡിയുടെ നേതൃത്വത്തിൽ പുതുപ്പാടി ഗ്രാമവികസന സമിതിയുടെ ഓഫീസിൽ വച്ച് 22.04.2022 ന് ഭൗമദിനത്തെകുറിച്ച് സി.ഒ.ഡി കോർഡിനേറ്റർ ശ്രീ. ജോയി സാർ ക്ലാസ്സ് എടുത്തു. മണ്ണ്, ജലം, വായു ഇവയുടെസംരക്ഷണം, അന്തരീക്ഷ മലിനീകരണത്തിന്റെ ദുരന്തഫലങ്ങൾ, കാലാവസ്ഥവ്യതിയാനം, ജീവിതചര്യയിലുള്ള മാറ്റങ്ങൾ തുടങ്ങിയ വിഷയങ്ങൾ ക്ലാസ്സിൽ ചർച്ചനടത്തി. വിപുലമായ വികസന പ്രവർത്തനങ്ങൾ, പ്രകൃതിവിഭവങ്ങളുടെ അമിത ചൂക്ഷണം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു . പുതുപ്പാടി ഏരിയാ കോർഡിനേറ്റർ ശ്രീമതി ത്രേസ്യാമ്മ തോമസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഓഫീസ് സെക്രട്ടറി ജോയി സ്വാഗതവും നന്ദിയും പറഞ്ഞു.

### ബോധവത്കരണ ക്ലാസ്സ് നടത്തി

ഡ്രഗ്ഗ്സ് ഉപയോഗവും അനന്തരഫലങ്ങളും ചികിത്സയും എന്നവിഷയത്തിൽ മൈലാള്ളാംപാറ സ്കൂളിൽവച്ച് അമ്മമാർക്കായി ബോധവത്കരണ ക്ലാസ്സ് നടത്തി. ഡ്രഗ്സ് ഉപയോഗിക്കുന്ന കുട്ടികളിൽ കണ്ടുവരുന്ന ലക്ഷണങ്ങളും പരിഹാരമാർഗ്ഗങ്ങളും ചികിത്സാരീതിയും അമ്മമാർക്ക് വിവരിച്ച്കൊടുത്തു. കുട്ടികളിൽ പടർന്നുപിടിക്കുന്ന ഡ്രഗ്സിന്റെ ഉപയോഗം കുട്ടികളുടെ ശാരീരികവും മാനസികവും ആയ വളർച്ചയെ ദോഷകരമായി ബാധിക്കുകയും മാതാപിതാക്കൾ അത് കണ്ട്പിടിച്ച് കൃത്യസമയത്ത്തന്നെ ശരിയായ ചികിത്സയും പരിചരണവും സാന്ത്വനവും നൽകണമെന്ന് ക്ലാസ്സിൽ ഉൽബോധിപ്പിച്ചു. കൗൺസിലർ ജോവിൻ, സോഷ്യൽവർക്കർ അമിത എന്നിവർക്ലാസ് എടുത്തു. സി.ഒ.ഡി ഏരിയാ കോർഡിനേറ്റർ ത്രേസ്യാമ്മ അദ്ധ്യക്ഷത വഹിക്കുകയും ജി.വി.എസ് പ്രസിഡന്റ് സബിത ജിജു സ്വാഗതവും എം.സി.സി സെക്രട്ടറി ഡെയ്സി ജോയി നന്ദിയും പറഞ്ഞു.

### ലോകാരോഗ്യദിനം

ലോകാരോഗ്യ ദിനമായ ഏപ്രിൽ 7 ന് വിവിധ സ്ഥലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകളും സെമിനാറും സംഘടിപ്പിച്ചു. പരിയാപുരം, കാറ്റുള്ളമല, ഓടക്കയം, പൂവാറന്തോട് എന്നിവിടങ്ങളിലാണ്‌വിവിധ പരിപാടികൾ സംഘടിപ്പിച്ചത്.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.04.2022 മുതൽ 20.05.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Pulloorampara | 15,000.00 |
| 2 | Valillapuzha | 15,000.00 |

**Home**

| | | |
|---|---|---|
| 3 | Kallanode | 20,000.00 |
| 4 | Kallanode | 20,000.00 |
| 5 | Karingad | 20,000.00 |
| 6 | Kattipara | 8,000.00 |
| 7 | Kodanchery | 20,000.00 |
| 8 | Kodanchery | 15,000.00 |
| 9 | Malaparamba | 15,000.00 |
| 10 | Malaparamba | 15,000.00 |
| 11 | Padathukadave | 10,000.00 |
| 12 | Palloor | 20,000.00 |
| 13 | Panamplave | 15,000.00 |
| 14 | Panamplave | 10,000.00 |
| 15 | Pathirikode | 25,000.00 |

**Medical**

| | | |
|---|---|---|
| 16 | Adackakundu | 15,000.00 |
| 17 | Anackampoil | 15,000.00 |
| 18 | Anackampoil | 15,000.00 |
| 19 | Chakkittappara | 10,000.00 |
| 20 | Cheerattamala | 15,000.00 |
| 21 | Chembukadave | 15,000.00 |
| 22 | Kalikavu | 15,000.00 |
| 23 | Kattipara | 10,000.00 |
| 24 | Kunnamangalam | 8,000.00 |
| 25 | Kuppayakode | 10,000.00 |
| 26 | Manjakunnu | 5,000.00 |
| 27 | Manjakunnu | 10,000.00 |
| 28 | Muthukad | 15,000.00 |
| 29 | Pushpagiri | 15,000.00 |
| 30 | Pushpagiri | 8,000.00 |
| 31 | Thamarassery | 20,000.00 |
| 32 | Thiruvambady | 8,000.00 |
| 33 | Thiruvambady | 8,000.00 |
| 34 | Thiruvambady | 10,000.00 |
| 35 | Valook | 15,000.00 |

**Marriage**

| | | |
|---|---|---|
| 36 | Erude | 20,000.00 |
| 37 | Koorachundu | 10,000.00 |
| 38 | Malaparamba | 20,000.00 |
| 39 | Manjakadave | 25,000.00 |
| 40 | Vilakkamthode | 20,000.00 |
| | **Total** | **5,80,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ഏപ്രിൽ

26 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നൽകി.

കോഴിക്കോട് ക്രിസ്തുദാസി സന്യാസ സഭയുടെ ചേവരമ്പലത്തുള്ള ജനറലേറ്റിൽ ഏതാനും സന്യാസിനികളുടെ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, ഡി.എഫ്.സി. ഭാരവാഹികളുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

27 രാവിലെ, കണ്ണോത്ത് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

പൂളക്കടവ് തിരുഹൃദയ സന്യാസിനീഭവന കപ്പേളയിൽ ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

28 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഒരു മനസ്സമ്മതം ആശീർവദിച്ചു.

29 രാവിലെ, പുന്നയ്ക്കൽ ഇടവകത്തിരുന്നാളിനോടനുബന്ധിച്ച് കൊടിയേറ്റ് നടത്തി, വി. കുർബാനയർപ്പിച്ചു.

കൂടരഞ്ഞി ഇടവകയിലെ പരേതനായ മലപ്രവനാൽ ജോണിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി.

കട്ടിപ്പാറയിൽ പുതുതായി നിർമ്മിക്കുന്ന യു. പി. സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

വൈകുന്നേരം, കെ.സി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് ഫൊറോനയിലെ യുവജനങ്ങൾക്കായി ചെമ്പനോട മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂളിൽ സംഘടിപ്പിച്ച തിയോഫിയാ കൺവെൻഷനിൽ പങ്കെടുത്തവർക്കായി വി. കുർബാനയർപ്പിച്ചു. മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് യുവജനങ്ങളുമായി സംവദിച്ചു.

30 രാവിലെ, ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

കുളത്തുവയൽ, എം.എസ്.എം.ഐ. ജനറലേറ്റ് കപ്പേളയിൽ ഏതാനും സന്യാസിനികളുടെ നിത്യവ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്കും ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കും നേതൃത്വം നൽകി വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, പാത്തിപ്പാറ ഇടവക ദൈവാലയത്തിൽ ഇടവകാ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

## മെയ്

1 രാവിലെ, താമരശ്ശേരി ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

ചുണ്ടത്തുംപൊയിൽ ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

കൈതപ്പൊയിൽ സി.എസ്.ടി. സന്യാസ ഭവനത്തിൽ, സ്ഥലം മാറിപ്പോകുന്ന ബഹു. ജോസ് മേലേട്ടുകൊച്ചിയിൽ അച്ചന് നൽകിയ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം ദേവഗിരി ഇടവക സ്ഥാപനത്തിന്റെ 50-ാം വർഷ സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

2 വൈകുന്നേരം, വി. ഫിലിപ്പ് നേരിയുടെ വിശുദ്ധീകരണത്തിന്റെ 400-ാം വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ ദിവ്യബലിയർപ്പിച്ചു.

3 രാവിലെ, പൂതംപാറ ഇടവകയിൽ പരേതനായ തോമസ് കട്ടക്കയത്തിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. തുടർന്ന് കുടിയേറ്റ പിതാക്കന്മാരുടെ പാവനസ്മരണയ്ക്കായി പണികഴിപ്പിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ വെഞ്ചരിപ്പും നിർവ്വഹിച്ചു.

രൂപതാഭവനിൽ വെച്ച് നടന്ന രൂപതയിലെ സന്യാസ ഭവനങ്ങളിലെ മേജർ സൂപ്പീരിയർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

4 കൂടത്തായി ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ സി.എം.സി. സന്യാസിനി സഭയിലെ ഒരു അർത്ഥിനിയുടെ വ്രതവാഗ്ദാനത്തോടനുബന്ധിച്ചും ഏതാനും സന്യാസിനികളുടെ വ്രത വാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലിയോടുമനുബന്ധിച്ചുള്ള ദിവ്യബലിയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കൂടരഞ്ഞിയിൽ പുതുതായി നിർമ്മിച്ച പ്രൈമറി സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

5 രാവിലെ, കക്കാടംപൊയിൽ ഇടവകയിൽ വിൻസെൻഷ്യൻ സന്യാസ സഭയിൽപ്പെട്ട ഡീക്കൻ കുര്യൻ കുരീക്കാട്ടിലിന് വൈദികപട്ടം നൽകി.

കൂടരഞ്ഞിയിൽ, വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്ത പുതിയ പ്രൈമറി സ്കൂൾ ബിൽഡിങ്ങിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ്, പെരുവണ്ണാമൂഴിയിൽ നവീകരിച്ച ശാലോം ടൈംസിന്റെ ഓഫീസും, ക്ലിനിക്കും വെഞ്ചരിച്ചു.

6 രാവിലെ, പൂളക്കടവ് തിരുഹൃദയ സന്യാസിനീഭവന കപ്പേളയിൽ സുപ്പീരിയേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചവർക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

7 രാവിലെ, ചെമ്പുകടവ് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യപട്ടം സ്വീകരിക്കുന്ന ഡീക്കൻ സെബാസ്റ്റ്യൻ മറ്റപ്പള്ളിയ്ക്ക് വൈദികപട്ടം നൽകി.

വൈകുന്നേരം, രൂപതാഭവനിൽ നിന്നും സ്ഥലം മാറുന്ന പ്രൊക്കുറേറ്റർ ബഹു. മാത്യു പുളിമൂട്ടിലച്ചനും മറ്റുള്ളവർക്കും നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

8 രാവിലെ, പശുക്കടവ് ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു. സെമിത്തേരിയിൽ പുതുതായി നിർമ്മിച്ച കല്ലറകൾ വെഞ്ചരിച്ചു.

മരുതോങ്കര ഇടവക ദൈവാലയത്തിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

9 രാവിലെ, അശോകപുരം ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

10 രാവിലെ, പാറോപ്പടി ഇടവകയിൽ എം.എസ്.എം.ഐ. സന്യാസ സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

വൈകുന്നേരം, തിരൂർ സേക്രഡ് ഹാർട്ട് കോൺവെന്റിൽ തിരുഹൃദയ സന്യാസ സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

11 രാവിലെ, കോഴിക്കോട് ദീപിക യൂണിറ്റിലെ ജീവനക്കാരുടെ മീറ്റിങ്ങിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകുന്നേരം, മരുതോങ്കര ഫൊറോന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് വി. കുർബ്ബാനയർപ്പിച്ചു.

12 രാവിലെ എറണാകുളം തൊട്ടാറ ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

13 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ സ്വമാതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

തിരുവമ്പാടി ദൈവാലയത്തിലേക്ക് പുതുതായി നിർമ്മിച്ച റോഡ് ഉദ്ഘാടനം ചെയ്തു.

തിരുവമ്പാടി ഇടവകയിൽ 'നല്ലിടയൻ' പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ആട് വിതരണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്തു.

പബ്ലിക്ക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

14 രാവിലെ, വലിയകൊല്ലി ഇടവകയിൽ വിൻസെൻഷ്യൻ സന്യാസ സഭയിൽപ്പെട്ട മ്ശംശാന മാത്യു കുളങ്ങരതൊട്ടിയിലിന് വൈദികപട്ടം നൽകി.

തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്ന എസ്. എം. വൈ. എം. വനിതാ സംഗമത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

15 രാവിലെ, കേരള വനം വകുപ്പ്, വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. ഏ. കെ. ശശീന്ദ്രനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

കുപ്പായക്കോട് ഇടവകയിൽ ഏതാനും കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

16 രാവിലെ, പനംപ്ലാവ് ഇടവകയിൽ ഒരു സഹോദരിയുടെ 41-ാം ചരമ ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പ്രവിശ്യാ ഭവനത്തിൽ ഒരു അർത്ഥിനിയുടെ പ്രഥമ വ്രതവാഗ്ദാനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

17 രാവിലെ, പന്തല്ലൂർ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പെരിന്തൽമണ്ണ ഫൊറോനയിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം പെരിന്തൽമണ്ണയിൽ ഉദ്ഘാടനം ചെയ്തു.

18 രാവിലെ, താമരശ്ശേരി ഫൊറോനയിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്തു.

19 രാവിലെ, താമരശ്ശേരി രൂപതയ്ക്ക് വേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന സെമിനാരിക്കാരുടെ സംഗമത്തോടനുബന്ധിച്ച് സെന്റ് അൽഫോൻസ മൈനർ സെമിനാരിയിൽ അവർക്കുവേണ്ടി കുർബാനയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും പരിശീലന പുരോഗതി വിലയിരുത്തുകയും ചെയ്തു.

20 രാവിലെ, തിരുവമ്പാടി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

തിരുവമ്പാടി ഫൊറോനയിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം തിരുവമ്പാടിയിൽ ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി മൈനർ സെമിനാരിയിലേക്ക് ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചവരുമായി കൂടിക്കാഴ്ച നടത്തി.

21 രാവിലെ, കുന്ദമംഗലം ഇടവകയിലെ പാരീഷ് ഹാളിൽ വിൻസെന്റ് ഡി. പോൾ സൊസൈറ്റിയുടെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു.

മാന്തവാടി രൂപതയിലെ കണിയാരം ഇടവകയിൽ ഒരു കുട്ടിയ്ക്ക് ആദ്യകുർബ്ബാന നല്കി.

22 രാവിലെ, കുളത്തുവയൽ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

തിരുവമ്പാടിയിൽ പ്രൊ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നാലും അതിൽക്കൂടുതൽ മക്കളുള്ളവരുടെയും സംഗമം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരിയിൽ നിര്യാതയായ, ആരാധനാ സന്യാസിനീ സമൂഹാംഗം സി. മാഗ്ദെലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കത്തീഡ്രൽ ദൈവാലയത്തിൽ നേതൃത്വം നല്കി.

23 രാവിലെ, ചക്കിട്ടപാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

മരുതോങ്കരയിൽ വെച്ച് നടന്ന, മരുതോങ്കര, കൂരാച്ചുണ്ട്, വിലങ്ങാട് ഫൊറോന കളിലെ വിശ്വാസ പരിശീലകരുടെ യേശു അനുഭവ ധ്യാന സംഗമം ഉദ്ഘാടനം ചെയ്തു.

കൂടരഞ്ഞി ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതാഭവനിൽ വെച്ച് കെ.സി.വൈ.എം - എം.സി. വൈ.എം. രൂപതാതലത്തിൽ നടത്തിയ നറുക്കെടുപ്പിൽ സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.


24 രാവിലെ, വിളക്കാംതോട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ബഥാനിയായിൽ മരിയൻ പ്രോലൈഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിധവക ളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന വിധവാ സംഗമം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി കത്തീഡ്രൽ പാരീഷ് ഹാളിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ 6-ാം വാർഷികസംഗമവും, ലീഡേഴ്സ് മീറ്റിംഗും ഉദ്ഘാടനം ചെയ്തു.

25 രാവിലെ, തിരുവമ്പാടി ഇടവക ദൈവാലയത്തിൽ സി.എം.സി. സന്യാസിനീ സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചയ്ക്ക് ശേഷം, വിലങ്ങാട് ഇടവകയിൽ പുതുതായി നിർമ്മിച്ച എൽ.പി., യു.പി., ഹൈസ്ക്കൂൾ  ബിൽഡിംഗിന്റെ വെഞ്ചരിപ്പ് നടത്തി.





# Pope's June prayer intention: 'For families'



Pope Francis releases his prayer intention for June 2022, and urges Catholics to pray for all families during the month in which Rome hosts the 10th World Meeting of Families.

"There is no such thing as a perfect family. There are always 'buts.'' Pope Francis made that affirmation in The Pope Video released on Thursday to promote his prayer intention for June. Yet, he added, "that doesn't matter. We shouldn't be afraid of mistakes; we have to learn from them so we can move forward."

United in the family

As the Church prepares to gather in Rome on 22-26 June for the 10th World Meeting of Families, Pope Francis upheld the family and urged all Catholics to pray for them.

"The family is the place where we learn to live with one another, to live with young people and with those who are older. And by being united in our differences—young people, the elderly, adults, children—we evangelize with our example of life."

God offers path of holiness in families

The Pope recalled that God is always with us, in our neighborhood, cities, and daily life.

"And He takes care of us," said Pope Francis. "He remains with us at all times in the swaying of the boat tossed by the sea: when we argue, when we suffer, when we're joyful, the Lord is there and accompanies us, helps us, and corrects us."

At the same time, he said, love within the family offers a "personal path of holiness." "Let us pray for Christian families around the world. May each and every family embody and experience unconditional love and advance in holiness in their daily lives."

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-05-2022 |




**ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ;**
**അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.**


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 06, June 2022, Pages 100.